# സത്യദൂതൻ

2022 മാർച്ച് | ലക്കം 03

വില ₹ 30



**മുസ്‌ലിം ആരാധനാലയങ്ങൾ: സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഗേഹങ്ങൾ**

---

**ഹിജാബ് വിവാദം**

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




**Quran**
Read the Holy Quran in easy Yassarnal Quran Font




**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages



**Sermons**
Huzoor's Friday Sermons In 15 languages




**MTA**
Watch MTA Live, view Schedule and much more



**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at
alislam.org/apps
or scan the QR code below






The Sathyadoothan Monthly

لا إله إلا الله محمد رسول الله

# സത്യദൂതൻ


2022 മാർച്ച്
ഹി.ശ.1402- അമാൻ
1443 റജബ് - ശഅ്ബാൻ
പുസ്തകം 94 ലക്കം 03
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്ബ സംഗ്രഹം
**മുസ്‌ലിം ആരാധനാലയങ്ങൾ: സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഗേഹങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖ്ലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2018 ഒക്ടോബർ 20-ാം തിയതി അമേരിക്കയിലെ ബാൾട്ടിമോറിൽ മസ്ജിദ് ബൈത്തുസ്സമദിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് നടത്തിയ പ്രഭാഷണം.
മൊഴിമാറ്റം: സഫ്‌വാൻ വാഴക്കാല

**11**
**വിജയം**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**13**
ആദ്: മരുക്കാറ്റിൽ തിരോഭവിച്ച അറേബ്യൻ ജനത -2
**അഹ്ഖാഫും റുബുഉൽ ഖാലിയും**
എ.എം. മുഹമ്മദ് സലീം

**17**
**ദൈവവിധിയും പ്രവർത്തന സ്വാതന്ത്ര്യവും**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**20**
**സൂര്യമാതൃകയിൽ പുതിയ ഊർജ്ജസ്റോതസ്സ്**
താരീഖ് അലനല്ലൂർ

**23**
**ക്രിസ്ത്യാനികളുമായുള്ള മുസ്‌ലിംകളുടെ സംവാദങ്ങൾ നിഷ്ഫലമാകുന്നതെന്ത്കൊണ്ട്?**
ഇബ്നു അബ്ദുല്ല

**25**
**ഹദ്റത്ത് അഹ്മദി(അ)ന്ന് പ്രതിഭാശാലികളുടെ പുരസ്ക്കാരങ്ങൾ**
മുഹമ്മദ് ഉമർ

**33**
ഭാഗം - 25
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
**(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))**
ഇബ്നു വഫാ ബേപ്പൂർ

**39**
കുറിപ്പുകൾ
**ഹിജാബ് വിവാദം**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

അന്ന് അവരിൽ ചിലരെ മറ്റു ചിലർക്കെതിരിൽ തിരമാലകൾ കണക്കെ അടിച്ചു കയറുന്നവരായി നാം വിടുന്നതാണ്. കാഹളത്തിൽ ഊതപ്പെടുകയും എന്നിട്ട് നാം അവരെയെല്ലാവരെയും ഒരുമിച്ചുകൂട്ടുകയും ചെയ്യും. അന്നാളിൽ അവിശ്വാസികളുടെ മുന്നിൽ നരകത്തെ ശരിയാംവണ്ണം നാം പ്രദർശിപ്പിക്കും. (8:100)





## നബിവചനം

ഒറ്റക്കണ്ണനായ പെരുംനുണയനെ(ദജ്ജാൽ) പറ്റി തന്റെ ജനത്തോട് ഭയപ്പെടുത്തി പറയാത്ത ഒരു നബിയും കഴിഞ്ഞു പോയിട്ടില്ല. ദജ്ജാൽ മഴപെഴിക്കാൻ ഭൂമിയോട് കൽപ്പിച്ചാൽ ആകാശം വെള്ളം ചൊരിയുകയും മുളപ്പിക്കുക എന്ന് ഭൂമിയോട് പറയുമ്പോൾ മുളപ്പിക്കുകയും ചെയ്യും അവൻ പാഴ്ഭൂമിയിൽ കൂടി നടക്കുമ്പോൾ നിന്റെ നിക്ഷേപങ്ങൾ പുറത്ത്കൊണ്ട് വരിക എന്ന് അവനോട് പറയുകയും നിക്ഷേപങ്ങൾ പുറത്തവന്ന് അവനെ പിന്തുടരുകയും ചെയ്യും (മിശ്ക്കാത്ത്)

## വാഗ്ദത്ത മസീഹിന്റെ വചനം



വാഗ്ദത്ത മസീഹിന്റെ കാലത്ത് വെളിപ്പെടാൻ വിധിക്കപ്പെട്ട ആ വിപത്തു കളിൽ ഏറ്റവും വലുത് യഅ്ജൂജ് മഅ്ജൂജിന്റെയും ശപിക്കപ്പെട്ട പിശാചിന്റെയും പുറപ്പാട് ആകുന്നു. അവൻ മുസൽമാന്മാരെ പരീക്ഷിക്കാൻ വേണ്ടി, പ്രിയങ്കരനായ ദൈവത്തിൽ നിന്നുള്ള അകൽച്ചയുടെയും അനുസരണക്കേടിന്റെയും കാലത്ത് പ്രത്യക്ഷപ്പെടുന്നതും മുസൽമ്മാന്മാരെ സംബന്ധിച്ചേടത്തോളം കഠിന കഷ്ടപ്പാടുകൾക്ക് കാരണമായി തീരുന്നതുമായിരിക്കും. എപ്രകാരം യഹൂദികൾക്ക് ചരിത്രപരമായ കഷ്ടപ്പാടുകൾ വന്നിറങ്ങിയോ അപ്രകാരം തന്നെ മുസ്‌ലിംകളിലും (വാഗ്ദത്ത മഹ്ദിയെ കഠിനമായ ദുഃഖമേൽപ്പിച്ചതു കാരണം) കടുത്ത കഷ്ടപ്പാടുകൾ ഇറങ്ങുന്നതായിരിക്കും.

യഅ്ജൂജ് മഅ്ജൂജ് തങ്ങളുടെ യുദ്ധങ്ങളിലും കണ്ടുപിടുത്തങ്ങളിലും അഗ്നി അഥവാ തീ ഉപയോഗപ്പെടുത്തുന്ന രണ്ട് ജനതകളാണെന്ന് അറിഞ്ഞു കൊൾവീൻ. ഈ രണ്ടു ശക്തികളും തീ ഉപയോഗിക്കുന്നത് കൊണ്ടാണ് അവർക്ക് യഅ്ജൂജ് എന്ന പേര് ഉണ്ടായത്. തീജ്ജ്വാലകളുയർത്തുക എന്നത് അഗ്നിയുടെ ഗുണമാണല്ലോ. അവരുടെ യുദ്ധങ്ങളിൽ അഗ്നിയുടെ അടിസ്ഥാന ഗുണങ്ങൾ ഉപയോഗപ്പെടുത്തുന്നതിനാൽ അവർ ലോകത്തുള്ള എല്ലാ ജനതകളെയും മറച്ചു കളയുന്നതും അവരെ യാതൊരു പർവ്വതത്തിന്നും കടലിനും തടയാനാകാത്തതുമത്രെ. രാജക്കന്മാർ(രാഷ്ട്രതലവന്മാർ) അവരുടെ മുമ്പാകെ അനുസരണത്തിന് നിർബന്ധിതരായിത്തീരുന്നതുമാണ്. (ഖുത്ബ ഇൽഹാമിയ്യ)

എഡിറ്റോറിയൽ


# യുദ്ധത്തിന്റെയും യുദ്ധശ്രുതികളുടെയും കാലം

അശാന്തമാണ് ലോകം. മഹാമാരികളുടെ തരംഗങ്ങൾ ഒന്നിനു പിറകെ മറ്റൊന്നായി വരുന്നു. സാമ്പത്തിക അസ്ഥിരതകൊണ്ട് സാമൂഹിക മണ്ഡലമാകെ കലുഷിതമാണ്. ആതുരതയുടെയും വറുതിയുടെയും ഈ ആഗോള പരിസരത്ത് നിന്നും ഇപ്പോൾ യുദ്ധത്തെകുറിച്ചും യുദ്ധശ്രുതികളെകുറിച്ചുമാണ് കേൾക്കുന്നത്. രാജ്യങ്ങളെല്ലാം പരസ്പരം പടപ്പുറപ്പാടിന്നുള്ള സന്നാഹമൊരുക്കുകയാണ്. മതഗ്രന്ഥങ്ങളിൽ പറയപ്പെട്ട യുഗാന്ത്യസംഭവങ്ങളുടെ പേറ്റുനോവാണിതെന്ന് പ്രമാണങ്ങളുടെ വെളിച്ചത്തിൽ നോക്കുന്നവർക്ക് നോക്കിക്കാണാൻ സാധിക്കും.

അവസാനകാലത്ത് ഏകമാത്രദൃഷ്ടിയോടെ ഭൗതികാർത്ഥരായി ലോകത്ത് ആവിർഭവിക്കുന്ന ഒരു നാഗരികതയെ സംബന്ധിച്ചാണ് റസൂൽ തിരുമേനി (സ) നിരവധി ഹദീസുകളിൽ പ്രവചിച്ചിട്ടുണ്ട്. **'ഒറ്റക്കണ്ണനായ പെരുംനുണയനെ (ദജ്ജാൽ) പറ്റി തന്റെ ജനതയോട് ഭയപ്പെടുത്തി പറഞ്ഞിട്ടില്ലാത്ത ഒരു നബിയും കഴിഞ്ഞു പോയിട്ടില്ല.' (മിശ്ക്കാത്ത്)** അന്തിക്രിസ്തു, കലി എന്നെല്ലാം പേരുള്ള അധിനിവേശ പ്രവണതയുള്ള ഈ ജനതയാണ് ഇക്കാലത്തെ പാശ്ചാത്യ നാഗരികത. യഅ്ജൂജ് മഅ്ജൂജ് എന്നീ രണ്ട് ശാക്തിക ചേരികളായി അവർ പിരിയുന്നു. അവർ തമ്മിലുള്ള ശാക്തിക സംന്തുലനത്തെ കുറിച്ചും .ഖുർആൻ പറയുന്നു: **'അല്ലാഹു മനുഷ്യരെ അവരിൽ ചിലരെ ചിലരെക്കൊണ്ട് തടയുന്നില്ലായിരുന്നുവെങ്കിൽ ഭൂതലം കുഴപ്പത്തിൽ ആപതിക്കുമായിരുന്നു' (2:152)**

ആ ശാക്തിക സംന്തുലനം വിട്ടു പരസ്പരം കലഹത്തിലേക്കും യുദ്ധത്തിലേക്കും രാജ്യങ്ങളും രാജ്യസഖ്യങ്ങളും പോകുന്ന ഒരു കാലത്തെപറ്റിയും ഖുർആൻ പറയുന്നു. **'ഭൂമിയിൽ വസിക്കുന്നവരെ (പരസ്പരം കലഹിക്കാൻ) പുറപ്പെടുന്നവരായി നീ കാണുകയും നാം അവരെ ഒരുമിച്ചു കൂട്ടുകയും ചെയ്യുന്ന നാളിൽ അപ്പോൾ ഒരാളെയും നാം വിട്ടുകളയുകയില്ല.'(18:48)** ബൈബിൾ പറയുന്നു **'നിങ്ങൾ യുദ്ധങ്ങളെ കുറിച്ചും യുദ്ധ ശ്രുതികളെകുറിച്ചും കേൾക്കും.......ജാതി ജാതിയോടും ജനത ജനതയോടും ഏതിർക്കും .... എങ്കിലും ഇതൊക്കെയും ഈറ്റു നോവിന്റെ ആരംഭമത്രെ' (മത്താ: 24: 6, 7)** മഹാഭാരതം വനപർവ്വം 188-ാം അദ്ധ്യായത്തിൽ മാർക്കണ്ഡേയ മുനി കലിയുഗത്തെ പറ്റി സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ധർമ്മഭ്രംശത്തിന്റെ ആ കാലഘത്തിൽ ഒരു പാട് ദുഷ്കൃതികളെ കുറിച്ച് പ്രതിപാദിക്കുന്നു. സാർവ്വത്രികമായ കൊലപാതകം (യുദ്ധം) അക്കാലത്തെ പ്രത്യേകതയായിരിക്കും എന്നാണ് പ്രവചനം.

നശ്വരമായ ഈ ലോകത്ത് ഭൗതിക വിഭവങ്ങൾ കൈയ്യടക്കാൻ വൻ ശക്തികൾ തമ്മിൽ പരസ്പരം മത്സരിക്കുന്ന കാഴ്ച്ചയാണ് നാം കാണുന്നത്. ഭൂമിയിലെ ജീവജാലങ്ങളെ മുഴുവൻ പലവട്ടം നശിപ്പിക്കാൻ ശേഷിയുള്ള മാരകമായ ആണവായുധങ്ങളുമായി സംഹാത്മകമായ സായുധമത്സരങ്ങൾക്ക് ലോകം വേദിയാവുകയാണ്. ഇത് സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു: **ഭൗതിക നേട്ടങ്ങളുടെ വർദ്ധനവിന് വേണ്ടിയുള്ള മാത്സര്യം നിങ്ങളെ അശ്രദ്ധനാക്കിയിരിക്കുന്നു. നിങ്ങൾ (സർവ്വനാശത്തിന്റെ) ശ്മശാനങ്ങൾ സന്ദർശിക്കുന്നത് വരെ. തീർച്ചയായും നിങ്ങൾ നരകത്തെ കാണും. (102:2-7)** ലോകം പലവട്ടം നശിപ്പിക്കാനുതകുന്ന മാരകമായ ആണവായുധങ്ങൾ കൈവശമുള്ള ശാക്തിക ചേരികൾ തങ്ങളുടെ പിന്നിൽ രാജ്യങ്ങളെ അണിനിരത്തി യുദ്ധോത്സുകരായി നിൽക്കുകയാണ്. മനുഷ്യൻ ഇത്വരെ കെട്ടിപ്പൊക്കിയ നാഗരികതയുടെ അലംങ്കാരങ്ങളെല്ലാം തകർത്ത് അതൊരു പാഴ്നിലമാകുന്ന ഒരു നാളിനെ കുറിച്ച് ഖുർആൻ മുന്നറിയിപ്പ് നൽകുന്നു. **'തീർച്ചയായും ഭൂതലത്തിലുള്ള എല്ലാ വസ്തുക്കളെയും നാം അതിന് ഒരു അലങ്കാരമാക്കി വച്ചിരിക്കുന്നു. ഏറ്റവും നന്നായി പ്രവർത്തിക്കുന്നത് ആരാണെന്നറിയാൻ' (18:8)** അല്ലാഹു നമ്മളെ എല്ലാ വിപത്തുകളിൽ നിന്നും രക്ഷിക്കട്ടെ.



ഹദ്റത്ത് അഹ്മദ് (അ)

# യുഗാന്ത്യ സംഭവങ്ങൾ

വിശുദ്ധ ഖുർആനിൽ എഴുതപ്പെട്ട ഈ വിവരങ്ങളെല്ലാം വാഗ്ദത്ത മസീഹിന്റെ ആഗമന കാലത്തിലേക്ക് വിരൽ ചൂണ്ടുന്നു, 'യഅ്ജൂജ് മഅ്ജൂജിന്റെ' വിവരങ്ങൾക്ക് കീഴിൽ ഇതെഴുതിയിട്ടുള്ളതും അതുകൊണ്ടു തന്നെയാകുന്നു. യഅ്ജൂജ് മഅ്ജൂജ്(Gog Magog) രണ്ടു ജനതകളാണ്. അതിനെ പറ്റി പൂർവ്വിക ഗ്രന്ഥങ്ങളിലും പ്രതിപാതിച്ചിട്ടുണ്ട്. അവർ 'അജീജ്' അതായത് അഗ്നികൊണ്ട് പലതും കാട്ടികൂട്ടും എന്നതിനാലാണ് ഈ പേർ അവർക്ക് ലഭിച്ചത്. ഭൂമിയിൽ അവർക്ക് വലുതായ വിജയങ്ങൾ ലഭിക്കും. എല്ലാ ഉയരങ്ങളുടെയും ഉടമസ്ഥരായി തീരും അവർ. അപ്പോൾ അതേ കാലത്ത് തന്നെ സ്വർഗ്ഗത്തിൽ നിന്നും വലുതായ പരിവർത്തനങ്ങൾക്കും ഏർപ്പാടുകളും സജ്ജമാകും. സമാധാനത്തിന്റെയും ശാന്തിയുടെയും ദിനം വെളിപ്പെടുമാറാകും. ഭൂമിയിൽനിന്നും പല പല ഖനിജങ്ങളും ഗുപ്തവസ്തുക്കളും അക്കാലത്ത് പുറത്ത് വരുമെന്ന് വിശുദ്ധ ഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നു. ആ നാളുകളിൽ ആകാശത്ത് സൂര്യ ചന്ദ്ര ഗ്രഹണങ്ങളുണ്ടാകും ഭൂമിയിൽ പ്ലേഗ് ധാരാളമായി പടർന്ന് പിടിക്കും. ഒട്ടകം നിഷ്പ്രയോജനകരമായി ഭവിക്കും. എന്നുവെച്ചാൽ ഒട്ടകങ്ങളെ നിഷ്പ്രയോജനമാക്കുന്ന മറ്റൊരു യന്ത്രം ഉണ്ടാക്കപ്പെടും. അതു ഇപ്പോൾ നാം നോക്കി കാണുന്നുവല്ലോ. പണ്ടു ഒട്ടകം മുഖേന കടത്തിപോന്ന കച്ചവടച്ചരക്കുകളെല്ലാം ഇപ്പോൾ റയിൽ മാർഗ്ഗമായി മാറിയിരിക്കുന്നു. ഹജ്ജ് ചെയ്യുന്നവർ മദീനാ മുനവ്വറയിലേക്ക് റയിൽ മാർഗ്ഗം സഞ്ചരിച്ചെത്തുന്ന കാലം സമീപസ്ഥമാണ്. ***വലയുത്റകന്നൽ ഖിലാസു ഫലായുസ്ആ അലൈഹാ***(മുസ്ലിം, കിതാബുൽ ഈമാൻ)

ചുരുക്കത്തിൽ അവസാന നാളുകളുടെ ഈ അടയാളങ്ങല്ലാം വെളിപ്പെട്ടുകഴിഞ്ഞിരിക്കുമ്പോൾ ലോകത്തിന്റെ കാലചക്രത്തിൽങ്ങളിൽ ഇത് അവസാനത്തെ കാലചക്രമാണെന്ന് സ്ഥാപിക്കപ്പെടുന്നു. ദൈവം ആറു ദിവസങ്ങൾ ഉണ്ടാക്കി. ഓരോ ദിവസവും ആയിരം കൊല്ലങ്ങളാണെന്നും നിശ്ചയിക്കുകയും ചെയ്തു. ഇതനുസരിച്ച് ലോകത്തിന്റെ വയസ്സ് ഏഴു ആയിരം ആണെന്നത് ഖുർആന്റെ ഖണ്ഡിത വചനമാണെന്ന് വ്യക്തമായി . ദൈവം ഒറ്റയാകുന്നു അതു കൊണ്ട് ഒറ്റയെ അവൻ ഇഷ്ടപ്പെടുകയും ചെയ്യുന്നു. ഏഴു ദിവസം ഒറ്റയിൽ സൃഷ്ടിച്ചത് പ്രകാരം തന്നെ ഏഴ് ആയിരവും ഒറ്റയാകുന്നു. ഈ കാരണങ്ങളാലും ഇത് അവസാനത്തെ കാലവും ലോകത്തിന്റെ അവസാനത്തെ കാലചക്രമാണെന്നും അതിന്റെ തലക്കൽ ആണ് ദൈവിക ഗ്രന്ഥങ്ങൾ പ്രകാരം മസീഹ് വരേണ്ടതെന്നും സ്ഥാപിക്കപ്പെടുന്നു. നവാബ് സിദ്ദീഖ് ഹസ്സൻ ഖാൻ തന്റെ ഹുജ്ജത്തുൽ കിറാമ എന്ന ഗ്രന്ഥത്തിൽ ഇസ്ലാമിൽ കടന്നു കഴിഞ്ഞ എല്ലാ അഹ്ലുൽ കശ്ഫുകാരും (കശ്ഫ് അഥവാ ദിവ്യദർശനങ്ങളാൽ അനുഗ്രഹിക്കപ്പെട്ടവർ) മസീഹ് മഊദിന്റെ കാലം നിശ്ചയിക്കുന്നതിൽ പതിനാലാം നൂറ്റാണ്ടിന്റെ തുടക്കത്തിന്നപ്പുറം കടന്നിട്ടില്ല. അപ്പോൾ ഇവിടെ വാഗ്ദത്ത മസീഹിന്റെ ഈ ഉമ്മത്തിൽ സമുദായത്തിൽ-നിയോഗിച്ചയച്ചതിന്നുള്ള കാരണം എന്തായിരുന്നുവെന്ന് സ്വാഭാവികമായും ചോദ്യം ഉദ്ഭവിക്കുന്നുണ്ട്. ഇതിന്നുള്ള ഉത്തരം ഇതാണ്. തിരുനബി(സ) തന്റെ നുബുവ്വത്ത് കാലത്തിന്റെ ആദ്യത്തിലും അവസാനത്തിലുമായി ഹദ്റത്ത് മൂസാനബി (അ) ന്റെ നുബുവ്വത്ത് കാലത്തിന്റെ സദൃശനായിരിക്കുമെന്ന് വിശുദ്ധ ഖുർആനിൽ വാഗ്ദത്തം ചെയ്യപെട്ടിരിക്കുന്നു. ആ സാദൃശ്യത്തിലെ ഒരു വശം പൂർത്തിയായത് തിരുനബി (സ) യുടെ കാലം തന്നെയായിരുന്ന ആദ്യത്തെ കാലഘട്ടത്തിൽ ആയിരുന്നു മറ്റൊന്ന് അവസാന കാലഘട്ടത്തിലും. അങ്ങിനെ ആദ്യത്തെ സാദൃശ്യം ഇപ്രകാരം പൂർത്തിയായി, എപ്രകാരം ഹദ്റത്ത് മൂസാ നബി (അ) ഫിർഔന്നും അയാളുടെ സൈന്യത്തിന്നും മേൽ വിജയം നൽകിയോ അപ്രകാരം തന്നെ തിരുനബി(സ) ഒടുവിൽ അബൂജഹലിന്റെ അതായത് അക്കാലത്തെ ഫിർഔന്റെയും അയാളുടെ സൈന്യത്തിന്റെയും മേൽ വിജയം നൽകുകുകയും എല്ലാവരുരെയും നശിപ്പിച്ചു കൊണ്ട് ഇസ്ലാമിനെ അറബ് ഉപദ്വീപിൽ ഉറപ്പിക്കുകയുമുണ്ടായി. ഈ ദൈവിക സഹായം മുഖേന ***'ഫിർഔന്റെ അടുക്കലേക്ക് നാം ഒരു ദൂതനെ അയച്ചത് പോലെ നിങ്ങൾക്ക് സാക്ഷിയായി നിങ്ങളിലേക്ക് ഒരു ദൂതനെ നാം അയച്ചിരിക്കുന്നു'*** *(73:16)*

അവസാന കാലത്ത് ഈ സാദൃശ്യം ഇപ്രകാരമാണ് പുലർന്നിരിക്കുന്നത്. മൂസാ നബി(അ)യുടെ ജനതയുടെ അവസാനകാലത്ത് ജിഹാദിന്റെ എതിരാളിയും മതപരമായ പോരാട്ടത്തിൽ യാതൊരു താൽപര്യമില്ലാത്ത, ക്ഷമയും സഹനവും മാത്രം ഉപദേശിച്ച ആളായിരുന്ന ഒരു നബിയെ നിയോഗിച്ചു. ബനീ ഇസ്രായീലിന്റെ ധാർമ്മികത വളരെയേറെ മോശമാവുകയും അവരുടെ ചലനങ്ങളിൽ വളരെയേറെ വൈരുദ്ധ്യങ്ങൾ പ്രകടമാവുകയും ചെയ്തപ്പോൾ അവരുടെ രാജത്വങ്ങൾ അസ്തമിച്ചു തുടങ്ങുകയും ചെയ്തിരുന്നു. അവർ റോമാ ഭരണത്തിന്നു കീഴിലായി. ഹദ്റത്ത് മൂസാ നബി (അ) ന്ന് ശേഷം 14 നൂറ്റാണ്ടു കൃത്യം പൂർത്തിയായപ്പോഴാണ് അദ്ദേഹം വെളിപ്പെട്ടത്. (ലക്ചർ സിയാൽകോട്ട്)

അമീറുൽ മുഅ്മിനീൻ ഖ്ലീഫത്തുൽ മസീഹ് ഹദ്റത് മിർസ മസ്റൂർ അഹ്മദ് (അയ്യദഹു) 2018 ഒക്ടോബർ 20-ാം തിയതി അമേരിക്കയിലെ ബാൾട്ടിമോറിൽ മസ്ജിദ് ബൈത്തുസ്സമദിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് നടത്തിയ പ്രഭാഷണം.
മൊഴിമാറ്റം: സഫ്‌വാൻ വാഴക്കാല

# മുസ്‌ലിം ആരാധനാലയങ്ങൾ: സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഗേഹങ്ങൾ




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

ബഹുമാന്യ അതിഥികളെ,

അസ്സലാമു അലൈയ്ക്കും വറഹ്മത്തുല്ലാഹി വ ബറക്കാത്തഹു - നിങ്ങളുടെ മേൽ അല്ലാഹുവിൽ നിന്നുള്ള ശാന്തിയും സമാധാനവും അനുഗ്രഹങ്ങളും വർഷിക്കപ്പെടുമാറാകട്ടെ. ഞാനാദ്യമായി ഈ അവസരത്തിൽ, ഇവിടെ ഞങ്ങളോടൊപ്പം ഒത്തു ചേർന്ന എല്ലാ മാന്യ അതിഥികൾക്കും ഹൃദയം നിറഞ്ഞ നന്ദിയർപ്പിക്കുകയാണ്. ലോകത്തെല്ലായിടത്തും മതത്തിനോടുള്ള താത്പര്യം പൊതുവേ കുറഞ്ഞു വരുന്ന സന്ദർഭത്തിൽ ഒരു മതസമൂഹം നടത്തുന്ന പരിപാടിയിൽ നിങ്ങൾ പങ്കെടുക്കുന്നുവെന്നത് ശ്രദ്ധേയവും വളരെയധികം അഭിനന്ദനീയവുമായ കാര്യമാണ്.

നിങ്ങളിൽ ഭൂരിപക്ഷം പേരും അമുസ്‌ലിംകളും, ഇസ്‌ലാമിനോടും മുസ്‌ലിം ആരാധനാലയങ്ങളോടും യാതൊരുവിധത്തിലുമുള്ള വൈകാരികവും മതപരവുമായ അടുപ്പം ഇല്ലാത്തവരുമാണ്. എന്നിട്ടും, ഒരു മുസ്ലിം പള്ളി ഉത്ഘാടനം ചെയ്യപ്പെടുന്ന, തികച്ചും ഇസ്ലാമികമായ ചടങ്ങിൽ നിങ്ങൾ പങ്കുകൊള്ളുന്നു എന്നത് വളരെ വലിയ പ്രാധാന്യമുള്ളതാകുന്നു. ദൗർഭാഗ്യവശാൽ, ഇസ്‌ലാമിനെയും മുസ്‌ലിംകളെയും എതിർക്കുകയും ഭയക്കുകയും ചെയ്യുന്നൊരു കാലത്താണ് നാം ജീവിക്കുന്നത്. അതുകൊണ്ട് തന്നെ, ഇതിന്റെയൊക്കെ വെളിച്ചത്തിൽ, ഈ പരിപാടിയിലെ നിങ്ങളുടെ സാന്നിധ്യം പ്രശംസാർഹമാണെന്ന് സംശയലേശമന്യേ പറയാൻ കഴിയും. അതിനാൽ ഹൃദയത്തിന്റെ അഗാധതയിൽ നിന്നും നിങ്ങളെല്ലാവരോടുമുള്ള നന്ദി പരസ്യമായി പ്രസ്താവിക്കേണ്ടത് എന്റെ കടമയായി മനസ്സിലാക്കുകയാണ്.

ഞാൻ നിങ്ങളോട് നന്ദി പ്രകടിപ്പിച്ചത് അതെന്നിൽ ഇസ്ലാം ചുമത്തിയിട്ടുള്ള മതപരമായ ഒരു കടമായായതുകൊണ്ടാണ്. അല്ലാതെ വെറുമൊരു മര്യാദയുടെ പേരിലായിരുന്നില്ല അതെന്ന് ഇതിനോടൊപ്പം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. സഹജീ

വികളെ വിലമതിക്കാത്ത ഒരാൾക്ക് തന്റെ സ്രഷ്ടാവിനോട് നന്ദിയുള്ളവനാകാൻ കഴിയില്ലയെന്നത് ഇസ്‌ലാമിന്റെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ)യുടെ അധ്യാപനമാണ്. അതുകൊണ്ട്തന്നെ നിങ്ങളോട് ആത്മാർത്ഥമായ കൃതജ്ഞത പ്രകടിപ്പിക്കേണ്ടത് എന്റെ മതപരമായ കടമയായി മനസ്സിലാക്കുന്നു.

ഇസ്‌ലാമിനെക്കുറിച്ച് കൂടുതൽ പഠിക്കുന്നതിനും എന്ത് കാരണങ്ങൾ കൊണ്ടാണ് ഇവിടെ ഇങ്ങനെയൊരു പള്ളി നിർമ്മിക്കപ്പെട്ടത് എന്നറിയാനും കഴിയും എന്ന പ്രതീക്ഷയിലാണ് നിങ്ങൾ ഈ ചടങ്ങിൽ പങ്കെടുക്കുന്നതെന്ന് ഞാൻ വിചാരിക്കുന്നു. മാധ്യമങ്ങളിൽ കാണപ്പെടുന്നതിനനുസരിച്ച് ധാരണ രൂപപ്പെടുത്തുന്നത് കൊണ്ട്, മിക്കയാളുകളുടെയും ഇസ്ലാമിനെക്കുറിച്ചുള്ള അറിവ് തെറ്റിദ്ധാരണാജനകമായിരിക്കും. ഈയൊരു യാഥാർത്ഥ്യത്തെ മുൻനിർത്തി ഇത്തരത്തിലുള്ള ജിജ്ഞാസയും താൽപര്യവും സ്വാഭാവികമാണ്. അതിനാൽ നിലവിലുള്ള സാമൂഹികാന്തരീക്ഷം മൂലം ഈ പള്ളിയെക്കുറിച്ച് നിങ്ങളുടെയുള്ളിൽ വല്ല ഉത്കണ്ഠയോ ആധിയോ ഉടലെടുത്തിട്ടുണ്ടെങ്കിൽ അത് മനസ്സില്ലാക്കാവുന്നതേയുള്ളു.

മുസ്‌ലിംകളെ ഭയപ്പെടേണ്ടതുണ്ടെന്ന ചിന്താഗതിക്ക് ലോകത്തിന്റെ മിക്കയിടങ്ങളിലും പ്രചാരം വർധിച്ചു വരുന്നുണ്ടെന്നതിൽ യാതൊരു സംശയവുമില്ല. സമൂഹത്തെ വിഭജിക്കാൻ ശ്രമിക്കുന്ന, സാമൂഹികസമാധാനത്തെയും പരസ്പരാശ്രയത്വത്തെയും ഇല്ലാതാക്കാൻ വെമ്പൽകൊള്ളുന്ന ഉപദ്രവകാരികളായ വിഭാഗമായിട്ടാണ് മുസ്‌ലിംകൾ മൊത്തത്തിൽ മുദ്രകുത്തപ്പെടുന്നത്. സമാധാനത്തോടെ ഒന്നിച്ചൊരു കൂട്ടമായി ജീവിക്കാനോ മറ്റു വിഭാഗങ്ങളുമായി ശാന്തതയോടെ സഹവർത്തിക്കാനോ കഴിയാത്ത ജനതയായിട്ടാണ് മുസ്‌ലിംകൾ ചിത്രീകരിക്കപ്പെടുന്നത്. കൂടാതെ, ഈ പള്ളിയുടെ നിർമ്മാണം മിക്ക അമുസ്ലിങ്ങളുടെയും മനസ്സിൽ വലിയൊരു ഉത്കണ്ഠയും ഭീതിയുമുണർത്തിയിട്ടുണ്ടാകും. ഈ പള്ളി മുസ്‌ലിംകൾക്ക് സമൂഹത്തിലെ മറ്റ് വിഭാഗങ്ങളിൽ നിന്നകന്ന് ഒറ്റപ്പെട്ടു കഴിയാനുള്ള കേന്ദ്രമായി മാറുമെന്നും അങ്ങനെ ഈ തദ്ദേശീയ പട്ടണത്തിന്റെയോ നഗരത്തിന്റെയോ അല്ലെങ്കിൽ രാജ്യത്തിന്റെ തന്നെയോ സുസ്ഥിതിയെ അത് തുരങ്കം വെക്കുമെന്ന് പലരും ഭയപ്പെടുന്നുണ്ടാകും. അമുസ്‌ലിം ലോകത്തെ മിക്കയാളുകളിലും ഇത്തരം ഭീതി നിലനിൽക്കുന്നുണ്ടെന്നതിൽ ഞാൻ വ്യക്തിപരമായി അനുഭവസ്ഥനാണ്. ഇസ്‌ലാമിനെയും അതിന്റെ അനുയായികളെയും കുറിച്ചുള്ള ഇത്തരം ഉത്കണ്ഠകളും സംശയങ്ങളും നിർഭാഗ്യവശാൽ വർധിച്ചു വരുകയാണ്.

എങ്ങനെയായാലും, ഇസ്‌ലാം എല്ലാരീതിയിലുമുള്ള തീവ്രവാദ-ഭീകര പ്രവർത്തനങ്ങളെയും ഹിംസയെയും പൂർണ്ണമായും എതിർക്കുന്നു എന്നതാണ് സത്യം. അതു അങ്ങനെത്തന്നെയായിരിക്കുകയും ചെയ്യും. വിശ്വാസത്തിന്റെയും മന:സ്സാക്ഷിയുടെയും സ്വാതന്ത്ര്യത്തെ ഉല്ലംഘിക്കുന്ന ഏതൊരു ശ്രമത്തെയും ഏറ്റവും ശക്തമായ വാക്കുകളിൽ അപലപിക്കുന്നു. മതപരമായ കാര്യങ്ങളിൽ ഒരു തരത്തിലുമുള്ള ബലാൽക്കാരവും ഇസ്ലാം ഒരു സാഹചര്യത്തിലും അനുവദിക്കുന്നില്ല. മറിച്ച്, വിശുദ്ധ ഖുർആനിൽ എഴുതപ്പെട്ടിരിക്കുന്നത് പോലെ മതം ഹൃദയവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നാണ് ഇസ്‌ലാം ബോധനം ചെയ്യുന്നത്. ഇപ്രകാരം, അമുസ്‌ലിംകൾക്കിടയിലുള്ള ഇസ്‌ലാമിനെക്കുറിച്ചുള്ള വ്യാപകവും പൊതുവായതുമായ ധാരണകൾ വെറും തെറ്റിദ്ധാരണകൾ മാത്രമാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഇനി ഏതെങ്കിലും ഒരു പള്ളിയെ സംബന്ധിച്ചാണെങ്കിൽ ഇസ്‌ലാമികാധ്യാപനം അനുസരിച്ച് അതിന്റെ യഥാർത്ഥ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ചറിയുക എന്നതാണ് പരമപ്രധാനം.

മുസ്‌ലിംകൾ (യഥാർത്ഥ മുസ്‌ലിംകൾ എന്ന് ഞാൻ പറയും) പള്ളി നിർമ്മിക്കുന്നത് കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്. ഒരു പള്ളിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്താണെന്നും മുസ്‌ലിംകൾക്കത് വിശുദ്ധ സ്ഥലമാകുന്നതിന്റെ കാരണമെന്താണെന്നും ഒരു വ്യക്തി നീതിപൂർവ്വം വിലയിരുത്തുകയാണെങ്കിൽ പള്ളികളെ ഭയപ്പെടേണ്ടതില്ലയെന്ന് വളരെ എളുപ്പത്തിൽത്തന്നെ മനസ്സിലാകും. ഇവിടത്തെ പ്രാദേശിക നിവാസികൾക്കിടയിൽ എന്തെങ്കിലും ഭയാശങ്കകൾ നിലനിൽക്കുന്നുണ്ടെങ്കിൽ അവ മാറ്റുന്നതിനായി പള്ളി നിർമ്മാണത്തിന്റെ കാതലായ ലക്ഷ്യങ്ങളെക്കുറിച്ച് ഞാൻ ചെറുതായി വിവരിക്കുന്നതാണ്. തൽഫലമായി ഈ പുതിയ പള്ളി എന്തിനാണെന്നും എല്ലാ നേരായ പള്ളികളും എന്തിനെയാണ് പ്രതിനിധീകരിക്കുന്നതെന്നും നിങ്ങൾക്ക് നല്ലനിലയിൽ ഗ്രഹിക്കാൻ കഴിയും.

ഒരു മുസ്‌ലിം ആരാധനാലയത്തിന്റെ പ്രാഥമിക ഉദ്ദേശമെന്നു പറയുന്നത് തീർച്ചയായിട്ടും ഏക ദൈവാരാധനയാണ്. അങ്ങനെ ദൈവത്തെകുമ്പിടാനും അവനു മുന്നിൽ സാഷ്ടാംഗം പ്രണമിക്കാനും വേണ്ടി മുസ്‌ലിംകൾ ഒരുമിച്ച് ചേരുന്ന സ്ഥലമാണ് പള്ളികൾ. ഇത്തരം പ്രാർഥനകൾ ദിവസത്തിൽ അഞ്ച് നേരം നടക്കുന്നു. ഇതറിയപ്പെടുന്നത് സ്വലാത്ത് എന്ന പേരിലാണ്. ഇതൊരു മുസ്‌ലിമിന്റെ വിശ്വാസ പ്രമാണത്തിന്റെ അടിസ്ഥാന സ്തംഭമാണ്. ഒരു വിശ്വാസി/വിശ്വാസിനി നിർബന്ധമായിട്ടും ഇത് നിർവ്വഹിക്കേണ്ടതുണ്ട്. പള്ളിയുടെ രണ്ടാമത്തെ നിർണായക ലക്ഷ്യമെന്നു പറയുന്നത് മുസ്‌ലിംകൾക്ക് ആരാധനയ്ക്കായി ഒന്നിച്ചു കൂടാൻ കഴിയുന്നതിനൊപ്പം അവർ തമ്മിലുള്ള

പരസ്പര ബന്ധത്തെ ശക്തിപ്പെടുത്തുന്നതിനും സമുദായത്തിലെ അംഗങ്ങൾ തമ്മിൽ ഐക്യം ഉണ്ടാക്കുന്നതിനുമുള്ള വേദിയാകുക എന്നതാണ്. ഇപ്രകാരം മുസ്ലിങ്ങൾ തങ്ങളുടെ ആരാധനാലയങ്ങൾ മുഖേന പരസ്പരം വലിയൊരു ബന്ധുത്വത്തിന് രൂപം കൊടുക്കുകയും സാഹോദര്യത്തിന്റെയും അന്യോന്യമുള്ള സഹാനുഭൂതിയുടെയും ഒരന്തരീക്ഷം സംജാതമാക്കുകയും ചെയ്യുന്നു.

ഏതൊരു മുസ്ലിം പള്ളിയുടെയും മൂന്നാമത്തെ പ്രധാന ഉദ്ദേശലക്ഷ്യമെന്നു പറയുന്നത് അമുസ്ലിങ്ങൾക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്തികൊടുക്കുന്നതിനും വിശാലമായ സമൂഹത്തിന്റെ അവകാശങ്ങൾ പൂർത്തീകരിക്കുന്നതിനുമുള്ള ഉപാധിയായി മാറുക എന്നതാണ്. പ്രാദേശിക ജനതയെ സേവിക്കുന്നതിനും വർണ്ണ, വർക്ഷ, ജാതി, മത രഹിതമായി സമൂഹത്തിലെ എല്ലാ അംഗങ്ങളെയും സഹായിക്കുന്നതിനുമായി മുസ്‌ലിംകൾക്ക് ഒത്ത്ചേരാനുള്ള ഒരു വേദിയും സംഗമ സ്ഥലവുമായി മാറുക എന്നതാണ്. വിശുദ്ധ ഖുർആൻ വിവരിക്കുന്നു:

**"നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക; മറ്റൊന്നിനെയും അവന്റെകൂടെ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നിങ്ങൾ നന്മ ചെയ്യുക; അടുത്ത ബന്ധുക്കൾ, അനാഥർ, അഗതികൾ, അടുത്ത ബന്ധുവായ അയൽവാസി, അന്യനായ അയൽവാസി, തൊട്ടടുത്തുള്ള കൂട്ടുകാരൻ, യാത്രക്കാരൻ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്കും (നന്മ ചെയ്യുക). അഹംഭാവിയും പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല."**(4:37)

എല്ലാ മനുഷ്യരോടും അനുകമ്പയും ദയയും സഹാനുഭൂതിയും കാണിക്കാനാണ് ഈ വചനത്തിൽ വിശുദ്ധ ഖുർആൻ മുസ്ലീങ്ങളെ ഉദ്ബോധിപ്പിക്കുന്നത്. തങ്ങളുടെ മാതാപിതാക്കളെയും കുടുംബാംഗങ്ങളെയും മറ്റ് ബന്ധുജനങ്ങളെയും അതുപോലെ സമൂഹത്തിലെ അവശ വിഭാഗങ്ങളെയും സഹായിക്കാൻ അത് ആഹ്വാനം ചെയ്യുന്നു. അയൽക്കാരന്റെ അവകാശങ്ങൾ നിവർത്തിച്ചു കൊടുക്കുന്നതിനെയും കുറിച്ച് വലിയ പ്രാധാന്യത്തോടെ പറയുന്നു. അയൽക്കാർ എന്നു പറയുന്നത് ഒരു വ്യക്തിയുടെ വീടിന്റെചുറ്റുവട്ടത്തിൽ താമസിക്കുന്നവർ മാത്രമല്ല. മറിച്ച് ഇസ്ലാമിൽ അയൽക്കാർ എന്ന് പറയുന്നത് വളരെയധികം ദൂര വ്യാപകമായ അർത്ഥതലം ഉള്ളതാണ്. അടുത്തും ദൂരത്തും താമസിക്കുന്നവർ ഇതിൽ ഉൾപ്പെടുന്നു. സഹപ്രവർത്തകർ, യാത്രാ പങ്കാളികൾ, അങ്ങനെ ഇതു കൂടാതെ മറ്റു പലരും ഇതിൽ ഉൾപ്പെടുന്നു. ഇതിന്റെ സാരാംശം എന്താണെന്നു വെച്ചാൽ ഈ നഗരത്തിൽ വസിക്കുന്ന എല്ലാ മനുഷ്യരും ഈ പള്ളിയുടെ അയൽക്കാരാകുന്നുവെന്നാണ്. ഇപ്രകാരം സമൂഹത്തിന്റെ ശാന്തിയും സമാധാനവും തകർക്കുന്നതിനു പകരം, വ്യത്യസ്ത സമുദായങ്ങളിൽപ്പെട്ട വ്യത്യസ്ത വിശ്വാസധാരയിൽപ്പെട്ട ജനങ്ങൾ തമ്മിൽ ശാന്തിയും സമാധാനവും പോഷിപ്പിക്കുന്നതിനുവേണ്ടിയാണ് യഥാർത്ഥ പള്ളികൾ നിർമ്മിക്കപ്പെടുന്നത്.

ചുരുക്കത്തിൽ, മുസ്‌ലിങ്ങൾക്ക് സർവ്വ സർവ്വശക്തനായ തങ്ങളുടെ സൃഷ്ടാവുമായുള്ള ബന്ധം ഉത്കൃഷ്ടമാക്കുന്നതിനും സഹജീവികളുടെ അവകാശങ്ങൾ പൂർത്തികരിച്ചുകൊടുക്കുന്നതിനുമുള്ള ഇടങ്ങളെയാണ് പള്ളികൾ എന്നു വിളിക്കപ്പെടുന്നത്. ഈ വിശിഷ്ട മായ ലക്ഷ്യങ്ങൾ നിറവേറ്റാത്ത ഏതൊരു പള്ളിയും വിലകെട്ട ഉപയോഗമില്ലാത്ത അകം പൊള്ളയായ വെറും പുറന്തോട് മാത്രമാണ്. അഹ്മദിയ്യ മുസ്ലിം സമൂഹം അതിന്റെ ആരംഭകാലം മുതൽ ലോകത്തെമ്പാടും പള്ളികൾ സ്ഥാപിച്ചിട്ടുണ്ട്. എവിടെയൊക്കെ പള്ളികൾ പണിതിട്ടുണ്ടോ അവിടെയൊക്കെ ഞാൻ നേരത്തെ സൂചിപ്പിച്ചത് പോലെയുള്ള യഥാർത്ഥ ഉദ്ദേശലക്ഷ്യങ്ങൾ പൂർത്തികരിക്കാൻ ശ്രമിക്കാറുമുണ്ട്. ചരിത്രം സാക്ഷിയാണ് ഈ യാഥാർത്ഥ്യത്തിന്. "എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്" എന്ന ഞങ്ങളുടെ പ്രമാണ സൂക്തത്തിന്റെ അന്തസത്തയ്ക്കനുസരിച്ച് ജീവിക്കാനും സ്വഭാവത്തിലൂടെയും പെരുമാറ്റത്തിലൂടെയും അതിനെ പ്രായോഗികമായി ആവിഷ്കരിക്കാനും ഞങ്ങൾ ശ്രമിക്കുന്നു.

ഞങ്ങൾ അനഹ്മദികളുമായും അമുസ്ലിങ്ങളായും സൗഹൃദബന്ധമുണ്ടാക്കാൻ ശ്രമിക്കുന്നു. ഞങ്ങൾ വ്യത്യസ്ത വിശ്വാസധാരയിലുള്ളവരുമായി സംവദിക്കാൻ പ്രയത്നിക്കുന്നു. ഞങ്ങൾ അയൽക്കാരെ ബഹുമാനിക്കുകയും വിലപിടിപ്പുള്ളവരായി കരുതുകയും ചെയ്യുന്നു. ഞങ്ങൾ ആവശ്യക്കാർക്ക് സഹായമെത്തിക്കുന്നതിൽ സദാ ബദ്ധശ്രദ്ധരാണ്. ഞങ്ങൾ അഗതികളുടെയും ദുർബലരുടെയും അവകാശങ്ങൾക്ക് വേണ്ടി നിലകൊള്ളുന്നു. ഞങ്ങൾ സമൂഹത്തെ സേവിക്കാൻ സദാ തയ്യാറായി മുന്നിൽത്തന്നെയുണ്ട്. ഞങ്ങൾ കൂറും വിശ്വസ്തതയും പുലർത്തുന്ന പൗരന്മാരാകുന്നു. ഇതാണ് ഞങ്ങളുടെ വിശ്വാസം. ഇതാണ് ഞങ്ങളുടെ അധ്യാപനം. ഇതിനാലാണ് ഞങ്ങൾ പള്ളികൾ നിർമ്മിക്കുന്നത്. ഇതിന്റെയൊക്കെ വെളിച്ചത്തിൽ, പള്ളിയെന്നു കേട്ടാൽ ഭയപ്പെടേണ്ട ഒന്നല്ലയെന്ന് നിങ്ങൾക്ക് മനസിലായിട്ടുണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു, പ്രാർത്ഥിക്കുന്നു. ജനങ്ങൾക്ക് തങ്ങളുടെ സൃഷ്ടാവിനെ ആരാധിക്കുന്നതിനുള്ള ഇടം എന്നതിനോടൊപ്പം തന്നെ തങ്ങളുടെ സഹജീവികളെ സഹായിക്കുന്നതിനുള്ള ഒരു സ്ഥാപനം കൂടിയാണ് യഥാർത്ഥത്തിൽ ഒരു മുസ്ലിം പള്ളി. വിശുദ്ധ ഖുർആനിലെ 107-ാം അധ്യായത്തിലെ 5-7 വചനങ്ങളിൽ ഇങ്ങനെ വിവരിക്കുന്നു. അപ്പോൾ, തങ്ങളുടെ നമസ്കാരത്തെപ്പറ്റി അശ്രദ്ധരായ നമസ്കാരക്കാർക്ക്

നാശം. അന്യരെ കാണിക്കാൻ വേണ്ടി സൽക്കർമ്മം ചെയ്യുന്നവരത്രെ അവർ.

ദൈവത്തിന്റെ സൃഷ്ടികളോടുള്ള കടമകൾ പൂർത്തികരിക്കുന്നതിൽ വീഴ്ച വരുത്തുന്നവരുടെ പ്രാർത്ഥനകൾ നിരാകരിക്കപ്പെടും എന്ന് ഈ വചനങ്ങളിൽ സ്പഷ്ടമാക്കപ്പെടുന്നു. അവരുടെ ആരാധനയും പള്ളിയിലേക്കുള്ള അവരുടെ വരവും ഉപരിപ്ലവമായ ഒരു പ്രവർത്തി എന്നതിൽ കവിഞ്ഞ് മറ്റൊന്നും തന്നെയല്ല. അവരുടെ പ്രാർത്ഥനകൾ നിഷ്പ്രയോജനമാകുന്നു. അവരുടെ കപട നാട്യങ്ങൾ നിരാശയിലേക്കും അധ:പതനത്തിലേക്കായിരിക്കും അവരെ കൊണ്ടുചെന്നെത്തിക്കുകയെന്ന് വിശുദ്ധ ഖുർആൻ സുവ്യക്തമാക്കുന്നു. സർവ്വശക്തനായ സൃഷ്ടാവിനെ ആത്മാർത്ഥമായി ആരാധിക്കുന്ന ഒരു യഥാർത്ഥ മുസ്ലിം ഭക്തൻ സമൂഹത്തിന്റെ സമാധാനത്തിനും സുസ്ഥിതിയ്ക്കും ഒരിക്കലും തന്നെ ഭംഗം വരുത്തില്ല എന്നതാണ് വസ്തുത. മറ്റുള്ളവരുടെ അവകാശങ്ങളെ പിടിച്ചെടുക്കാനോ അല്ലെങ്കിൽ അവയ്ക്ക് തുരങ്കം വെയ്ക്കാനോ അവർ മുതിരില്ല. അങ്ങനെചെയ്യുന്നപക്ഷം അതവരുടെ വിശ്വാസത്തെ ഒറ്റുന്നതിനും വിശുദ്ധ ഖുർആന്റെയും പരിശുദ്ധപ്രവാചകന്റെയും ഉദ്ബോധനങ്ങളെ തള്ളിക്കളയുന്നതിനും തുല്യമായിരിക്കും. ഇപ്രകാരം, ഈ പള്ളിയെക്കുറിച്ച് ഞാനൊരിക്കൽ കൂടി നിങ്ങൾക്ക് ഉറപ്പു നൽകാനാഗ്രഹിക്കുകയാണ്. നിങ്ങൾ ആശങ്കപ്പെടേണ്ടതോ ഉത്കണ്ഠപ്പെടേണ്ടതോ ആയ യാതൊന്നും തന്നെ ഇവിടെയില്ല. ഈ പള്ളിയുടെ കവാടങ്ങൾ സമാധാനകാംക്ഷികളായ എല്ലാവരുടെയും മുന്നിലെന്നും തുറന്നു കിടക്കപ്പെടുക തന്നെ ചെയ്യും. മനുഷ്യത്വത്തെ വിലമതിക്കുന്നവരുടെ മുന്നിലെപ്പോഴും അത് തുറന്നു കിടക്കപ്പെടും. ദൈവേചഛയാൽ, ഈ നഗരത്തിനും അതിനു പുറമേക്കും സ്നേഹവും അനുകമ്പയും സാഹോദര്യവും പ്രസരിപ്പിക്കുന്ന സമാധാനത്തിന്റെ വലിയൊരു പ്രതീകമായി ഈ പള്ളി മാറുമെന്നതിൽ തികഞ്ഞ ആത്മ വിശ്വാസം എനിക്കുണ്ട്.

ചുറ്റുമുള്ളവയെ പ്രകാശദീപ്തമാക്കിക്കൊണ്ട് എല്ലാദിശയിലേക്കും വെളിച്ചം വീശുന്ന ദീപസ്തംഭമായി ഈ പള്ളി ജനങ്ങൾക്ക് പ്രയോജനപ്പെടുന്നതായിരിക്കും. ആരാധക സമൂഹത്തിന് തങ്ങളുടെ അയൽക്കാരെ സേവിക്കുന്നതിനും അവരോടുള്ള കടമകൾ പൂർത്തീകരിക്കുന്നതിനും വേണ്ടി കൂടിച്ചേരാനുള്ള സമാധാനത്തിന്റെ ഗേഹമായിരിക്കും ഇത്. ഈ ആരാധാനാലയം ഇസ്ലാമിന്റെ ജ്ഞാനദീപ്തമാക്കുന്ന അധ്യാപനങ്ങളെയായിരിക്കും പ്രതിനിധീകരിക്കുക. തങ്ങളുടെ മത വിശ്വാസത്തിനെക്കുറിച്ച് നിലനിൽക്കുന്ന ഭീതിയെയും തെറ്റിദ്ധാരണയെയും ഇത് അകറ്റുന്നതായിരിക്കും. പ്രാദേശിക ജനസമൂഹത്തിന്റെ ഹൃദയത്തിൽ ഇനിയും എന്തെങ്കിലും ഭയം ഉറഞ്ഞു കിടക്കുന്നുണ്ടെങ്കിൽ അതൊക്കെ ദൈവസഹായത്താൽ അപ്രത്യക്ഷമാകുന്നതാ യിരിക്കും. ഈ പള്ളി കാണുമ്പോൾ അല്ലെങ്കിൽ ഇവിടെ പ്രാർത്ഥനയ്ക്കായി വരുന്നവരുമായി സന്ധിക്കുമ്പോൾ ത്തന്നെ നിങ്ങൾ തിരിച്ചറിയുന്നതായിരിക്കും ഭയത്തിന്റെയോ അന്ധാളിപ്പിന്റെയോ ആവശ്യമില്ലെന്ന്.

ഇങ്ങനെയൊക്കെ പറയുന്നത് വളരെ എളുപ്പമാണെന്നിരിക്കെ, അഹ്മദി മുസ്ലിങ്ങൾ പറയുന്നതെന്താണോ അത് തന്നെയാണ് അനുഷ്ഠിക്കുന്നതും പ്രചരിപ്പിക്കുന്നതുമെന്ന വസ്തുതയെ വളരെ പെട്ടെന്ന് തന്നെ നിങ്ങൾ സാക്ഷ്യപ്പെടുത്തുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഇസ്ലാമിന്റെ സമാധാന അധ്യാപനങ്ങളെക്കുറിച്ച് ഘോഷിക്കൽ മാത്രമല്ല അത് ഉയർത്തിപ്പിടിക്കുന്നവർ കൂടിയാണ് ഞങ്ങളെന്ന് നിങ്ങൾക്ക് മനസ്സിലാകും. മുസ്ലിം ആരാധനാലയങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് ഞാൻ വെറുതെ മധുരത്തിൽ ചാലിച്ച് പറഞ്ഞതല്ലയെന്നും അത് പ്രതിനിധാനം ചെയ്യുന്നത് യഥാർത്ഥത്തിലുള്ള സത്യത്തെയാണെന്നും ഇവിടത്തെ തദ്ദേശവാസികൾ വളരെ വേഗം തന്നെ തിരിച്ചറിയുമെന്നതിൽ എനിക്കു നല്ല വിശ്വാസമുണ്ട്.

ഈ സന്ദർഭത്തിൽ ഞാനൊരു കാര്യംകൂടി നിങ്ങളോട് പറയാനാഗ്രഹിക്കുകയാണ്. അതായത് നിങ്ങൾ മുസ്ലിമോ അമുസ്ലിമോ മതവിശ്വാസിയോ മതരഹിതനോ ആയിക്കൊള്ളട്ടെ, ലോകത്ത് സമാധാനവും സമ്പൽ സമൃദ്ധിയും പുലരുന്നതിനായി ഒരുമിച്ച് പ്രവർത്തിക്കുകയെന്നത് സമൂഹത്തിലെ എല്ലാ അംഗങ്ങളുടെയും കടമയാണ്. പരസ്പരമുള്ള ആരോപണ പ്രത്യാരോപണങ്ങൾക്കു പകരം, ഓരോരുത്തരുടെയും വീഴ്ചകളും ദൗർബല്യങ്ങളും എടുത്തുകാണിക്കുന്നതിനു പകരം, നമ്മുടെ ഹൃദയ കവാടങ്ങൾ മറ്റുള്ളവർക്കായി തുറന്നുകൊണ്ട് അവരോടുള്ള അനുകമ്പയും കാരുണ്യവും നാം വെളിപ്പെടുത്തേണ്ടതുണ്ട്. ഓരോരുത്തരുടെയും മതവിശ്വാസങ്ങളെ അധിക്ഷേപിക്കുന്നതിനും അനാവശ്യമായി പരസ്പരം പ്രകോപിതരാക്കുന്നതിനും പകരം കാലഘട്ടത്തിന്റെ അടിയന്തിരാവശ്യം എന്നു പറയുന്നത് പരസ്പര ബഹുമാനവും സഹിഷ്ണുതയും പ്രകടിപ്പിക്കുക എന്നതാണ്. യഥാർഥവും നീണ്ടു നിൽക്കുന്നതുമായ സമാധാനം നമ്മുടെ കൈവിരൽത്തുമ്പിന്റെ ചലനം കൊണ്ട് ദ്രുതഗതിയിലുടലെടുക്കുന്നതല്ല. മറിച്ച് അതിനായി നമ്മെ ഐക്യപ്പെടുത്തുന്ന, നമ്മളെ ഒന്നിപ്പിക്കുന്ന, കാര്യങ്ങളിലേക്ക് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. നമ്മുടെ വൈജാത്യങ്ങളെ നമുക്കിടയിൽ ഭിന്നിപ്പുണ്ടാക്കുന്നതിനോ അങ്ങനെ നമ്മുടെ സമൂഹം തകർക്കപ്പെടുന്നതിനോ ഇടവരുത്താൻ അനുവദിക്കരുത്.

**ശേഷം പേജ് 12 ൽ**

# വിജയം

ഒരു രാജ്യത്തെ ജനതയുടെ വിജയത്തിന്റെ ലക്ഷ്യവും മാർഗ്ഗവും മുഹാജിറുകളുടെയും അൻസാറുകളുടെയും ഉദാഹരണങ്ങളിലൂടെ ഹദ്റത്ത് മുസ്‌ലിഹ് മഊദ് (റ) വിവരിക്കുന്നു. *വിവ: ഹസ്സൻ കോയ .കെ വി, കോഴിക്കോട്.*

## ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്‌മൂദ് അഹ്‌മദ് (റ)

വിജയം എന്ന പദത്തിന്റെ ശരിയായ അർത്ഥം നമ്മുടെ രാജ്യത്തെ ആളുകൾ മനസ്സിലാക്കിയിട്ടില്ല. അതുകൊണ്ടാണ് നാം വിജയം വരിക്കുന്നതിൽ പരാജയപ്പെടുന്നത്. നമ്മുടെ രാജ്യത്ത് വിജയം എന്നത് പണം, നല്ല വസ്ത്രധാരണം, അധികാരം നേടൽ, നല്ല ആഹാരം കഴിക്കൽ എന്നിവക്ക് തുല്യമാണ് എന്ന് കരുതുന്നവരാണ്. പക്ഷേ വസ്തുതയെന്തെന്നാൽ ഇത് വിജയത്തെ സംബന്ധിച്ചുള്ള തെറ്റായ ഒരു നിർവ്വചനമാണ്. സാധാരണ ഗതിയിൽ വിജയം എന്ന് വിളിക്കാവുന്നതാണ് നമ്മുടെ ലക്ഷ്യമെങ്കിൽ അവ നമ്മെ വിജയം നേടുന്നതിൽ നിന്നും തടയുന്നു. ഈ ലക്ഷ്യങ്ങളൊന്നും വിജയമല്ല. സ്വയം തന്നെ അവയൊന്നും വിജയമല്ല. വിജയത്തിന്റെ ഫലമായുണ്ടാകുന്ന നേട്ടങ്ങളാണ്.

വളരെ മോശമായി രീതിയിൽ മനസ്സിലാക്കപ്പെട്ട വിജയത്തിന്റെ നിർവ്വചനം കാരണമായി ചിലപ്പോൾ ജനങ്ങൾ ചോദിക്കുന്നു, എന്തുകൊണ്ടാണ് ഇമാം ഹുസ്സയിൻ (റ) പരാജിതനായതും യസീദ് വിജയിച്ചതും എന്ന്? അവർ ആഴത്തിൽ ചിന്തിച്ചിരുന്നുവെങ്കിൽ വളരെ പ്രകടമായി മനസ്സിലാവുന്നത്, ധനവും ശക്തിയും അധികാരവുമുണ്ടായിട്ടും യസീദ് പരാജയപ്പെട്ടുവെന്നും ഹദ്റത്ത് ഇമാം ഹുസ്സയിൻ (റ) രക്തസാക്ഷിത്വം വരിച്ചിട്ടും ഒടുവിൽ അദ്ദേഹം വിജയിച്ചുവെന്നുമാണ്. എന്തെന്നാൽ അദ്ദേഹത്തിന്റെ ലക്ഷ്യം അധികാരമായിരുന്നില്ല. മനുഷ്യാവകാശ സംരക്ഷണമായിരുന്നു. ആയിരത്തിമുന്നൂറു വർഷങ്ങൾ കഴിഞ്ഞു ഇമാം ഹുസ്സയിൻ(റ) കൈകൊണ്ട തത്വം ജനങ്ങൾക്ക് ഖലീഫയെ തെരഞ്ഞെടുക്കാനുള്ള അവകാശമുണ്ടെന്നതായിരുന്നു. അത് പിതാവിൽ നിന്നും അനന്തരാവകാശമായി കിട്ടുന്നതല്ല. അക്കാലത്തെന്നപോലെ ഈ തത്വം ഇന്നും പരിശുദ്ധമായി നിലകൊള്ളുന്നു. ഹദ്റത്ത് ഇമാം ഹുസ്സയിന്റെ(റ) രക്തസാക്ഷിത്വം ഈ തത്വത്തെ കൂടുതൽ ശക്തിപ്പെടുന്നു. ഈ വീക്ഷണത്തിൽ അന്തിമമായ വിജയം ഹുസ്സയി(റ)നാണ് യസീദിനല്ല.

വിശുദ്ധ ഖുർആൻ വിജയത്തിനെപറ്റി വളരെ ചുരുക്കി വിവരിച്ചിരിക്കുന്ന ഈ വചനങ്ങളിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**മുഹാജിറുകളിൽ നിന്നും അൻസാറുകളിൽ നിന്നും (സത്യവിശ്വാസത്തിൽ) മുൻകടന്ന ആദിമ വിശ്വാസികളും സുകൃതം ചെയ്തുകൊണ്ട് അവരെ പിൻപറ്റിയവരുമാരാണോ അവരെ സംബന്ധിച്ച് അല്ലാഹു സംതൃപ്തനായിരിക്കുന്നു. അവർ അവനെ സംബന്ധിച്ചും സംതൃപ്തനായിരിക്കുന്നു. അവൻ അവർക്ക് താഴോരത്തു കൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന ഉദ്യാനങ്ങൾ തയ്യാറാക്കി വെച്ചിട്ടുമുണ്ട്. അവർ അതിൽ ശാശ്വത നിവാസികളായിരിക്കുന്നതാണ്. അതത്രെ മഹത്തായ വിജയം. (9:100)**

ഈ വചനത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളത് യഥാർത്ഥ വിജയം സർവ്വ ശക്തനായ അല്ലാഹുവിന്റെ സംതൃപ്തി നേടലാണെന്നതാണ്. ആശ്വാസവും എളുപ്പവും നൽകപ്പെടുന്നത് സ്വയം തന്നെ വിജയലക്ഷ്യങ്ങളല്ല. യഥാർത്ഥ വിജയം നേടുന്നതിന്റെ ഫലമായി ലഭിക്കുന്ന അനുബന്ധ നേട്ടങ്ങൾ മാത്രമാണ്. ഈ സൂക്തം മറ്റൊന്നുകൂടി വിശദീകരിക്കുന്നുണ്ട്. അതായത് ഒരു ജനത മറ്റൊരു ജനതയേക്കാൾ ഉന്നതമായ ലക്ഷ്യങ്ങൾ നേടാനും മികവു ആർജ്ജിക്കാനും കഠിനാദ്ധ്വാനം ചെയ്യേണ്ടതുണ്ട് എന്നാണ്. അതിന് ത്യാഗം ആവശ്യമാണ്. അതിൽ നിന്നും മറ്റുള്ളവർ പ്രയോജനം നേടുന്നു, എന്നാൽ വ്യക്തിപരമായ നേട്ടമുണ്ടാകുന്നുമില്ല. നമ്മുടെ രാജ്യം അവഗണിക്കുന്ന ഉത്തമ തത്വമാണിത്. ഈ തത്വം പിന്തുടരാതെ വിജയം അസാധ്യമാണ്.

നമ്മുടെ രാജ്യത്ത് സമ്പന്നരും ഭൂവുടമകളുമുണ്ട്. എന്നിട്ടും നാം

വിജയശാലികളല്ല. ഇതിന് കാരാണ മെന്തെന്നാൽ നമ്മുടെ രാജ്യത്തിന്റെയും ജനങ്ങളുടെയും പരിശ്രമങ്ങൾ അവരുടെ സ്വന്തം ബഹുമതിയും വ്യക്തിപരമായ സുഖസൗകര്യങ്ങളും നേടാനാണ്. പക്ഷേ വിജയത്തിലേക്കുള്ള താക്കോൽ എന്നത് ജനതയുടെ മൊത്തം നന്മക്ക് വേണ്ടി നിസ്വാർത്ഥമായി പരിശ്രമിച്ച മുഹാജിറുകളെ പോലെയാകണം എന്നതാണ്. അല്ലെങ്കിൽ മുഹാജിറുകൾക്ക് പിന്തുണ നൽകുന്ന അൻസാറുകളെപോലെയാവണം. അവർ ഇതുപോലെ പ്രവർത്തിക്കണം. ഏതുവരെയെന്നാൽ ഓരോ രാജ്യത്തിനും ചുറ്റുമുള്ള സാധനങ്ങളും വിഭവങ്ങളും കണ്ടെത്തണം. അതില്ലാതെ ജീവിതം ദുഷ്ക്കരമാവും. മുഴുവൻ രാജ്യവും ഇതുപോലെ പ്രവർത്തിക്കണം. അതിന് ഓരോ രാജ്യത്തിന്റെയും കഠിനമായ ത്യാഗങ്ങൾ ആവശ്യമാണ്. അത്തരം രാജ്യങ്ങൾ വിജയിക്കുന്നു. അവരുടെ പാരമ്പര്യം ഒരിക്കലും മങ്ങുന്നില്ല.

എന്റെ രാജ്യത്തിലെ സഹജീവികൾ ഈ തത്വത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അവരുടെ ശ്രദ്ധ പൂർണ്ണമായും ഇക്കാര്യത്തിലേക്ക് അർപ്പണം ചെയ്യണം. മറ്റു രാജ്യങ്ങളെ അനുകരിക്കുന്നത് കൊണ്ട് മാത്രം നമുക്ക് വിജയിക്കാൻ സാദ്ധ്യമല്ല. ഏതുവരെ ഒന്നാമനാവാൻ കഠിന പരിശ്രമം ചെയ്യുന്നില്ലയോ, ശാസ്ത്രങ്ങളിലും മറ്റുകാര്യങ്ങളിലും മുന്നേറുന്നില്ലയോ ഏതുവരെ മറ്റുള്ളവരെ അന്ധമായി അനുകരിക്കുന്നുവോ അതുവരെ നമ്മൾ നിരന്തരമായി പരാജയവൃത്തത്തിലായിരിക്കും. നമ്മുടെ മുമ്പിലുള്ള പരാജയങ്ങൾ ഒരു യാഥാർത്ഥ്യബോധം നമ്മിൽ ഉളവാക്കിയിട്ടില്ലേ? നമ്മൾ അപമാനത്തിന്റെ അഗാധ ഗർത്തത്തിൽ വീഴണമോ? ശൈശവത്തിൽ നിന്ന് പുരോഗമിച്ച് യൗവനത്തിലെത്തി അവിടെ നിന്നും വാർദ്ധ്യക്യത്തിലെത്തിയിട്ടും നമ്മൾ പക്വത ആർജിച്ചിട്ടില്ലേ? ഒരു രാജ്യമെന്ന നിലയിൽ സർവ്വ ശക്തനായ ദൈവം നമ്മെ ഇതിൽ നിന്നും സംരക്ഷിക്കട്ടെ. ഉണർന്നു പ്രവർത്തിക്കാൻ ദൈവം നമ്മെ ജാഗരൂകരാക്കട്ടെ. നമ്മുടെ ജനതക്ക് മുഹാജിരിന്റെയും അൻസാറിന്റെയും ആത്മാവുണ്ടാകാൻ നമ്മെ പ്രാപ്തരാക്കട്ടെ തോളോടുതോൾ ചേർന്ന് നിന്ന് ലോകത്തെ നന്നാക്കുമാറാകട്ടെ നമ്മുടെ ത്യാഗം താൽക്കാലികമാവരുത്. സദാ നമുക്കത് എളുപ്പമാവട്ടെ കാലത്തിന്റെ പരീക്ഷണങ്ങൾ നേരിടാൻ തക്കവണ്ണം നമ്മൾ വിജയം വരിക്കട്ടെ. (ആമീൻ)

---

**പേജ് 11 ൽ നിന്ന് തുടർച്ച**

ലോകചരിത്രത്തിലെതന്നെ ഏറ്റവും നിർണ്ണായകമായ ഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. ദേശീയവും അന്തർദേശീയവുമായ തലങ്ങളിൽ ഈ ലോകം വലിയതോതിൽ വിഭജിക്കപ്പെടുകയും ധ്രുവീകരിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ഒരു ദുരന്തത്തിന്റെ വക്കിലാണ് നാം നിൽക്കുന്നത്. അതുകൊണ്ട് തന്നെ ഇതൊരു തിരിഞ്ഞു നടത്തത്തിനുള്ള സമയമാണ്. മനുഷ്യവംശത്തിന്റെ ഭാവിയെ സംരക്ഷിക്കുന്നതിലേക്കായിരിക്കണം നമ്മുടെ എല്ലാ പ്രവർത്തനശക്തികളും കേന്ദ്രീകരിക്കേണ്ടത്. നമ്മിലുള്ള മനുഷ്യത്വത്തെ പ്രകടമാക്കേണ്ട സന്ദർഭമാണിത്. നമ്മുടെ സമുദായങ്ങൾക്കിടയിൽ, രാജ്യങ്ങൾക്കിടയിൽ തീർച്ചയായും ലോകമെമ്പാടും തന്നെ സമാധാനം ശക്തിപ്പെടുത്തുന്നതിനായുള്ള ഒരു ശ്രമവും പാഴാക്കാവുന്നതല്ല. നാമൊത്തൊരുമിക്കുകയും ഓരോരുത്തരുടെയും വിശ്വാസങ്ങളെ പരസ്പരം ആദരിക്കുകയും ചെയ്യുമ്പോൾ മാത്രമാണ് ലോകത്തിന്റെ എല്ലായിടത്തും ആഴത്തിൽ വേരോടിയിട്ടുള്ള കൊടിയ ഭിന്നതകൾ ഉണങ്ങാൻ തുടങ്ങു. അപ്പോൾ മാത്രമാണ് പ്രതീക്ഷയുടെ പാരമ്പര്യം ഇഷ്ടദാനമായി നമ്മുടെ കുട്ടികൾക്ക് നൽകാൻ കഴിയുകയുള്ളു. അപ്പോൾ മാത്രമാണ് സമാധാനവും ഐശ്വര്യവും കളിയാടുന്ന ഒരു ലോകത്തെ വരും തലമുറകൾക്കായി നമുക്കിവിടെ അവശേഷിപ്പിക്കാൻ കഴിയൂ.

സ്വാർത്ഥതയും അത്യാഗ്രഹവും കാരണം നാം അന്ധരാവരുത്. മറിച്ച് പൊതു നന്മയിലേക്കായിരിക്കണം നമ്മുടെ ശ്രദ്ധ പതിയേണ്ടത്. നമ്മുടെ മതമോ വിശ്വാസങ്ങളോ ഏതുമായിക്കൊള്ളട്ടെ, നമ്മെ പിന്തുടർന്നു വരുന്നവർക്കായി മികവുറ്റ ഒരു ലോകത്തെയായിരിക്കണം നാം സൃഷ്ടിക്കേണ്ടത്. നാം പങ്കിടുന്ന ഈ അഭിലാഷത്തിനായി പരസ്പര ബഹുമാനത്തിന്റെയും പരോപകാരതത്പരതയുടെ പ്രസരിപ്പോടുകൂടിയും നാം ഒന്നായി നിന്നുകൊണ്ട് പ്രവർത്തിക്കണം. ഇതെന്റെ ആത്മാർത്ഥമായ പ്രതീക്ഷയും പ്രാർത്ഥനയുമാണ്. എല്ലാ സമുദായത്തിൽപ്പെട്ട ജനങ്ങൾക്കിടയിലും സമാധാനവും ഐക്യവും ദയയും സൗമനസ്യവും വളർത്തുക എന്നതായിരിക്കണം നമ്മുടെ പൊതുവായ ലക്ഷ്യം. നാമതിനായി നിരന്തരം പരിശ്രമിക്കേണ്ടതുണ്ട്. ജാതി മത വിശ്വാസങ്ങളുടെ വ്യത്യാസങ്ങളെ കണക്കിലെടുക്കാതെ എല്ലാ മനുഷ്യർക്കും പരസ്പരം ഇഴചേർന്ന് അടുത്തടുത്തായി ജീവിക്കാൻ കഴിയുന്ന സമാധാനപൂർണ്ണമായ ഒരു ലോകത്തെയാവണം നമ്മുടെ കുട്ടികൾക്കായി നാം വിട്ടുകൊടുക്കേണ്ടത്. അതിനായി നാമൊരുമിച്ച് പ്രയത്നിക്കേണ്ടതുണ്ട്. മനുഷ്യവംശത്തിന്റെ നന്മയ്ക്കായി ഒന്നിച്ച് നിന്ന് പ്രവർത്തിക്കാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ, ആമീൻ. അവസാനമായി ഇവിടെ എത്തിച്ചേർന്നിട്ടുള്ള എല്ലാവർക്കും ഒരിക്കൽ കൂടി നന്ദി പറയുകയാണ്.

അല്ലാഹു നിങ്ങളെയെല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ,

നന്ദി.

ആദ്: മരുക്കാറ്റിൽ തിരോഭവിച്ച അറേബ്യൻ ജനത –2

# അഹ്ഖാഫും റുബുഉൽ ഖാലിയും

വീശിയടിച്ച മണൽക്കാറ്റിൽ മുങ്ങിത്താഴ്ന്നുപോയ പുരാത അറബ് ജനതയായിരുന്നു ഖുർആൻ മാത്രം പ്രതിപാദിച്ച ആദ് സമൂഹം. അവരുടെ ഉന്നതമായ നാഗരിക പൈതൃകവും വാണിജ്യ സമൃദിയും വിളിച്ചോതുന്ന നിർമ്മിതകളുടെ അവശേഷിപ്പുകൾ ഈ പുരാതന ജനതയുടെ പ്രതാപ പെരുമകളിലേക്ക് വെളിച്ചം വീശുന്നു.


**എ. എം. മുഹമ്മദ് സലീം**

ചരിത്രത്തിലെവിടെയും പ്രതിപാദനങ്ങളില്ലാതിരിക്കുകയും വിശുദ്ധ ഖുർആൻ മാത്രം ലോകത്തിന്ന് പരിചയപ്പെടുത്തുകയും ചെയ്തവരാണല്ലോ ആദ് സമുദായം. ആദ് സമുദായത്തെക്കുറിച്ചുള്ള ചരിത്ര ഗവേഷണങ്ങൾക്ക് പ്രാഥമികമായ കരുക്കൾ വിശുദ്ധ ഖുർആൻ അതിന്റെ അതിഗഹനമായ വചനങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അവരുടെ അധിവാസ സ്ഥലത്തെക്കുറിച്ച് ഖുർആൻ നൽകുന്ന സൂചന ഇപ്രകാരമാണ്: **'ആദിന്റെ സഹോദരനെ(ഹൂദിനെ) സ്മരിക്കുക. അദ്ദേഹം തന്റെ ജനതയെ ആ മണൽകൂനകളിൽ (അഹ്ഖാഫ്) വെച്ച് താക്കീദ് ചെയ്തപ്പോൾ.'** **(46:22)**

അറേബ്യയിൽ ഹിജാസിന്റെയും യമന്റെയും യമാമയുടെയും മദ്ധ്യേ റുബുഉൽ ഖാലിക്ക് തെക്ക് പടിഞ്ഞാറ് ഭാഗത്ത് സ്ഥിതിചെയ്യുന്ന അഹ്ഖാഫ് പ്രദേശമാണ് ആദിന്റെ ജന്മഗേഹമെന്ന് ഖുർആനിൽ നിന്നും ലഭിക്കുന്ന സൂചകളിൽ നിന്നും നമുക്ക് മനസ്സിലാക്കാവുന്നതാണ്. **'ഹിഖ്ഫ്'** മണൽകൂന എന്ന പദത്തിന്റെ ബഹുവചന രൂപമാണ് **'അഹ്ഖാഫ്'** ഉയരമേറിയ മണൽ കൂനകൾ, വളഞ്ഞു പുളഞ്ഞ (Zig-zag) മണൽകൂനകൾ എന്നൊക്കെയാണ് അതിന്റെ ഭാഷാർത്ഥം. എന്നാൽ വ്യവഹാരാർത്ഥത്തിൽ റുബുഉൽ ഖാലി എന്നത് അറേബ്യൻ മരുഭൂമിയുടെ ദക്ഷിണ ഭാഗത്തിന്റെ പേരാണത്. ആ പ്രദേശം അഹ്ഖാഫ് എന്ന പേരിലാണ് അറിയപ്പെടുന്നത്. തെക്കൻ അറേബ്യയിലെ യമനും ഒമാനും ചേർന്ന പ്രദേശത്താണ് ആദ് ജനവർഗ്ഗത്തിന്റെ അധിവാസ സ്ഥാനമെന്നത് ഖുർആൻ ഭാഷ്യകാരന്മാർക്കിടയിലും അറബി ചരിത്രകാരന്മാർക്കിടയിലും സുവിദമാണ്. തദ്ദേശീയരിൽ ഈ ഈ വിശ്വാസം രൂഢമൂലമാണ്. പലകാലത്തും അതിർത്തികൾ പലകുറി മാറ്റിവരക്കപ്പെട്ടിട്ടും പുരാതന കാലത്ത് യമന്റെ ഭാഗം തന്നെയായിരുന്നു ഒമാൻ. ജനവർഗ്ഗപരമായും അവർ ഒരു സമൂഹത്തിൽ പെട്ടവരായിരുന്നു.

ഇവിടെ പരാമർശിക്കപ്പെട്ട റുബുഉൽ ഖാലി അറേബ്യൻ ഉപഭൂഖണ്ഡത്തിന്റെ മദ്ധ്യത്തിൽ നിന്നും തെക്ക് ഭാഗത്തേക്ക് ഏകദേശം മൂന്നിൽ ഒരു ഭാഗം അതായത് ആറ് ലക്ഷത്തി അമ്പതിനായിരം ചതുരശ്ര കി. മി വിസ്തീർണ്ണത്തിൽ പരന്നു കിടക്കുന്ന വൻ മരുഭൂമിയാണ്. ഇംഗ്ലീഷിൽ എംപ്റ്റി ക്വാർട്ടർ (The empty quarter) എന്നാണ് റുബുഉൽ ഖാലി അറിയപ്പെടുന്നത്. ലോകത്തിലെ ഏറ്റവും വലിയ മരുഭൂമി സഹാറയാണെങ്കിലും തുടർച്ചയായി മരുപ്രദേശമായി നിൽക്കുന്ന ലോകത്തിലെ ഏറ്റവും വലിയ മരുഭൂമി റുബുഉൽ





മണൽ കൂനകൾ (സാന്റ് ഡ്യൂൺ)

ഖാലിയാണ്. സഊദി അറേബ്യ, യമൻ, ഒമാൻ, യു എ ഇ മുതലായ രാജ്യങ്ങളാണ് അതിർത്തികൾ. പ്യാരീസിലെ ഈഫൽ ടവറിനെക്കാളും ഉയരമുള്ള മണൽ കൂനകൾ (സാന്റ് ഡ്യൂൺ) അവിടെ സുലഭമാണ്. ഭീമാകരമായ ഈ മരുഭൂമി കടക്കാൻ ഒട്ടകങ്ങളുടെ യാത്ര സംഘങ്ങൾക്ക് ആവുമായിരുന്നില്ല. ആദിന്റെ നാശകഥയെക്കുറിച്ച് പാരമ്പര്യമായി അറിയാവുന്ന ബദവികളായ അറബികൾ ഈ ഭാഗത്തേക്ക് നോക്കാൻ തന്നെ ഭയപ്പെടുമായിരുന്നു എന്നാണ് പറയപ്പെടുന്നത്. ആദിന്റെ നാശത്തെ പറ്റിയും ആ പ്രദേശത്തിന്നേറ്റ ശാപത്തെക്കുറിച്ചും ഇസ്‌ലാമിന്റെ ആവിർഭാവത്തിന്ന് മുമ്പ് തന്നെ നിരവധി കഥകൾ അവരിൽ പ്രചാരത്തിലുണ്ടായിരുന്നു. ചുറ്റു പ്രദേശങ്ങൾ പോലും വമ്പിച്ച തോതിൽ മരുക്കാറ്റിനാൽ മരുവൽക്കരിക്കപ്പെട്ട് വിപുലമായി കൊണ്ടിരിക്കുന്ന ഭീകരമായ മരുഭൂമിയാണിത്. പുരാതന കാലത്തുണ്ടായിരുന്ന യാത്രാപഥങ്ങൾ പലതും മണൽകൂനകൾ കൊണ്ട് ഈ മരുഭൂമി മായ്ച്ചുകളഞ്ഞിട്ടുണ്ട്

ആദ് സമൂഹത്തിന്ന് അവതീർണ്ണനായ ഹദ്‌റത്ത് ഹൂദ് നബി (അ) യുടെതെന്ന് വിശ്വസിക്കപ്പെടുന്ന വിശുദ്ധ മഖ്ബറ റുബുഉൽ ഖാലിക്കടുത്ത് യമനിലെ ഹദർമൗത്ത് സംസ്ഥാനത്തിന്റെ തലസ്ഥാനമായ സയിയോം പട്ടണത്തിൽ നിന്നും 140 കി മീ വടക്ക് കിഴക്കായി ആൾപ്പാർപ്പില്ലാത്ത വിജനമായ ഒരു മരുഗ്രാമത്തിലാണുള്ളത്. ശഅ്ബാൻ ആദ്യവാരത്തിൽ നടക്കുന്ന ഇവിടുത്തെ ഉറൂസിൽ നിരവധി മുസ്‌ലിം തീർത്ഥാടകർ എത്തി ചേരുകയും ഖബർ സിയാരത്ത് ചെയ്യുകയും ചെയ്യുന്നു.

ചരിത്രത്തിലാദ്യമായി അറിയപ്പെടുന്ന റുബുഉൽ ഖാലി പര്യവേഷണം നടന്നത് 1931 ബെർട്രാൻ തോമസ് എന്ന ബ്രിട്ടീഷ് കാരന്റെ നേതൃത്വത്തിലാണ്. 1932 ൽ സെന്റ് ജോൺ ഫിൽബിയും 1946 ന്നും 1950 ന്നുമിടയിൽ വിൽഫ്രഡ് തെസിഗറുമാണ് റബുഉൽ ഖാലി മുറിച്ചു കടന്ന മറ്റു സാഹസികർ. അതിന്ന് ശേഷം പല സാഹസിക യാത്രികരും റബുഉൽ ഖാലി മുറിച്ചു കടന്നിട്ടുണ്ട്. ഇന്ന് മരുഭൂമിയിൽ സഞ്ചരിക്കാൻ പ്രത്യേക സംവിധാനങ്ങളുള്ള വാഹനങ്ങളുണ്ട്. അവ ഉപയോഗിച്ച് മരുഭൂമിയുടെ വളരെ ഉൾപ്രദേശങ്ങളിൽവരെ ആളുകൾ സഞ്ചരിക്കാറുണ്ട്. 2006 ഫിബ്രവരി 25 ന്ന് സഊദി ജിയോളജിക്കൽ സർവ്വേ (Saudi Geological Survey) പരിസ്ഥിതി പ്രവർത്തകരും ജിയോളജിസ്റ്റുകളും ശാസ്ത്രജ്ഞരും അടക്കം സഊദികളും വിദേശീയരുമായ 89 പേരടങ്ങുന്ന ഒരു ശാസ്ത്ര സംഘം റുബുഉൽ ഖാലിയിലേക്ക് ഗവേഷണ പര്യടനം നടത്തുകയുണ്ടായി. അത്‌വരെ ലോകം അറിയപ്പെടാത്ത നിരവധി ചെടികളുടേയും ജീവികളുടേയും സ്പിഷീസുകൾ അവിടെ കണ്ടെത്തിയതായി ശാസ്ത്ര പ്രസിദ്ധീകരണങ്ങളിൽ കാണുന്നു. ഇപ്പോൾ ഡസേർട്ട് ടൂറിസവും മരുഭൂമിയിലേക്കുള്ള അഡ്വഞ്ചർ യാത്രകളും വിമാനത്തിലൂടെയുള്ള മുറിച്ചു കടക്കലും ഒരു പുതിയ ട്രെന്റായി വളർന്നിട്ടുണ്ടെങ്കിലും റുബുഉൽ ഖാലിയുടെ അഗാതമായ ഉൾഭാഗം ഇന്നും മനുഷ്യർക്ക് അപ്രാപ്യമാണ്. ഈ റുബുഉൽ ഖാലിയുടെ തീരങ്ങളിലെവിടെയോയാണ് മരുക്കാറ്റിൽ മണ്ണടിഞ്ഞ് നിത്യനിദ്രയിൽ മൃതസ്മാരകങ്ങളായിത്തീർന്ന ആദിന്റെ അവശിഷ്ടങ്ങളുള്ളത്.

### സമ്പന്നമായ പുരാതന യമൻ

അതിപുരാതനമായ ആദിന്റെ അധിവാസ ഭൂമിയാണ് റുബുഉൽ ഖാലി ഉൾപ്പെട്ട യമൻ. ശ്വാശ്വത നിവാസത്തിന്റെ സൗധങ്ങൾ നിർമ്മിക്കുകയും അഹങ്കരിക്കുകയും ചെയ്ത ശക്തിശാലികളായ ഒരു ജനതയയിരുന്നല്ലോ ആദ് സമൂഹം. ഇന്ന് മരുസ്ഥലിപോലെ കാണപ്പെടുന്ന ആദിന്റെ വാസസ്ഥലം അരുവികളാലും തണ്ണിർ തടാകങ്ങൾ കൊണ്ടും കാലി സമ്പത്തിനാലും ഹരിതാഭമായ തോട്ടങ്ങൾ കൊണ്ടും അനുഗ്രഹീതവും ജനനിബിഢവുമായിരുന്നുവെന്നും ഖുർആൻ പറയുന്നു:

**'അവൻ നിങ്ങൾക്ക് (ആദ്) കന്നുകാലികളെ കൊണ്ടും സന്താനങ്ങളെ കൊണ്ടും സഹായിച്ചിരിക്കുന്നു. തോട്ടങ്ങളും ജലത്തിന്റെ ഉറവിടങ്ങളെക്കൊണ്ടും (സഹായിച്ചു).'** *(26:134,135).*

ആദിന്റെ അധിവാസ കേന്ദ്രവും ഭരണ പ്രദേശങ്ങളുമായ പുരാതന യമനിലെ ജലസേചന സമ്പ്രദായങ്ങൾ ഇക്കാലത്തും നിലനിൽക്കുന്ന ലോകാത്ഭുതങ്ങളാണ്. അറബിയിൽ **'സദ്ദ് മഅ്രിബ്'** എന്നറിയപ്പെടുന്ന മഅ്രിബ് ഡാം (Ma'arib Dam) അതിലൊന്നാണ്. ബി സി 1750 മുതൽ 1700 നുള്ളിലാണ് ആ അണക്കെട്ട് നിർമ്മിച്ചതായി കണക്കാക്കപ്പെടുന്നത്. അതിപുരാതനമായ വേറെയും



പുരാതന കാലത്തെ മഅ്‌രിബ് ഡാമിന്റെ അവശിഷ്ടങ്ങൾ

ഡാമുകളുടെ അവശിഷ്ടങ്ങളും യമനിൽ കാണാം. ജുഫയ്ന ഡാം (Dam of Jufaynah) ഖാരിദ് ഡാം (Dam of Kharid) അദ്റ: ഡാം (Dam of Adra'ah) മിഖ്റാൻ ഡാം (Dam of Miqran) യത്താൻ ഡാം (Dam of Yath'an)മുതലായ ഇത്തരം പുരാതനമായ വൻ അണക്കെട്ടുകൾ യമനിലെ പൗരാണിക ചരിത്ര സ്മാരകങ്ങളാണ്. മധ്യകാലത്തെ അറബ് ഭൂമിശാസ്ത്രകാരനായ യാഖൂത്ത് അൽ ഹമാവി മഅ്‌രിബ് ഡാമിനെക്കുറിച്ച് വിവരിക്കുന്നത് കാണുക: **'മൂന്ന് പർവ്വതങ്ങൾക്കിടയിലാണ് അത് സ്ഥിതി ചെയ്യുന്നത്. ജലപ്രളയമുണ്ടാവുമ്പോൾ ഒരു സ്ഥലത്ത് ഒഴുകിയെത്തുന്ന ജലം ഒരു ദിശയിലേക്ക് ഒഴുകുന്നു. പുരാതന കാലത്തെ ആളുകൾ ആ ഒഴുകുന്ന ജലം കഠിനമായ പാറകളും ഇയ്യവുമുപയോഗിച്ച് തടഞ്ഞു നിർത്തിയിരിക്കുന്നു. അരുവികളിൽ നിന്നുള്ള ജലവും അവിടെ സംഭരിക്കപ്പെടുന്നു. അങ്ങിനെ ഡാമിൽ ശേഖരിക്കപ്പെട്ട് ആ ജലം ഒരു സമുദ്രം പോലെ ആയി തീരും. തങ്ങളുടെ കാർഷിക വൃത്തിക്ക് ആവശ്യമായി വരുമ്പോൾ അത് ഉപയോഗിക്കാൻ അവർക്ക് കഴിയുന്നു. ഇത് ഒരു സ്ലൂയിഡ് വാൽവ് മുഖേന അവർക്ക് ആവശ്യമുള്ളപ്പോൾ ജലസേചനം നടത്തുന്നു. ആവശ്യം കഴിഞ്ഞാൽ അവർ സ്ലൂയിഡ് വാൽവ് അടക്കുന്നു.'** (wikki peadia under -Ma'arib Dam ma)

ഭൗതികമായി പുരോഗമിച്ച ഈ അറബ് നാഗരികതക്ക് ശേഷം സമൂദ് വന്നു അവർക്ക് ശേഷം ആയിരത്തി അഞ്ഞൂറിലധികം വർഷം കഴിഞ്ഞ് ചരിത്രത്തിൽ അറിയപ്പെട്ട ഒരു പുരാതന ജനതയാണ് സബഅ്. ആദിനെ തുടർന്ന് തെക്കേ അറേബ്യയിൽ വന്ന പുരാതനമായ ഇത്തരം ജനതകളിലെല്ലാം ഈ സമൃദ്ധിയുടെയും സമ്പന്നതയുടെയും മിന്നലാട്ടങ്ങൾ കാണാം. വിശുദ്ധ ഖുർആനിലും (സൂറ:നമൽ) ബൈബിളിലും (രാജാക്കന്മാർ 10:2, സങ്കീർത്തനങ്ങൾ 72:15, യിരമ്യാവ് 6:20, ഇസക്കിയേൽ 27:22, 38:13 ഇയ്യോബ് 6:19) പുരാതനമായ അസീറിയൻ ബാബിലോണിയൻ രേഖകളിലും സബഅ് ജനതയെക്കുറിച്ച് പരാമർശമുണ്ട്. അവരുടെ സുപ്രസിദ്ധയായ ഭരണാധികാരി ബൽക്കീസ് (ശേബാ) രാജ്ഞിയെക്കുറിച്ചും സുലൈമാൻ നബി(അ)യെ പറ്റിയുമുള്ള പരാമർശങ്ങളാണവ. വിശ്വസാമ്രാട്ടും ധനികനുമായ സുലൈമാൻ നബി (അ) യുടെ സമ്പന്നതയോട് കിടനിൽക്കുന്ന അഭിവൃദ്ധി പ്രാപിച്ച ഒരു ഭരണാധികാരിയായിട്ടാണ് നമുക്ക് യമനിലെ ബൽക്കീസ് രാജ്ഞിയെ കാണാൻ കഴിയുക. അതിൽ ബൈബിളിലെ പരാമർശം ഇങ്ങിനെയാണ്.**'ശേബ രാജ്ഞി രാജാവിന്ന് നൂറ്റിയിരുപത് താലന്തു സ്വർണ്ണവും വളരെയേറെ സുഗന്ധ ദ്രവ്യങ്ങളും രത്നങ്ങളും സമ്മാനിച്ചു. അവൾ സമ്മാനമായി നൽകിയ അത്രയും സുഗന്ധദ്രവ്യങ്ങൾ മറ്റൊരു സമയത്തും സോളമൻ രാജാവിന്ന് ലഭിച്ചിട്ടില്ല.'** (രാജാ:10:10).

പുരാതന ലോകത്ത് കര/കടൽ വഴിയുള്ള യാത്രാപഥങ്ങളിലൂടെ നടന്ന കച്ചവടയാത്രകളും പടയോട്ടങ്ങളുമാണ് ലോക സമൂഹങ്ങളെ തമ്മിൽ ബന്ധിപ്പിച്ചിരുന്നത്. കരയിലൂടെയുള്ള ദീർഘദൂര കച്ചവടയാത്രകൾക്ക് ഒട്ടങ്ങളുമായി അഭേദ്യമായ ബന്ധമുണ്ടായിരുന്നു. മരുഭൂമിയുടെ പശ്ചാത്തലത്തിൽ ജീവിക്കുന്ന അറബികൾക്ക് ഒട്ടകം അവരുടെ ജീവിതത്തിന്റെ ഭാഗമാണ്. ഒട്ടകങ്ങളെ മെരുക്കാനും അവയെ യാത്രക്ക് ഉപയോഗിക്കാനും അവർക്ക് അനായാസം സാദ്ധ്യമാവുമായിരുന്നു. അതുപോലെ യാത്രകൾക്കായുള്ള അറബി കുതിരകളും പ്രസിദ്ധമാണ്. അതുകൊണ്ട് ഭൂഖണ്ഡാന്തര കച്ചവട യാത്രകൾക്ക് ഈ രണ്ട് മൃഗങ്ങളുടെയും ആനുകൂല്യങ്ങൾ അറബികൾ സ്വാഭാവികമായും ലഭിച്ചിരുന്നു. കരയിലൂള്ള സുദീർഘമായ ട്രേഡ് റൂട്ടുകളിലൂടെ (കച്ചവട യാത്രാ പഥം) കൊണ്ടുപോകുന്ന വസ്തുക്കൾ വിലകൂടിയവ ആയിരുന്നു. കാരണം വിലകുറഞ്ഞതും ഭാരപ്പെട്ടതുമായ ഭക്ഷ്യവസ്തുക്കളും മറ്റു സാധനസാമഗ്രികളും ആയിരക്കണക്കിന്ന് മൈലുകളുള്ള യാത്രാപഥങ്ങളിലൂടെ ദീർഘദൂരം നിരവധി ദിവസങ്ങൾ സഞ്ചരിച്ച് വഹിച്ചു കൊണ്ടു പോവുക അതീവദുഷ്ക്കരമാണ്. അത്കൊണ്ട് കുന്തിരിക്കം, മൂർ, മറ്റു സുഗന്ധ ദ്രവ്യങ്ങൾ, രത്നങ്ങൾ, വിലകൂടിയ കല്ലുകൾ, സ്വർണ്ണം മുതലായവ യായിരുന്നു കച്ചവട വസ്തുക്കൾ. പുരാതന ലോകത്തെ സുഗന്ധ ദ്രവ്യകച്ചവട യാത്രാപഥം (Incense trade rout) എന്ന് പേര് കേട്ട ട്രേഡ് റൂട്ട് തെക്കൻ അറേബ്യയിലൂടെയാ

ണ് കടന്നു പോകുന്നത്. യമനും ഒമാനുമടങ്ങുന്ന തെക്കൻ അറേബ്യയാണ് സുഗന്ധദ്രവ്യങ്ങളുടെ ഉദ്പാദന കേന്ദ്രം. ഈ അമൂല്യ വസ്തുക്കൾ വഹിച്ചു പോകുന്ന യാത്രാപഥങ്ങൾക്കരികിലാണ് ആദിന്റെ അധിവാസ ഭൂമിയായ യമൻ നിലകൊള്ളുന്നത്. സുഗന്ധ ദ്രവ്യങ്ങളുടെ കൃഷിക്ക് യമന്റെ പ്രശസ്തി പുകൾ പെറ്റതായിരുന്നു. മാത്രമല്ല മരുഭൂമിയിൽ വളരുന്ന വീര്യമേറിയ ഔഷധച്ചെടികളിൽ നിന്നുള്ള ഭാരം കുറഞ്ഞ മരുന്നുൽപ്പന്നങ്ങളും സ്വർണ്ണം മുതലായ വസ്തുക്കളും അവർ അന്തർ ദേശീയമായി വിപണവം ചെയ്തു. വിപണനവും സൈനികമായ പടയോട്ടങ്ങളും കൊണ്ട് അതിശ്ശക്തരായ ആദ് സമൂഹവും അവരെ തുടർന്ന് വന്ന അറബ് നാഗരികതയും ഇസ്‌ലാമിന്റെ ആവിർഭാവത്തിന്ന് മുമ്പ് തന്നെ വിദൂരദേശങ്ങളെയും പുരാതന ലോകത്തെയും വലിയൊരളവോളം സ്വാധീനിച്ചിരുന്നു എന്ന് തീർച്ചയാണ്.

മക്കയും മദീനയും സ്പർശിച്ച് കൊണ്ട് അറേബ്യക്ക് വടക്ക് പടിഞ്ഞാറുള്ള റോമിലേക്കും മെഡിറ്ററേനിയൻ പ്രദേശങ്ങളിലേക്കും വടക്ക് ഭാഗത്തുള്ള മെസപ്പെട്ടോമിയ (ഇറാക്ക്) യിലേക്കും സുഗന്ധ ദ്രവ്യ യാത്രാ പഥം നീളുന്നു. സുദീർഘമായ ഈ യാത്രാ പഥത്തിന്നരികിലാണ് പുരാതന കാലത്തെ രാജ്യങ്ങളിലെ കോട്ടകൊത്തളങ്ങളും ഭരണ കേന്ദ്രങ്ങളും അധിവാസ മേഖലകളുമുണ്ടായിരുന്നത്. ഈ യാത്രാപഥം അറേബ്യൻ ഉപഭൂഖൺഡത്തിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള മക്കയും മദീനയും സ്പർശിച്ച് വടക്ക് ഡമാസ്ക്കസിലെത്തുന്നു. അവിടെ കിഴകോട്ട് ഇന്ത്യയിലേക്കും ചൈനയിലേക്കും മറ്റു ഏഷ്യൻ രാജ്യങ്ങളിലേക്കും പോകുന്ന സിൽക്ക് റോഡുമായി ഈ യത്രാ പഥം കൂടിചേരുന്നു. പടിഞ്ഞാറ് റോമിലേക്കും മെഡിറ്ററേനിയനിലേക്കും ഈ വാണിജ്യപാത നീളുന്നു. അപ്രകാരം ഇറാഖിലെ പുരാതന ബാബിലോണിയയിൽ വെച്ചും ഈ സുഗന്ധ ദ്രവ്യ വാണിജ്യ പാതാ സിൽക്ക് റോഡുമായി ചേരുന്നു. യമനിലെ ഹദർമൗത്തിലുള്ള സുപ്രസിദ്ധമായ ഏഡൻ തുറമുഖം പ്രാചീനകാലം മുതൽക്കേ പുകൾ പെറ്റതാണ്. ആദമിന്റെ മക്കളായ കായേനും ആബേലും ഏഡൻ നഗരത്തിലാണ് ഖബറടക്കിയതെന്ന വിശ്വാസം ഇവിടുത്തുകാർക്കുണ്ട്. തെക്കൻ അറേബ്യയിലെ ഒമാനിൽ നിന്നും യമനിൽ നിന്നും അറബിക്കടലിലൂടെ ഇന്ത്യയിലേക്ക് എളുപ്പത്തിൽ സഞ്ചരിക്കാവുന്നതാണ്. പുരാതന കാലം മുതൽ ഇന്ത്യയുമായി ഈ അറബ് നാഗരികതക്ക് ഈ മാർഗ്ഗം വഴിയും ബന്ധം മുണ്ടായിരുന്നു. ഏഡൻ തുറമുഖത്ത് നിന്നും ഒമാനിലുള്ള തുറമുഖങ്ങളിൽ നിന്നും കടൽ മാർഗ്ഗം ഇന്ത്യയിലേക്ക് എളുപ്പത്തിൽ പ്രവേശിക്കാൻ കഴിയും.

ശ്രദ്ധേയമായ ഒരു കാര്യം 1937 വരെ യമനിലെ തുറമുഖ പട്ടണമായ ഏഡൻ നമ്മുടെ രാജ്യമായ ഇന്ത്യയുടെ ഭാഗമായിരുന്നു എന്നതാണ്. അവിടെ ഇന്ത്യൻ രൂപ തന്നെയായിരുന്നു നിലന്നിന്നിരുന്നത്. ബ്രിട്ടീഷ് ഇന്ത്യയിൽ ബോംബേ പ്രസിഡൻസിയുടെ കീഴിലായിരുന്നു ഏഡൻ തുറമുഖം. 1937 ൽ ബ്രിട്ടീഷുകാർ ഏഡനുമായുള്ള ഇന്ത്യൻ ബന്ധം വിഛേദിക്കുകയും അവരുടെ ക്രൗൺ കോളനിയായി നിലനിർത്തുകയും ചെയ്തു. 1963 ലാണ് ഏഡൻ ബ്രിട്ടീഷുകാർ പൂർണ്ണമായും യമന്ന് വിട്ടുകൊടുത്തത്. ഇന്ത്യയും യമനുമായുള്ള വളരെ അടുത്ത ബന്ധം പുരാതന കാലം മുതൽക്ക് തന്നെ ഉണ്ടായിരുന്നു. അത് കൊണ്ട് തന്നെ അറേബ്യൻ സംസ്കാരം ഇന്ത്യയിൽ സ്വാധീനം ചെലുത്താനുള്ള സാദ്ധ്യത വളരെ അധികമാണ്. നമ്മുടെ കേരളത്തിൽ നിന്നു തന്നെ അതിന്നുള്ള തെളിവുകൾ ലഭിച്ചു കൊണ്ടിരിക്കുകയാണ് എന്ന കാര്യം സാന്ദർഭികമായി ഇവിടെ പരാമർശിക്കട്ടെ. കേരളത്തിൽ 2007 മുതൽ Kerala Council for Historical Research (KCHR) ന്റെ ആഭിമുഖ്യത്തിൽ ബ്രിട്ടനിലേയും ഇറ്റലിയിലേയും അന്തരാഷ്ട്ര ഏജൻസികളും ചേർന്ന് പുരാവസ്തു ഖനനം നടന്നുവരുന്ന ഒരു സ്ഥലമാണ് എറണാകുളം ജില്ലയിലെ 'പട്ടണം' എന്ന ഗ്രാമം. കൊടുങ്ങല്ലൂരിന്നും വടക്കൻ പറവൂരിന്നും ഇടയിലുള്ള ഈ സ്ഥലത്ത് ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പുരാവസ്തു ഖനനം അന്താരാഷ്ട്ര പ്രശസ്തി നേടിക്കഴിഞ്ഞു. നമ്മുടെ പുരാതന ചരിത്രത്തിൽ വളരെയേറെ മാറ്റത്തിരുത്തലുകൾ പ്രതീക്ഷിക്കുന്ന ഫലങ്ങളാണ് ഇവിടുത്തെ ചരിത്ര ഖനനത്തിൽ വെളിപ്പെട്ടു കൊണ്ടിരിക്കുന്നത്. സംഘസാഹിത്യങ്ങളിൽ പ്രതിപാദിക്കകപ്പെട്ട പുരാതന പ്രസിദ്ധമായ മുസ്‌രിസ് (കൊടുങ്ങലൂർ) ഈ സ്ഥലം (പട്ടണം) ആണെന്ന അഭിപ്രായത്തിന്ന് പ്രാബല്യമേറിവരികയാണ്. പട്ടണത്തിൽ നിന്നും ലഭിച്ച പുരാവസ്തുക്കൾ തെക്കൻ അറേബ്യയിലെ പുരാതന യമനുമായി ഇസ്‌ലാം വരുന്നതിന്ന് സഹസ്രാബ്ദം മുമ്പേ മുമ്പേ അന്നത്തെ തമിഴകത്തിന്റെ ഭാഗമായിരുന്ന കേരളത്തിന്റെ വ്യാപാര ബന്ധത്തെ സൂചിപ്പിക്കുന്നു. ഇതോടനുബന്ധിച്ച് The Hindu പത്രത്തിൽ വന്ന ശ്രദ്ധേയമായ ഒരു ലേഖനത്തിൽ നിന്നെടുത്ത ഉദ്ദരണി ഇങ്ങനെയാണ്.

**'3,384 കഷണം ടോർപ്പിഡോ ജാറുകളുടെ കഷ്ണങ്ങളും 1,720 തിളങ്ങുന്ന നീല പിഞ്ഞാണ പാത്രങ്ങൾ എന്നിവ 'പട്ടണത്തിൽ' നിന്നും കണ്ടെടുക്കുകയുണ്ടായി. ഇത് തമിഴകത്തിന്റെ ഭാഗമായിരുന്ന പട്ടണവും തെക്കൻ അറേബ്യയും തമ്മിലുള്ള വളരെ സജീവമായ വ്യപാര ബന്ധങ്ങളെ സൂചിപ്പിക്കുന്നു. KCHR ഉം മറ്റു ഏജൻസികളുമാണ് പട്ടണം സൈറ്റിൽ ഖനനം**

**ശേഷം പേജ് 42 ൽ**

# ദൈവവിധിയും പ്രവർത്തന സ്വാതന്ത്ര്യവും

മനുഷ്യൻ പൂർവ്വകൽപ്പിതമായ വിധിയുടെ വെറും ബലിയാടാണോ?. അവന് സ്വയം തിരെഞ്ഞെടുക്കാനും നിർണ്ണയിക്കാനുമുള്ള സ്വാതന്ത്ര്യമില്ലേ? എന്താണ് ദൈവവിധിയുടെ രഹസ്യം? ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമന്റെ The Elementary Study of Islam എന്നപുസ്ത്കത്തിൽ നിന്നും വിവർത്തനം ചെയ്തതാണ് ഈ ലേഖനം.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

വിധിയെ സംബന്ധിച്ച പ്രശ്നങ്ങൾ യുഗങ്ങളായി തത്വജ്ഞാനികളും ദിവ്യജ്ഞാനികളും ഒരുപോലെ ചർചചെയ്തു വരുന്ന അതി സങ്കീർണമായ ഒരു വിഷയമാണ്. ഏറെകുറെ എല്ലാ മതങ്ങളിലും വിധിയെപ്പറ്റി ചിലതെല്ലാം പ്രതിപാദിച്ചിട്ടുണ്ട്.

വിധിയിൽ വിശ്വസിക്കുന്നവരെ വലിയ രണ്ടു വിഭാഗങ്ങളായി നമുക്ക് തരം തിരിക്കാം. വലുതും ചെറുതുമായ എല്ലാ കാര്യങ്ങളും ദൈവം മുൻകൂട്ടി വിധിച്ചുവെച്ചിരിക്കുന്നു എന്ന് പൊതുവേ കണ്ണടച്ചു വിശ്വസിക്കുന്നവരാണ് ഒരു വിഭാഗം. സാധാരണക്കാരിൽ നിന്നും അകന്ന് ജീവിക്കുന്ന നിഗൂഢവാദികളായ സൂഫികളിൽ ഈ വീക്ഷണം വ്യാപകമാണ്. ഒരു കാര്യത്തെയും നിയന്ത്രിക്കാനുള്ള യാതൊരുകഴിവും മനുഷ്യന് നൽകപ്പെട്ടിട്ടില്ല എന്നാണ് അവരുടെ വാദം. എല്ലാം തന്നെ മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതാണ്. ദൈവത്തിന് മാത്രം അറിയാവുന്ന പൂർവ്വനിശ്ചിതമായ ഒരു ബൃഹദ് പദ്ധതിയുടെ ചുരുൾ നിവരലാണ് എല്ലാ സംഭവങ്ങളും എന്ന് അവർ വിശ്വസിക്കുന്നു. കുറ്റം, ശിക്ഷ, പിഴ, പ്രതിഫലം എന്നീ വിഷയങ്ങളിലേക്ക് അനിവാര്യമായും നയിക്കപ്പെടുന്ന പ്രശ്നസങ്കീർണമായ ഒരു ദൈവികാസൂത്രണ സങ്കൽപ്പമാണിത്. ഒരാൾക്ക് തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യമില്ലെങ്കിൽ പിന്നെ അയാളുടെ കർമ്മങ്ങൾക്ക് പ്രതിഫലമോ ശിക്ഷയോ നൽകാൻ പാടുള്ളതല്ല.

മറ്റൊരു വീക്ഷണം മനുഷ്യന് സ്വതന്ത്രമായി തിരഞ്ഞെടുക്കാനുള്ള കഴിവ് നൽകപ്പെട്ടിരിക്കുന്നു എന്നതാണ്. മനുഷ്യൻ തിരഞ്ഞെടുക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്ന കാര്യങ്ങളിൽ പ്രായോഗികമായി വിധിക്ക് യാതൊരു പങ്കുമില്ല.

വിധിയെ പറ്റിയുള്ള ഈ ചർച്ചക്കിടയിൽ കടന്നുവരികയും കൂടുതൽ സങ്കീർണത വരുത്തിവെക്കുകയും ചെയ്യുന്ന മറ്റൊരു പ്രധാന താത്വിക വിഷയമുണ്ട്. അത് മുൻക്കൂട്ടിയുള്ള അറിവിനെ സംബന്ധിച്ച പ്രശ്നമാണ്. ഭാവിയിൽ വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ദൈവത്തിന് മുൻകൂട്ടി അറിയാമെന്നിരിക്കെ ദൈവം എങ്ങിനെയാണ് അതിനോട് പ്രതികരിക്കുക? ഈ ചോദ്യത്തിനുള്ള ഉത്തരം വളരെ വികലമായ രീതിയിലാണ് ഇരുവിഭാഗവും ചർച്ചാ വേളയിൽ കൈകാര്യം ചെയ്യുന്നത്. വിധിയെ സംബന്ധിച്ച് വിശ്വാസികളും അവിശ്വാസികളും ഉന്നയിക്കുന്ന വാദപ്രതി വാദങ്ങളെപ്പറ്റി സുദീർഘമായ വിലയിരുത്തലിന്ന് മുതിരുന്നില്ല. ദൈവവിധിയെ സംബന്ധിച്ചുള്ള ഇസ്‌ലാമികമായ ഒരു കാഴ്ചപ്പാട് അവതരിപ്പിക്കുക മാത്രമാണ് ഇവിടെ ചെയ്യുന്നത്.

ദൈവവിധി പല വിധത്തിലുണ്ട്. ഓരോന്നും അതാതിന്റെ തലത്തിൽ ഒരേസമയം ഉചിതമായ രീതിയിൽ പ്രവർത്തിക്കുന്നു. പ്രകൃതിനിയം എല്ലാറ്റിനേയും ചൂഴ്ന്നു നിൽക്കുന്നു. യാതൊന്നും തന്നെ അതിന്റെ സ്വാധീനത്തിൽ നിന്നും അതീതമല്ല. സർവ്വ വലയിതമായ ഈ പ്രകൃതി നിയമമാണ് വിധിയെ സംബന്ധിച്ച വിശാലമായ സങ്കൽപ്പമായി അറിയപ്പെടുന്നത്. പ്രകൃതി നിയമത്തെപ്പറ്റി അഗാധമായ അറിവ് ഒരാൾ ആർജിക്കുകയാണെങ്കിൽ താരതമ്യേന അതിനെ പറ്റി അത്ര ഗ്രാഹ്യതയില്ലാത്ത മറ്റൊരാളെക്കാൾ കൂടുതൽ ഫലങ്ങൾ കൊയ്യാനാവും. അത്തരം ആളുകൾക്ക് നേട്ടമുണ്ടാക്കാനും നല്ല ജീവിതം കരുപ്പിടിപ്പിക്കാനും സാധിക്കുന്നു. ഇവരാരും തന്നെ പ്രകൃതി നിയമത്തിലെ ശരിയുടേയും തെറ്റിന്റേയും അടിസ്ഥാനത്തിൽ

ഒരു പ്രത്യേക ഗ്രൂപ്പിൽപ്പെടുത്തി കൊണ്ട് സൽഫലങ്ങൾ അനുഭവി ക്കാൻ മുൻക്കൂട്ടി വിധിക്കപ്പെട്ടവ രല്ല.

യൂറോപ്യൻ നവോത്ഥാനത്തി ന് തൊട്ട് മുമ്പുള്ളകാലഘട്ടത്തിൽ പൗരസ്ത്യ ദേശത്തെ മുസ്ലിം ലോകം പ്രകൃതി നിയമം മനസ്സിലാ ക്കുന്നതിൽ ബഹുദൂരം മുന്നിലായി രുന്നു. ഈ അറിവ് കാരണം മുസ്ലിംകൾ നേട്ടങ്ങൾ കൈവരി ക്കുകയുണ്ടായി. മുൻവിധി ഇല്ലാതെ യും തുറന്ന മനസ്സോടെയുമുള്ള ഈ പ്രകൃതിപഠനം പിന്നീട് പാശ്ചാത്യ ദേശത്തേക്ക് മാറി. അത് യൂറോപിൽ പുതിയ ജ്ഞാനോദയ ത്തിന്റെ തുടക്കം കുറിച്ചു. അതേ സമയം പൗരസ്ത്യ രാജ്യങ്ങൾ ഭാവനാവിലാസത്തിന്റേയും ദിവാ സ്വപ്നത്തിന്റേയും അന്ധവിശ്വാസ ങ്ങളുടേയും ദീർഘമേറിയ യാമ ത്തിൽ നിതാന്ത മയക്കത്തിലായിരു ന്നു. തീർച്ചയായും ഇത് വിധിയാ യിരിക്കാം. എന്നാൽ അത് പൊതുവായി മനസ്സിലാക്കപ്പെടുന്ന തിൽ നിന്നും വ്യത്യസ്തമാണ്. ഈ അർത്ഥത്തിൽ അതിസങ്കീർണ്ണമായ നമ്മുടെ ആവാസ വ്യവസ്ഥയിലെ അന്തരീക്ഷ സംന്തുലനത്തിലുണ്ടാ വുന്ന ചാക്രികവും കാലികവുമായ ചില മാറ്റങ്ങളെപ്പറ്റി ഇവിടെ പ്രതിപാദിക്കാം. വളരെ വിദൂരത യിലുള്ള സൂര്യനിലെ കറുത്ത പൊട്ടുകളുടെ (sun spot) സ്വാധീ നം പോലും ഈ പ്രതിഭാസത്തിന്ന് പിന്നിലുണ്ട്. അപ്രകാരം ഗ്രഹങ്ങളി ൽ പതിക്കുന്ന ഉൽക്കാപാതങ്ങൾ ഭൂമിയിലെ കാലാവസ്ഥാ വ്യതിയാന ങ്ങളിൽ പ്രതിഫലിക്കാറുണ്ട്. ചാക്രി കമായ കാലാവസ്ഥാമാറ്റത്തോടൊ പ്പം ഇത്തരം പ്രതിഭാസങ്ങൾ തികച്ചും വ്യത്യസ്തമായ ഒരു വിധിയാണിത്. ഇവിടെ വിധിയു മായി ബന്ധപ്പെട്ട് മുൻകൂട്ടി വിധിക്കപ്പെട്ട ഒരേയൊരു നിയമം എന്താണെന്ന് വെച്ചാൽ, ആരാണോ പ്രകൃതി നിയമം മുൻവിധിയില്ലാതെ പഠിക്കുന്നത് അയാൾ നേട്ടത്തിന്റെ പാതയിലേക്ക് നയിക്കപ്പെടുന്നു എന്നതാണ്. ഈനിയമം പൊതു വായുള്ളതും എല്ലാറ്റിനേയും ചൂഴ്ന്നു നിൽക്കുന്നതുമായ ഗണത്തിൽപ്പെട്ടതാണ്. എന്നാൽ മതവുമായി ബന്ധപ്പെട്ട വിധിയുടെ നിയമത്തിന്ന് ഇത് ബാധകമല്ല.

മതകാര്യത്തിൽ പ്രാവർത്തിക മാകുന്ന വിധിയെപ്പറ്റിയുള്ള ചർച്ച യിലേക്ക് പോകുന്നതിന്ന് മുമ്പായി പ്രകൃതി നിയമത്തിന്റെ സാർവ്വ ത്രികമായ വിധി ചില മേഖലയിൽ പ്രവർത്തിക്കുന്നത് സംബന്ധിച്ച് നാം കുറച്ചു കൂടി ആഴത്തിൽ മനസ്സിലാക്കേണ്ടതുണ്ട്. സാർവ്വ ത്രികമായ പ്രകൃതി നിയമത്തിന്റെ പ്രവർത്തനത്തിൽ മുൻകൂട്ടി വിധി ക്കപ്പെട്ട വിധിയുടെ ചില പ്രത്യേക തകൾ അത് സസ്യജാലങ്ങളു ടെയും ജീവിവർഗങ്ങളുടെയും വളർച്ചയെ സൂക്ഷ്മമായി സ്വാധീനി ക്കുന്നു. (നിരവധി മറ്റു ഘടകങ്ങളു മുണ്ടാകാം. പലതും ഇപ്പൊഴും അജ്ഞാതമാണ്.) ഭൂമിയിൽ വരൾച്ച യും കാലാവസ്ഥയും ഒരു സ്ഥല ത്തുനിന്നും മറ്റൊരുസ്ഥലത്തേക്ക് മറുന്നതിൽ മറ്റുനിരവധി ഘടകങ്ങ ളുടെ സ്വാധീനമുണ്ടായിരിക്കാം. ഹിമയുഗവും ആഗോള താപനവും മറിമാറി വരുന്നതിലും മറ്റു പ്രാപ ഞ്ചിക പ്രതിഭാസങ്ങളുടെ ഇടപെട ൽ ഉണ്ടായേക്കാം. എന്തുതന്നെ യായാലും ഇത്തരം സ്വാധീനങ്ങൾ ഭൂമിയിലെ ഒരു വ്യക്തിയിൽ പ്രതിഫ ലിക്കുന്നില്ല. എന്നാൽ അന്തിമ വിശകലനത്തിൽ ഹോമോസാപി യൻ കുടുബത്തിലെ വ്യക്തികൾ എന്ന നിലയിൽ ഒരളവോളം ഇത് ഒരോരുത്തരേയും ബാധിക്കുന്നു

ഓരോ മനുഷ്യന്റെയും ജീവി തം മുൻകൂട്ടി ആസൂത്രണം ചെയ്യ പ്പെട്ടതാണെന്നതിന്നോ നന്മതിന്മക ളും ശരി തെറ്റുകളും തിരഞ്ഞെടു ക്കുന്നതിൽ അവന്ന് സ്വാതന്ത്ര്യമി ല്ലെന്നതിന്നോ തെളിവുമില്ല. വിശുദ്ധ ഖുർആൻ നിർബന്ധത്തിന്റെ സങ്ക ൽപ്പം പാടെ നിരാകരിക്കുകയും എല്ലാ മനുഷ്യർക്കും നന്മതിന്മകൾ തിരഞ്ഞെടുക്കാൻ പൂർണ്ണ സ്വാത ന്ത്ര്യമുണ്ടെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു.

മത കാര്യങ്ങളിൽ യാതൊരു നിർബന്ധവുമില്ല.(2:257)

അല്ലാഹു അവന്റെ കഴിവിൽ പ്പെട്ടതല്ലാതെ ഉത്തരവാദിത്വമേൽപ്പി ക്കുന്നില്ല. (2:287)

താൻ പ്രവൃത്തിച്ചതല്ലാതെ മറ്റൊന്നും മനുഷ്യന് ലഭിക്കുന്നതല്ല (53:40)

എതായാലും മതവുമായി ബന്ധപ്പെടുത്തി പറയുമ്പോൾ മുൻകൂട്ടി തീരുമാനിക്കപ്പെട്ടതും മാറ്റാൻ പറ്റാത്തതുമായ വിധിയുടെ ചില മേഖലകളുണ്ട്. ആ മേഖലക ളെ ദൈവത്തിന്റെ 'സുന്നത്ത്' എന്നാണ് വിശുദ്ധ ഖുർആൻ വിശേഷിപ്പിച്ചിട്ടുള്ളത്. അത്തരത്തി ലുള്ള ഒരു സുന്നത്താണ് ദൈവ ത്തിന്റെ പ്രവാചകന്മാരുടെ വിജയ ത്തെ സംബന്ധിച്ച വിധി. അതായത് പ്രവാചകന്മാർ, അവർ ജനങ്ങളാൽ സ്വീകരിക്കപ്പെട്ടാലും ഇല്ലെങ്കിലും അവർ എപ്പോഴും വിജയിക്കപ്പെടും എന്ന വിധി. ആ വിധി തീരുമാനി ക്കപ്പെട്ടതാണ്. അവർ ജനങ്ങളാൽ സ്വീകരിക്കപ്പെടുമ്പോൾ അവരുടെ ശത്രുക്കളുടെ ആസൂത്രണങ്ങളെ ല്ലാം നിഷ്ഫലമാകുന്നു. പ്രവാചക ന്മാരുടെ ശത്രുക്കൾ എത്ര ശക്തരാ യിരുന്നാലും ശരി അവരുടെ സന്ദേശവും ദൗത്യവും എപ്പോഴും അതിജീവിക്കുകതന്നെ ചെയ്യും. മുനുഷ്യ ചരിത്രത്തിലെ ഏതാനും ഉദാഹരണങ്ങളിതാ. മൂസാ നബി (അ)യും ഫിർഔനും തമ്മിലുള്ള സംഘർഷം, ഈസാ നബി(അ)യും അദ്ദേഹത്തിന്റെ ശത്രുക്കളും തമ്മിലുള്ള സ്പർദ്ധ, മുഹമ്മദ് നബി(സ)യും അദ്ദേഹത്തിന്റെ എതിരാളികളും തമ്മിലുള്ള ശാത്ര വം. പ്രവാചകരും അവരുടെ ശത്രുക്കളും തമ്മിലുള്ള ഈ സമരങ്ങളിൽ മതങ്ങൾക്കാണ് എപ്പോഴും വിജയ മുണ്ടായിട്ടുള്ളത് എന്നത് ഭൂതകാലത്തിന്റെ പൈതൃക ശേഷിപ്പായി നിലനിൽക്കുന്നു. ഇബ്രാഹിം നബി (അ) യുടെ

വിശ്വാസവും സന്ദേശവും ഉയർത്തിപ്പിടിച്ചവർ ലോകത്ത് പ്രബലരായി നിൽക്കുന്നു. മൂസാ നബി(അ)യും അദ്ദേഹത്തെ ബഹുമാനിക്കുന്നവരും, ഈസാ (അ) നബിയും അദ്ദേഹത്തിന്റെ സന്ദേശം കൈകൊണ്ടവരും പ്രവാചക തിരുമേനി(സ)യും അദ്ദേഹത്തിന്റെ ആദർശങ്ങളും മുഴുലോകത്തും മുന്നിട്ട് നിൽക്കുന്നു. എന്നാൽ പ്രവാചകന്മാരുടെ ശത്രുക്കൾ ഉയർത്തിപിടിച്ച മൂല്യങ്ങളെയും അവർ ഉന്നയിച്ച വാദങ്ങളെയും പിന്തുടരുന്ന ആരെയും തന്നെ ഇന്ന് കാണുന്നില്ല. പൊതുവേയുള്ള നിയമം ശക്തവാൻ ദുർബലനെ ഉന്മൂലനം ചെയ്യും എന്നാണല്ലോ എന്നാൽ മതങ്ങളുടെ കാര്യത്തിലുള്ള വിധി നേരേ മറിച്ചാണ്. അത് അലംഘനീയ തത്വവുമാണ്.

പ്രകൃതിനിയമങ്ങൾ അനായാസം മുന്നോട്ട് പോകുമ്പോൾ സാധാരണ ഗതിയിൽ അതിന്റെ പൊതുനിയമത്തിൽ ആർക്കും തന്നെ അതിൽ അസാധാരണത്വം കാണാൻ സാധ്യമല്ല. എന്നാൽ ഖുർആനിക വചനങ്ങളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത് നമുക്കറിയാവുന്ന പ്രകൃതിനിയമങ്ങൾ പല തരത്തിലുള്ളവയും ചില പ്രവർത്തന തലങ്ങളിൽ പ്രത്യേക രീതിയിൽ പ്രവർത്തിക്കുന്നതുമാണ്. അവ തങ്ങളുടെ തലത്തിൽ പരസ്പരം ഏറ്റുമുട്ടുന്നില്ല. ഒന്ന് മറ്റൊന്നിനെതിരെ പരസ്പരം അഭിമുഖമായി വരുമ്പോൾ കൂടുതൽ പ്രബലമായ നിയമം ദുർബലമായ നിയമത്തിന്നു മേൽ മേൽകൈ നേടുന്നു. എങ്കിലും വൈപുല്യമുള്ളതും വളരെ ദൂരപരിധിയിൽ സ്വാധീനമുള്ളതുമായ ചില നിയമങ്ങൾ ചെറിയ തലത്തിൽ, അവിടെ പ്രബലമായിട്ടുള്ള ചില നിയമങ്ങളോട് ഏറ്റുമുട്ടി പരാജയപ്പെടും. ഒരു നിശ്ചിത പരിധിയിൽ താപഗതിക ബലവും (Thermodynamics force) വിദ്യുത് കാന്തിക ബലവും (Electrom agnetic force) ഗുരുത്വ ബലത്തി(Gravity force)നെതിരെ വരുകയാണെങ്കിൽ അത് ഗുരുത്വ ബലത്തിനുമേൽ മേൽകൈ നേടും. എന്നാലും ഗുരുത്വ ബലമാണ് കൂടുതൽ വിപുലമായും ദൂരപരിധിയിലും പ്രവർത്തിക്കുന്നത്. പ്രകൃതിയെ സംബന്ധിച്ച മനുഷ്യന്റെ ധാരണകൾ കാലാകാലങ്ങളിൽ വികസിക്കുന്തോറും അസാധ്യം എന്ന് പറഞ്ഞ് തള്ളിക്കളഞ്ഞ പല കാര്യങ്ങളും സാധാരണമാണെന്ന തിരുത്തലുണ്ടാവുകയും ചെയ്യുന്നു.

ഈ ആമുഖത്തിന്റെ പശ്ചാത്തലത്തിൽ ഇസ്‌ലാമിക വീക്ഷണ പ്രകാരം ദൈവത്തിന്റെ ഒരു പ്രത്യേക ദാസന് തന്റെ പ്രത്യേകമായ അനുഗ്രഹം ചൊരിയണമെന്നു തീരുമാനിച്ചാൽ അവന്റെ നിഗൂഢമായ ചില നിയമങ്ങളുടെ പ്രത്യക്ഷ പ്രകടനം ഗോചരമായി വരുന്നു. അത് കാണുന്നവർ അതിനെ ദിവ്യാത്ഭുതമെന്നും പ്രകൃത്യാതീത സംഭവമെന്നും വിളിക്കുന്നു. എന്നാൽ ഈ സംഭവങ്ങൾ സൂക്ഷ്മമായി അത്ഭുതകരമായ ഫലങ്ങളുളവാക്കികൊണ്ട് പ്രകൃതി നിയമങ്ങൾക്കനുസരിച്ചായിരിക്കും സംഭവിക്കുക. ഇവിടെ ദൈവത്തിന്റെ സവിശേഷ ദാസന്മാർക്ക് അനുകൂലമായി വിധി പ്രത്യേക നിലയിൽ പ്രവർത്തിക്കുന്നു.

അപ്രകാരം സാഹചര്യങ്ങളുടെ നിസ്സഹായനായ ഉൽപ്പന്നം എന്ന നിലയിൽ പിറന്നു വീഴുന്ന വ്യക്തിയുടെ വിധി അയാളുടെ ജനിതകം, സാമൂഹ്യം, സാമ്പത്തികം, വിദ്യാഭ്യാസം എന്നിവയുടെ പശ്ചാത്തലത്തിൽ മനസ്സിലാക്കണം. മനുഷ്യന് യാതൊരു നിയന്ത്രണവുമില്ലാത്ത ഈ നിസ്സഹായതയാണ് അവന്റെ വിധി നിശ്ചയിക്കുന്നത്. അതുകൊണ്ടാണ് ഒരു ധനികന്റെ കുഞ്ഞ് വായിൽ വെള്ളിക്കരണ്ടിയുമായി ജനിക്കുന്നു എന്ന് പറയുന്നത്.

ഒരുമനുഷ്യൻ ജനിച്ചു വീഴുന്ന സാഹചര്യം, അവൻ വളരുന്ന സാമൂഹ്യ പശ്ചാത്തലം, ഒരാളുടെ ദൈനദിന ജീവിതത്തിൽ ലഭ്യമാകുന്ന അവസരങ്ങളുടെ അവിചാരിതമായ സാധ്യതകൾ, ഭാഗ്യം എന്നും നിർഭാഗ്യം എന്നും വിളിക്കപ്പെടുന്ന സംഭവങ്ങളുടെ വിളയാട്ടങ്ങൾ, നേട്ടങ്ങളായി തീരുകയോ കോട്ടങ്ങളായിതീരുകയോചെയ്യുന്ന ആഘാതങ്ങൾ പരിക്കേൽക്കുയോ രക്ഷപ്പെടുകയോ ചെയ്യുന്ന അപകടങ്ങൾ ഇത്തരം സംഗതികളിലെല്ലാം മനുഷ്യന് തിരഞ്ഞെടുക്കാനുള്ള അവസരം കുറവാണ്. എങ്കിലും ജീവിതം ക്ഷേമകരമാക്കാനും നാശം വരുത്താനും ഉതകുന്ന പ്രധാനപ്പെട്ട ചില സംഭവങ്ങൾക്കും ആകസ്മികതകൾക്കും അയാൾ പ്രത്യേകമായി ശരവ്യമാകുകയായിരുന്നുവെന്ന് കണക്കാക്കപ്പെടുന്നില്ല.

ദാരിദ്ര്യം പിടിപെട്ട വീടുകളിൽ ജനിക്കുന്ന കുട്ടികൾ ചെറിയതോതിലുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നതിന്ന് എളുപ്പത്തിൽ വിധേയനാകുന്നു വലുതായ കുറ്റകൃത്യങ്ങളിലേക്ക് പോലും അവർ വഴുതിവീഴുന്നു. കുറ്റം ഉൽപാദിപ്പിക്കപ്പെടുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്ന ഏറ്റവും വലിയ സമ്മർദ്ദ ശക്തിയാണ് ദാരിദ്ര്യം. ഇതാണ് വിധിയെന്ന് മനസ്സിലാക്കപ്പെടുന്നുവെന്ന് വരികയാണെങ്കിൽ അത് സ്രഷ്ടാവിനെ സംബന്ധിച്ച സഗൗരവമായ ഒരു ചിന്തയിലേക്ക് വെളിച്ചം വീശുന്നു. അതിനാൽ നാം ആദ്യമായി വ്യക്തമായും മനസ്സിലാക്കേണ്ടത് വിധി എന്നത് ഏതെങ്കിലും കുടുബത്തിലെ പ്രത്യേക വ്യക്തികൾക്കെതിരെ പുറപ്പെടുവിക്കുന്ന പ്രത്യേക ശാസനയൊന്നുമല്ല. മറിച്ച് വിധി എന്നത് ബൃഹത്തായ ആസൂത്രണ പദ്ധതിയുടെ ഒരു ഭാഗം മാത്രമാണ്. ബൃഹത്തായ ഒരു സാമ്പത്തിക പദ്ധതിയിൽ അതിന്റെ ആപേക്ഷിക ഗുണഭോക്താക്കളായി സമ്പന്നരും ദരിദ്രരും ഉണ്ടായിരിക്കേണ്ടതുണ്ട്. അവരെയെല്ലാം വിധിയുടെ വിധാതാവ് ഇത്തരം പരിതസ്ഥിതിയിൽ ജനിപ്പിക്കാൻ വേണ്ടി അവരുടെ ജനനത്തിന്ന്

ശേഷം പേജ് 22 ൽ

# സൂര്യമാതൃകയിൽ പുതിയ ഊർജ്ജസ്രോതസ്സ്

നിങ്ങളുടെ മുകളിൽ നാം സുഭദ്ര സപ്തകം നിർമ്മിക്കുകയും കത്തിത്തിളങ്ങുന്ന ഒരു ദീപം (സൂര്യൻ) നാം സ്ഥാപിക്കുകയും ചെയ്തു. (അന്നബഅ് 78:13) സൂര്യനും ചന്ദ്രനും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് (41:38)

അല്ലാഹു നമ്മുടെ ഭൂമിക്ക് മുകളിൽ ഏഴ് നിർമ്മിതികൾ (ഗോളങ്ങൾ) സ്ഥാപിക്കുകയും അതിൽ സൂര്യനെ ('സിറാജൻ വഹാജൻ' ഊർജ്ജം നൽകുന്ന വിളക്ക്, ചൂട് നൽകുന്ന വിളക്ക്) സ്ഥാപിക്കുകയും ചെയ്തു. നമ്മുടെ സൗരയുഥത്തെ ആകെ ഊർജ്ജദായകമാക്കുന്നത് സൂര്യനാണ് എന്ന സൂചനയാണ് ഖുർആൻ നൽകുന്നത്. മനുഷ്യന്റെ വളർച്ചക്കും സേവനത്തിനുമായി കോടാനുകോടി വർഷങ്ങളായി നിശ്ശബ്ദമയി സൂര്യൻ സേവനം ചെയ്യുന്നു. അപ്രകാരം ദൈവം സൂര്യനെ പഠിച്ചു മനസ്സിലാക്കാവുന്ന ദൃഷ്ടാന്തവുമാക്കിയിരിക്കുന്നു. സൂര്യനിലെ ഊർജ്ജ പ്രഭാവത്തിന്റെ ഭൗതിക പ്രതിഭാസം അഥവാ ന്യൂക്ലിയർ ഫ്യൂഷൻ ഭൂമിയിൽ പുനരാവിഷ്ക്കരിച്ച് കൊണ്ട് പ്രകൃതിക്ക് അനുയോജ്യവും പരിസ്ഥിതി സൗഹൃദവുമായ രീതിയിൽ ഊർജ്ജ പ്രതിസന്ധിയെ നേരിടാൻ തയ്യാറെടുക്കുകയാണെന്ന് ലേഖകൻ വിശദീകരിക്കുന്നു.

**താരീഖ് അലനല്ലൂർ**

മനുഷ്യന് മുന്നിലുണ്ടായിരുന്ന ഏറ്റവും വലിയ ശാസ്ത്രീയവും സാങ്കേതികവുമായ വെല്ലുവിളികളിൽ ഒന്നിനെ മറികടക്കുന്നതിൽ ഒരടി കൂടി നമ്മൾ അടുത്തിരിക്കുന്നു എന്നാണ് ഈ ഫലങ്ങൾ സൂചിപ്പിക്കുന്നത്. ശാസ്ത്രചരിത്രത്തിലെ ഏറ്റവും വലിയ നാഴികക്കല്ലുകളിലൊന്ന് എന്ന് തന്നെ വിശേഷിപ്പിക്കാവുന്ന, ഈ അടുത്ത് പുറത്തു വന്ന ഒരു പരീക്ഷണഫലത്തെ പറ്റി പരാമർശിച്ചുകൊണ്ട് യു കെ യിലെ അറ്റോമിക് എനർജി അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ആയ പ്രൊഫസർ ഇയാൻ ചാപ്മാൻ (Ian Chapman) പറഞ്ഞ വാക്കുകളാണിത്.

ഇന്ന് നേരിടുന്ന ഊർജപാരിസ്ഥിതിക വെല്ലുവിളികളെ ഒരുമിച്ചു മറികടക്കുന്നതിനുള്ള മാർഗത്തിലേക്ക് നാം കൂടുതൽ അടുത്തിരിക്കുന്നുവെന്ന് തെളിയിക്കുന്നതാണ് 2021 ഡിസംബർ 21 നു യു കെയിലെ ജെറ്റ് ന്യൂക്ലിയർ ഫ്യൂഷൻ ലബോറട്ടറിയിൽ (JET Nuclear Fusion Laboratory) നടന്ന പരീക്ഷണം. സൂര്യൻ ഊർജം ഉല്പാദിപ്പിക്കുന്ന പ്രക്രിയ ഉപയോഗിച്ച് കൊണ്ട് ഭൂമിയിൽ നാം ഉടനെ ത്തന്നെ ഊർജം ഉല്പാദിപ്പിക്കുമെന്ന ശുഭപ്രതീക്ഷയാണ് ഈ പരീക്ഷണം പകർന്നുതരുന്നത്. ഈ പരീക്ഷണത്തെപ്പറ്റിയും അതിന്റെ ഫലത്തിന്റെ പ്രാധാന്യത്തെ പറ്റിയും അറിയുന്നതിന് മുൻപ്, സൂര്യൻ എങ്ങനെ ഊർജം ഉല്പാദിപ്പിക്കുന്നു എന്നു നാം മനസിലാക്കേണ്ടതുണ്ട്. ഇന്ന് നാം ഭൂമിയിൽ കാണുന്ന ആണവ റിയാക്ടറുകളെല്ലാം (Nuclear reactor) ന്യൂക്ലിയർ ഫിഷൻ (Nuclear fission) എന്ന പ്രക്രിയയെ ആധാരമാക്കിയാണ് പ്രവർത്തിക്കുന്നത്. യൂറേനിയവും (Uranium) പ്ലൂട്ടോണിയവും (Plutonium) പോലെയുള്ള ഭാരമേറിയ മൂലകങ്ങൾ (Elements) പിളർന്നു ഭാരം കുറഞ്ഞ മൂലകങ്ങൾ ആയി മാറുമ്പോൾ അതിൽ നിന്നും വലിയ അളവിലുള്ള ഊർജം പുറത്തേക്ക് തള്ളുന്നതിനെയാണ് ന്യൂക്ലിയർ ഫിഷൻ എന്ന് പറയുന്നത്. ഈ വലിയ ഊർജത്തെ വൈദ്യുതിയാക്കി മാറ്റുകയാണ് ആണവ റിയാക്ടറുകളുടെ

ദൗത്യം. എന്നാൽ ഇതിനു നേർവിപരീതമായ പ്രക്രിയയാണ് ന്യൂക്ലിയർ ഫ്യൂഷൻ (Nuclear fusion). ഈ പ്രക്രിയ വഴി ഭാരം കുറഞ്ഞ മൂലകങ്ങൾ കൂടി ചേർന്ന് ഭാരം കൂടിയ മൂലകങ്ങളായി മാറുകയും വൻതോതിലുള്ള ഊർജം പുറന്തള്ളുകയും ചെയ്യുന്നു. മൂലകങ്ങളുടെ ആവർത്തനപ്പട്ടികയിലെ (Periodic table) ഏറ്റവും ചെറിയ മൂലകമായ ഹൈഡ്രജന്റെ രണ്ടു ആറ്റങ്ങൾ തമ്മിൽ കൂടി ചേർന്ന് ഹീലിയം ആയി മാറുന്ന ഫ്യൂഷൻ പ്രക്രിയയാണ് സൂര്യനിൽ നടക്കുന്നത്. ഹൈഡ്രജൻ ഹീലിയം ആയി മാറുന്ന ഈ പ്രക്രിയയിൽ പുറത്തേക്ക് വരുന്ന ഊർജമാണ് പ്രകാശമായും താപമായും സൂര്യനിൽ പ്രകടമാകുന്നത്.

എന്തുകൊണ്ട് സൂര്യനിൽ നടക്കുന്ന ഈ പ്രക്രിയ വഴി ഭൂമിയിൽ ഊർജം ഉല്പാദിപ്പിക്കാൻ നമുക്ക് ഇത്രയും നാൾ സാധിച്ചില്ല? ഫ്യൂഷൻ സംഭവിക്കാൻ ആവശ്യമായ സാഹചര്യം ഏതാണെന്ന് പരിശോധിച്ചാൽ ഈ ചോദ്യത്തിനുള്ള ഉത്തരം നമുക്ക് ലഭിക്കും. 15 ദശലക്ഷം ഡിഗ്രി താപനിലയും 2,65,000 ദശലക്ഷം ബാർ (Bar മർദ്ദത്തിന്റെ ഒരളവ്) മർദ്ദവുമുള്ള സൂര്യന്റെ ഏറ്റവും ഉൾഭാഗത്തുവെച്ചാണ് ഫ്യൂഷൻ നടക്കുന്നത്. സൂര്യന്റെ ഭീമമായ ഗുരുത്വബലമാണ് (Gravitational pull) ഇത്ര വലിയ മർദ്ദത്തിനുള്ള കാരണം. എന്നാൽ, ഇത്ര വലിയ ഗുരുത്വം ഭൂമിയിൽ സൃഷ്ടിക്കുക സാധ്യമല്ല എന്നതിനാൽ തന്നെ അതിനു ബദലായി സൂര്യനിൽ ഉള്ളതിനേക്കാൾ കൂടുതൽ താപം സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. അതിനാൽ തന്നെ, സൂര്യന്റെ ഉൾക്കാമ്പിലുള്ളതിനേക്കാൾ (Core) പത്തു മടങ്ങ് താപം (150 ദശലക്ഷം ഡിഗ്രി) സൃഷ്ടിച്ചാൽ മാത്രമേ ഭൂമിയിൽ ഫ്യൂഷൻ സാധ്യമാവുകയുള്ളൂ.

ഫ്യൂഷൻ നടക്കാൻ ഇത്രയേറെ താപവും മർദ്ദവും വേണമെന്നിരിക്കെ എങ്ങനെയാണ് നമുക്കത് ഭൂമിയിൽ സൃഷ്ടിക്കാൻ സാധിക്കുക? അസംഭവ്യമെന്ന് തോന്നാമെങ്കിലും, ഫ്യൂഷൻ ഭൂമിയിൽ സാധ്യമാണെന്ന് തെളിയിക്കുകയാണ് ജെറ്റ് ന്യൂക്ലിയർ ഫ്യൂഷൻ ലബോറട്ടറിയിലെ ശാസ്ത്രജ്ഞർ. 2021 ഡിസംബർ 21 നു നടന്ന പരീക്ഷണത്തിൽ സൂര്യന്റെ ഉള്ളിൽ രൂപം കൊള്ളുന്ന ചുട്ടുപഴുത്ത പ്ലാസ്മയെ (Plasma) ലബോറട്ടറിയിൽ സൃഷ്ടിക്കാൻ അവർക്ക് സാധിക്കുകയുണ്ടായി. 5 സെക്കൻഡ് നീണ്ടു നിന്ന പരീക്ഷണത്തിൽ 59 ദശലക്ഷം ജൂൾ (Joule- ഊർജത്തിന്റെ ഒരളവ്) ഊർജമാണ് സൃഷ്ടിക്കപ്പെട്ടത്. 1997 ൽ ഇതേ സംഘം തന്നെ നാല് സെക്കൻഡ് നേരത്തേക്ക് സൃഷ്ടിച്ച 22 ദശലക്ഷം ജൂൾ ഊർജം എന്ന റെക്കോർഡാണ് പഴങ്കഥയായി മാറിയത്. 150 ദശലക്ഷം ഡിഗ്രി വഹിക്കാൻ ശേഷിയുള്ള ഒരു വസ്തുവും ഭൂമിയിൽ ഇല്ലെന്നിരിക്കെ, എങ്ങനെ കൃത്രിമ സൂര്യൻ എന്ന ആശയം യാഥാർഥ്യമായി എന്ന് വ്യക്തമാവാൻ നാം ഏഴു പതിറ്റാണ്ട് പുറകോട്ടു സഞ്ചരിക്കേണ്ടിയിരിക്കുന്നു. സോവിയറ്റ് ശാസ്ത്രജ്ഞരായ ഇഗർ ടാമ്മും (Igor Tamm) ആന്ദ്രേ സഖറോവും (Andrei Sakharov) 1950 കളിൽ മുന്നോട്ടുവെച്ച ഒരു ആശയമാണ് ഇതിന് സഹായകരമായത്. കാന്തിക വലയത്താൽ (Magnetic field) ചുറ്റപ്പെട്ട ടോറസ് (Torus) ആകൃതിയിലുള്ള (ഉഴുന്നുവടയുടെ ആകൃതി) ഒരു റിയാക്ടറിന് ചുട്ടുപഴുത്ത പ്ലാസ്മയെ വഹിക്കാൻ സാധിക്കുമെന്നാണ് അവർ സമർത്ഥിച്ചത്. റിയാക്ടറിന് ചുറ്റുമുള്ള വലിയ കാന്തിക വലയം പ്ലാസ്മയെ റിയാക്ടറിന്റെ ഉപരിതലത്തിൽ സ്പർശിക്കാൻ അനുവദിക്കുന്നില്ല എന്നത് തന്നെയാണ് ഈ മാതൃകയുടെ ഏറ്റവും വലിയ പ്രത്യേകത. ഈ മാതൃക ഉപയോഗിച്ച് തന്നെയാണ് ജെറ്റ് ഫ്യൂഷൻ റിയാക്ടർ അതിന്റെ നേട്ടം കൈവരിച്ചത്.

എന്തിനാണ് ഫ്യൂഷൻ സാധ്യമാക്കാൻ ശാസ്ത്രജ്ഞർ രാപ്പകലില്ലാതെ ഇത്രയേറെ കഷ്ടപ്പെടുന്നത്? അതിനു പല കാരണങ്ങളുണ്ട്. പതിറ്റാണ്ടുകളായി നാം നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാലാവസ്ഥ വ്യതിയാനത്തിനും പരിഹാരമായാണ് ഫ്യൂഷൻ റിയാക്ടറുകളെ ലോകം നോക്കികാണുന്നത്. മറ്റു ഊർജ സ്രോതസ്സുകളായ കൽക്കരി, പെട്രോളിയം തുടങ്ങിയവ കത്തുമ്പോൾ പുറന്തള്ളുന്ന കാർബൺ അടങ്ങിയ വിഷക്കൂട്ടുകൾ (Carbon emissions) ഫ്യൂഷന്റെ ഫലമായി പുറത്തേക്ക് തള്ളുന്നില്ല. ഇത്തരത്തിൽ, പ്രകൃതിക്ക് തീരെ ആഘാതമേല്പിക്കാതെ ഉപയോഗിക്കാൻ പറ്റുന്ന ഊർജമാണെന്നതിനാൽ തന്നെയാണ് ഫ്യൂഷന് ഈ കാലത്തു പ്രാധാന്യമേറുന്നത്. കൂടാതെ, വർധിച്ചു വരുന്ന ആഗോളതാപനത്തിന് പൂർണമായി തന്നെ തടയിടാൻ ഈ ഊർജസ്രോതസിന് സാധിച്ചേക്കും.

ഇന്ന് നിലവിലുള്ള ഫിഷൻ റിയാക്ടറുകൾ പുറന്തള്ളുന്നത് പോലെ ആണവവികിരണം (Nuclear radiation) പുറംതള്ളുന്ന പ്രക്രിയ ഫ്യൂഷനിൽ ഒട്ടും തന്നെയില്ല എന്നതാണ് മറ്റൊരു പ്രത്യേകത. അത് പോലെ തന്നെ, പ്രകൃതിദുരന്തങ്ങളിൽ ഫ്യൂഷൻ റിയാക്ടറിന് നാശം സംഭവിച്ചാൽ പോലും ഒട്ടും തന്നെ റേഡിയേഷൻ ചോർച്ച സംഭവിക്കില്ലായെന്നതും ശുഭപ്രതീക്ഷ നൽകുന്ന വസ്തുതയാണ് (2011 ജപ്പാൻ സുനാമിയുടെ ഫലമായി ഫുകുഷിമ ആണവനിലയത്തിലുണ്ടായ ചോർച്ച തന്നെ ഉദാഹരണം). ഭാവിയിലെ ഫ്യൂഷൻ റിയാക്ടറുകളിൽ ഉപയോഗിക്കാനുദ്ദേശിക്കുന്ന ഡ്യുട്ടീരിയംട്രിഷിയം (Deuterium and Tritium ഹൈഡ്രജന്റെ രണ്ട് ഐസോട്ടോപ്പുകൾ (Isotopes)) സംയുക്ത ഇന്ധനമുപയോഗിച്ചാണ് ഈ പരീക്ഷണം വിജയകരമാക്കിയതെന്ന കാര്യവും ശ്രദ്ധേയമാണ്. ഇതിലെ ഡ്യുട്ടീരിയം വേർതിരിച്ചെടുക്കുന്നത് സമൃദ്ധമായ കടൽവെള്ളത്തിൽ നിന്നാണെന്നതിനാൽ തന്നെ ദീർഘകാലത്തേക്കുള്ള ഊർജസ്രോതസായി ഫ്യൂഷനെ കണക്കാക്കാൻ സാധിക്കും.

നിലവിൽ അകത്തേക്ക് നൽകു

ന്ന ഇന്ധനത്തെക്കാൾ കുറവ് ആണ് ജെറ്റ് ഫ്യൂഷൻ റിയാക്ടർ ഉല്പാദിപ്പിക്കുന്ന ഊർജമെന്നതിനാൽ തന്നെ, ഉൽപ്പാദനശേഷി വർധിപ്പിക്കുന്നതിനായി കൂടുതൽ ഗവേഷണങ്ങൾ നടത്തേണ്ടത് അനിവാര്യമാണ്. കൂടാതെ, ഫ്യൂഷൻ വഴി ഉല്പാദിപ്പിക്കുന്ന പ്ലാസ്മയെ കൂടുതൽ നേരം നിലനിർത്താനും സാധിക്കേണ്ടതുണ്ട്. ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കുമെന്ന് പ്രതീക്ഷിച്ചു കൊണ്ട് 2025 ൽ പ്രവർത്തനം ആരംഭിക്കാൻ പോവുന്ന ഐറ്റർ ഫ്യൂഷൻ റിയാക്ടർ (ITER fusion reactor) ലോകത്തിനു നൽകുന്ന പ്രതീക്ഷ ചെറുതല്ല. ചൈന, ഇന്ത്യ, ജപ്പാൻ, റഷ്യ, അമേരിക്ക തുടങ്ങിയ വൻ ശക്തികൾ ഒരുമിച്ചു സഹകരിക്കുന്ന പദ്ധതി എന്ന നിലക്ക് ഐറ്റർ ലോകസമാധാനത്തിനും ഒരുമക്കുമുള്ള സാധ്യതകളും തുറന്നിടുന്നു.

വെറും 50 മെഗാവാട്ടിൽ നിന്നും 500 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുകയും അതിനെ 400 മുതൽ 500 സെക്കൻഡ് വരെ നിലനിർത്തുകയുമാണ് ഐറ്ററിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. ഭാവിയിലെ ഫ്യൂഷൻ റിയാക്ടറുകളുടെ പ്രവർത്തനത്തിനും സുരക്ഷക്കുമുള്ള ഒരു മാതൃക പ്രധാനം ചെയ്യുകയെന്നതാണ് ഐറ്ററിന്റെ മറ്റൊരുദ്ദേശ്യം. ഫ്യൂഷൻ ഗവേഷണം ഇങ്ങനെ തുടർന്ന് പോകാനായാൽ, അടുത്ത രണ്ട് ദശാബ്ദങ്ങൾക്കുള്ളിൽ തന്നെ ഫ്യൂഷനിൽ നിന്ന് വാണിജ്യാടിസ്ഥാനത്തിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്നാണ് ശാസ്ത്രജ്ഞരുടെ പ്രതീക്ഷ.

പ്രകൃതിക്ക് ദോഷകരമായ മറ്റു ഊർജസ്രോതസുകളെ മാറ്റിനിർത്തിക്കൊണ്ട്, ലോകത്തിനാവശ്യമായ ഊർജത്തിന്റെ വലിയൊരളവ് ഫ്യൂഷനിൽ നിന്നുണ്ടാക്കുന്ന കാലം അകലെയല്ലയെന്നു തന്നെ നമുക്ക് പ്രത്യാശിക്കാം. ആഗോളതാപനത്തിന്റെയും ആണവവികിരണത്തിന്റെയും ഭീഷണികളില്ലാത്ത ഒരു നല്ല നാളെക്കായി നമുക്ക് കാത്തിരിക്കാം. വൈരവും വിദ്വേഷവും വെടിഞ്ഞു മനുഷ്യകുലത്തിന്റെ നന്മക്കായി രാഷ്ട്രങ്ങൾക്ക് ഒന്നിച്ചു പ്രവർത്തിക്കാനുള്ള വേദികൾ തുറന്നിടാൻ ശാസ്ത്രലോകത്തിനു ഇനിയും സാധിക്കട്ടെ.

---

പേജ് 19 ൽ നിന്ന് തുടർച്ച

മുമ്പ് തന്നെ ഓരോരുത്തരുടെ കാര്യവും നിശ്ചയിച്ചുറപ്പിച്ചിരിക്കുന്നു എന്ന് പറയുന്നത് ശരിയല്ല. എന്നാലും മറ്റു ചില ചോദ്യങ്ങൾക്കും ഉത്തരം നൽകേണ്ടതുണ്ട്. താരാതമ്യേന സൗഭാഗ്യകരമായ പരിതസ്ഥിതിയിൽ ജനിച്ചവരും നിർഭാഗ്യകരമായ പരിതസ്ഥിതിൽ ജനിച്ചവരുമുണ്ടല്ലോ. ഇത്തരം ആളുകൾ നിർവ്വഹിച്ച കുറ്റകൃത്യങ്ങൾക്ക് ആനുപാതികമായി എങ്ങിനെയാണ് അവരോട് പെരുമാറപ്പെടുക? അവരുടെ ഈ പശ്ചാത്തലം അവരെ കുറ്റകൃത്യങ്ങൾക്ക് പ്രേരിപ്പിച്ചിട്ടുണ്ടായിരുന്നില്ലേ? കുറ്റകൃത്യങ്ങൾ ഒരുപോലെയായതിനാൽ അവരുടെ ശിക്ഷയും ഒരുപോലെ ആയിരിക്കുമോ? വിശുദ്ധ ഖുർആൻ സങ്കീർണമായ ഈ ചോദ്യത്തിന് ഉത്തരം ഇങ്ങിനെ നൽകുന്നു.

ഒരാത്മാവും അതിന്റെ പരിധിയിൽ കവിഞ്ഞ നിലയിൽ ഭരമേൽപ്പിക്കപ്പെടുന്നില്ല. (2:287)

ഇതിന്റെ അർത്ഥം വ്യക്തിയെ ചൂഴ്ന്നു നിൽക്കുന്ന എല്ലാ പശ്ചാത്തല സാമൂഹിക ഘടകങ്ങളും മറ്റു ഘടകങ്ങളും തീർച്ചയായും പരിഗണിക്കപ്പെടുമെന്നും അതിനനുസരിച്ചുള്ള വിധിയായിരിക്കും അദ്ദേഹത്തിന്ന് നൽകപ്പെടുകയെന്നുമാണ്. ഒരാളുടെ കുറ്റത്തിന് കേവലം യാന്ത്രികമായി മാത്രമല്ല ശിക്ഷിക്കപ്പെടുക. കുറ്റകൃത്യത്തിലേക്ക് നയിച്ച എല്ലാ ഘടകങ്ങളും പരിശോധിക്കപ്പെട്ടതിന് ശേഷമായിരിക്കും അന്തിമമായി നീതി നിർവ്വഹിക്കപ്പെടുക. കൂടുതൽ സമ്പന്നമായ സാഹചര്യത്തിൽ ജീവിച്ചയാളും പരിതാപകരമായ സാഹചര്യത്തിൽ ജീവിയാളും തീർചയായും ഒരേ രീതിയിലായിരിക്കില്ല വിധിക്കപ്പെടുക. കുറ്റം ചെയ്തയാളുടെ പശ്ചാതലവും പരിതസ്ഥിതിയും പരിഗണിക്കപ്പെടും. അത്പോലെ നന്മ പ്രവർത്തിച്ചവർക്ക് പ്രതിഫലം നൽകപ്പെടും. അനുകൂലമായ പരിതസ്ഥിതിയിൽ ജീവിച്ച് നന്മ ചെയ്തയാളെക്കാൾ വിപരീത സാഹചര്യങ്ങളിൽ ജീവിച്ചുകൊണ്ട് നന്മ ചെയ്തയാളുകൾക്ക് കൂടുതൽ പ്രതിഫലം നൽകപ്പെടും.

ഏതായാലും വിധിയുടെ പ്രശ്നം അതീവ സങ്കീർണ്ണമാണ്. എന്നാൽ അന്തിമ തീരുമാനം എല്ലാം അറിയുന്നവനും കരുണാനിധിയും സർവ്വജ്ഞാനിയും സർവ്വശക്തനുമായ ദൈവത്തിന്റെ കരങ്ങളിലാണ്. അവസാന വിശകലനത്തിൽ തീർച്ചയായും നീതി പാലിക്കപ്പെടും.

ചില മേഖലകളിൽ മനുഷ്യന് അവന്റെ ഇഛക്കനുസരിച്ച് പ്രവർത്തിക്കാൻ സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. അവിടെ അവന് നന്മതിന്മകളും തെറ്റും ശരിയും തിരെഞ്ഞെടുക്കാൻ തീർച്ചയായും സ്വാതന്ത്ര്യമുണ്ട്. അതിന്റെ ഉത്തരവാദിത്വം അവന് തന്നെയായിരിക്കും. അതേ സമയം ദൈവത്തിന്റെ കൈകളിൽ മനുഷ്യൻ ഒരു പാവയെപ്പോലെ കൈകാര്യം ചെയ്യപ്പെടുന്നതായി കാണപ്പെടുകയും അവന് കുറച്ച് മാത്രം തന്റെ ഇഷ്ടം പ്രവർത്തിക്കാൻ സ്വാതന്ത്ര്യമുള്ള മേഖലകളുമുണ്ട്. അത്തരം മേഖലകളിലെ പ്രകൃതിയിലെ പൊതുവായ ആസൂത്രണമാണ് വ്യക്തികളുടേയും ജനസമൂഹങ്ങളുടേയും വിധിയെ പൊതിഞ്ഞു നിൽക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത്. ഒരു വിപുലമായ വൃത്തത്തിൽ സമൂഹത്തിലെ ഒരു വ്യക്തി നിസ്സഹായനാണ്, ജലപ്രവാഹത്തിൽ മുന്നോട്ട് കുതിക്കുന്ന വൈക്കോൽ തുരുമ്പു പോലെ മറ്റു വഴികളൊന്നുമില്ലാതെ അവൻ മുന്നോട്ട് കുതിക്കുന്നു എന്നുമാത്രം. വളരെ ബൃഹത്തായ ഈ വിഷയം ഇവിടെ ഇത്രമാത്രം ചുരുക്കി വിവരിക്കുന്നു.

# ക്രിസ്ത്യാനികളുമായുള്ള മുസ്‌ലിംകളുടെ സംവാദങ്ങൾ നിഷ്ഫലമാകുന്നതെന്ത്കൊണ്ട്?

ക്രിസ്ത്യാനികളുമായി റസൂൽ തിരുമേനി(സ) നടത്തിയ ഒരേയൊരു മാതൃകാ സംവാദത്തിൽ ഉന്നയിച്ച ഏറ്റവും സുപ്രധാനമായ വാദം മുസ്‌ലിം–ക്രിസ്ത്യൻ സംവാദങ്ങളിൽ മുസ്‌ലിംകൾ ഉന്നയിക്കുന്നില്ല. അത്കൊണ്ട് എല്ലാ സംവാദങ്ങളും യഥാർത്ഥത്തിൽ മുസ്‌ലിം പക്ഷത്തിന് നിഷ്ഫലമായി കലാശിക്കുകയാണ്.

ഇബ്നു അബ്ദുല്ല

റസൂൽ തിരുമേനി (സ) നജ്റാനിലെ ക്രിസ്ത്യാനികളുമായി ഹിജ്റ 9–ാം വർഷത്തിൽ മദീനയിൽ വെച്ച് നടത്തിയ സുപ്രസിദ്ധമായ സംവാദം ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തിയതാണ്. ഈ സംഭാഷണ വേളയിലാണ് ക്രിസ്ത്യാനികൾക്ക് പ്രാർത്ഥിക്കാനായി സ്വന്തം മസ്ജിദ് ഒഴിഞ്ഞു കൊടുത്ത്കൊണ്ട് മതസൗഹാർദ്ദത്തിന്റെ അനശ്വര സന്ദേശം അവിടുന്ന് വിളംബരം ചെയ്തത്. സൂറ: ആലു ഇമ്രാൻ ഇറങ്ങിയതിന്റെ അവതരണ പശ്ചാത്തലവും ക്രിസ്ത്യാനികളുമായി നടത്തിയ ഈ സംവാദമാണ്. സംവാദ ശേഷം സത്യാസത്യവിവേചനത്തിന്ന് ക്രിസ്ത്യാനികളുമായി മുബാഹല നടത്താൻ റസൂൽ തിരുമേനി(സ) ആവശ്യപ്പെട്ടെങ്കിലും അവർ അതിന്ന് തയ്യാറായില്ല.

റസൂൽ തിരുമേനി (സ) ക്രിസ്ത്യൻ പുരോഹിതന്മാരുമായി നടത്തിയ അതിപ്രശസ്തമായ ഈ ഒരേയൊരു സംവാദത്തിൽ മഹാനായ ഈസാ നബി (അ) മരിച്ചു പോയി എന്ന അനിഷേധ്യ സത്യമാണ് അവിടുന്ന് ഉന്നയിച്ചത്. ഏകദൈവ വിശ്വാസത്തിന് വേണ്ടി വമ്പിച്ച ത്യാഗങ്ങൾ വരിച്ച ആദരണീയ പ്രവാചകനാണ് യേശു. ഈസാ നബി(അ)യെ ദൈവമായി ആരാധിക്കുന്ന ക്രിസ്ത്യാനികളുമായി മുസ്‌ലിം ബഹുഭൂരിപക്ഷം നടത്തുന്ന സംവാദത്തിൽ ഈസാ നബി (അ) യുടെ മരണം എന്ന ഉഗ്രപ്രഹരശേഷിയുള്ള ഈ വാദം സംവാദ വിദഗ്ദന്മാർ ഉന്നയിക്കാറില്ല. പകരം ക്രിസ്ത്യാനികളെക്കാൾ വീറോടെ യേശു അഥവാ ഈസാ നബി(അ) മരിക്കാതെ ആകാശത്തിരിക്കുന്നു എന്ന് അവരും വാദിക്കുന്ന അങ്ങേയറ്റം ദൗർഭാഗ്യകരമായ കാഴ്ച്ചയാണ് നാം കാണുന്നത്. ക്രിസ്ത്യാനികളുടെ ശിർക്കൻ വിശ്വാസത്തെയും ഇസ്‌ലാമിനെതിരെയുള്ള കഠിന വിമർശനത്തെയും എതിർക്കാനും പ്രതിരോധിക്കാനും അവരെ അതിജയിക്കാനും വിശുദ്ധ ഖുർആനും റസൂൽ തിരുമേനി(സ)യും വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ഉയർത്തിയ ഈയൊരു വാദം പോലെ മറ്റെന്ത് ആയുധമാണ് യേശുവിന്റെ ദൈവ പുത്രത്വ വാദത്തെ തകർക്കാൻ മുസ്‌ലിംകൾക്കുള്ളത്? ദൈവത്തിന് ഒരു ജൈവ പുത്രൻ ഉണ്ട് എന്ന വാദം ആത്മീയമായി അങ്ങേയറ്റം ഘോരമായ അപരാധമാണെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. ആകാശവും ഭൂമിയും പൊട്ടിപിളർന്നുപോകുന്ന ഒരു ദൈവദൂഷണമാണ് അതെന്നാണ് ഖുർആൻ പറയുന്നത്. **'പരമകാരുണികനായ അല്ലാഹു ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നു എന്ന് അവർ പറയുന്നു. തീർച്ചയായും നിങ്ങൾ ഒരു ഭയങ്കര നിഷിദ്ധകൃത്യം ചെയ്തിരിക്കുന്നു. അതിനാൽ ആകാശങ്ങൾ പൊട്ടിക്കീറുകയും ഭൂമി പിളർന്നു പോകുകയും പർവ്വതങ്ങൾ തകർന്നു വീഴുകയും ചെയ്തേക്കാം (19:89–91)'**

ക്രിസ്തുമതത്തിന്റെ തീവ്രമായ ഈ ശിർക്കൻ വിശ്വാസത്തെ ഖണ്ഡിക്കാനും തകർക്കാനും തൗഹീതിലധിഷ്ഠിതമായ വിശ്വാസം ഉയർത്തിപ്പിടിക്കാനും റസൂൽ തിരുമേനി(സ) ഉന്നയിച്ച ഇസാനബി (അ) മരിച്ചു മണ്ണടിഞ്ഞുപോയി എന്ന ലളിതമായ ഈ പരമസത്യം മുസ്‌ലിംകൾ എന്തുകൊണ്ട് സംവാദവേളയിൽ ഉന്നയിക്കുന്നില്ല?!. യേശുവിന്റെ ദൈവപുത്ര

വാദത്തിനുള്ള ഏറ്റവും വലിയ തെളിവായി ക്രിസ്ത്യാനികൾ ഉന്നയിക്കുന്നത് ഇത്വരെ മരിക്കാതെ രണ്ടായിരം വർഷമായി ആകാശത്തിരിക്കുന്ന യേശുവിനെയാണ്. ആകാശത്തിരിക്കുന്ന യേശുവിന്റെ അവസാന നാളിലെ ഇറങ്ങിവരവിനായി ക്രിസ്ത്യാനികളെപോലെ മുസ്‌ലിം ബഹുഭൂരിപക്ഷവും ആകാശത്ത് കണ്ണും നട്ട് കാത്തിരിക്കുന്ന ഈ പരമ ദയനീയമായ അവസ്ഥയിൽ എങ്ങനെ ക്രിസ്ത്യാനികളെ തൗഹീദ് പഠിപ്പിക്കാൻ മുസ്‌ലിംകൾക്കാവും? സംവാദങ്ങളിൽ ജയിക്കാനാവും?

ഈസാ നബി(അ) മനുഷ്യനായ പ്രവാചകൻ മാത്രമാണ് മനുഷ്യർക്കുണ്ടാകുന്ന ജൈവികാവസ്ഥക്ക് ഈസാ നബി (അ)യും വിധേയനാണ് എന്ന ഖണ്ഡിതമായ തത്വം അസന്നിഗ്ദമായി പ്രഖ്യാപിച്ചുകൊണ്ട് വിശുദ്ധ ഖുർആൻ പറയുന്നു:**'മസീഹ്ബ്നു മറിയം ഒരു ദൈവദൂതൻ മാത്രമാണ്. ദൈവദൂതന്മാർ അദ്ദേഹത്തിനു മുമ്പ് കാലഗതി പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ മാതാവ് മഹാ സത്യവതിയാണ്. അവർ രണ്ടുപേരും ആഹാരം കഴിക്കാറുണ്ടായിരുന്നു.'(5:76)** മനുഷ്യന്റെ എല്ലാവിധ ബലഹീനതകളും പരിമിതികളും പ്രകടിപ്പിച്ച യേശുവിനെയാണ് നാം ബൈബിൾ വിവരണത്തിലും കാണുന്നത്.

മനുഷ്യനായ യേശു അഥവാ ഈസാ നബി(അ) ദൈവപുത്രനാണ് എന്ന ക്രിസ്തീയ വിശ്വാസത്തെ **'ഈസാ പൂർണ്ണമായും നശിച്ചു നാമാവശേഷമായിപോയത് (ഫനാ) നിങ്ങൾ അറിഞ്ഞില്ലേ?'** എന്ന വാദത്തിലൂടെ എത്ര പൂർണ്ണതയോടെയാണ് റസൂൽ തിരുമേനി(സ) ഖണ്ഡിക്കുന്നത്? റസൂൽ തിരുമേനി (സ) യുടെ ഈ വാദത്തിൽ ശ്രദ്ധേയമായ ഒരു കാര്യം, യേശു ഒരിക്കൽ കുരിശിൽ വെച്ച് മരിച്ചു എന്ന് ക്രിസ്ത്യാനികൾ അംഗീകരിക്കുന്നു. ദൈവ പുത്രനായതിനാൽ മരിച്ച യേശു ഉയിർത്തെഴുന്നേറ്റു എന്നാണ് അവരുടെ വിശ്വാസം. അതുകൊണ്ട് ഈസാ നബി(അ)ക്ക് മരണം വന്നത് നിങ്ങൾ അറിഞ്ഞില്ലേ? എന്നല്ല ക്രിസ്ത്യാനികളോട് റസൂൽ തിരുമേനി (സ) ചോദിക്കുന്നത്. ഈസാ നബി (അ) മരിച്ചു എന്ന് മാത്രമല്ല മറ്റെല്ലാരിലും സംഭവിക്കുന്നത് പോലെ അദ്ദേഹത്തിന്റെ ഭൗതിക ശരീരം പോലും ഇല്ലാത്ത വിധം മണ്ണിൽ ലയിച്ച് ഇല്ലാതായി (ഫനാ) നാശം വന്നത് നിങ്ങൾ അറിഞ്ഞില്ലേ? എന്ന വാദമാണ് ക്രിസ്ത്യാനികളോട് റസൂൽ തിരുമേനി (സ) ഉന്നയിച്ചത്. വാസ്തവത്തിൽ ഇസ്‌ലാമിന്റെ ആധികാരിക വാക്താവും പ്രയോക്താവുമാണ് മുഹമ്മദ് നബി(സ). തൗഹീദും ശിർക്കുമായുള്ള ഏറ്റുമുട്ടലിൽ മുസ്‌ലിംകൾ ഉന്നയിക്കേണ്ട ഈസാ നബിക്ക് മരണം അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഭൗതിക ശരീരം ഇല്ലാതാകും മണ്ണിൽ ലയിച്ച് നിഷ്ക്രമിച്ചു പോയി എന്ന കാതലായ വാദമാണ് ഉന്നയിക്കേണ്ടത് എന്ന് പറഞ്ഞുതന്നിട്ടും ക്രിസ്ത്യാനികളിൽനിന്നു തന്നെ പകർന്നു കിട്ടിയ അന്ധവിശ്വാസം ഗ്രസിച്ച മുസ്‌ലിംകൾക്ക് അത് ഉന്നയിക്കാൻ കഴിയുന്നില്ല. ഈസാ നബി (അ) മരിച്ചുപോയി എന്ന ഖുർആനിക സത്യം ഉന്നയിക്കുമ്പോൾ അവർ ആരാധ്യനാക്കി വെച്ച ആരാധനാ മൂർത്തിയാണ് ഇല്ലാതാവുന്നത്. അതായത് ഈസാ നബി(അ)യുടെ മരണം നാനാ വിധേനയും സ്ഥാപിക്കാതെ തൗഹീദിന്റെ വിജയം പ്രാപിക്കാൻ സാധ്യമല്ല. വിശുദ്ധ ഖുർആൻ വ്യക്തമായി പറഞ്ഞ ഈസാനബി (അ)യുടെ മരണത്തിന് ഖുർആൻ മാത്രമല്ല, ക്രിസ്ത്യാനികളുടെ ബൈബിളും, ചരിത്രവും, ശാസ്ത്രവും എല്ലാം സാക്ഷ്യം നിൽക്കുന്നു. ഈ വാദമാണ് മുസ്‌ലിംകൾ ക്രിസ്ത്യാനികളോട് ഉന്നയിക്കേണ്ടത്. യേശു ആകാശത്തേക്ക് ഉയർന്നുപോയി എന്ന വിശുദ്ധ ഖുർആനും റസൂൽ തിരുമേനി (സ)ക്കും മനുഷ്യന്റെ സാമാന്യബുദ്ധിക്കും വിരുദ്ധമായ ഈ ക്രിസ്തീയ വിശ്വാസം പേറിക്കൊണ്ട് ആയിരം കൊല്ലം ക്രിസ്ത്യാനികളുമായി വാദപ്രതിവാദവും സംവാദവും നടത്തിയാലും ഈ ശിർക്കൻ വിശ്വാസത്തിൽനിന്നും ക്രിസ്ത്യാനികളെ മോചിപ്പിക്കാൻ മുസ്‌ലിം സംവാദ വിദഗ്ന്മാർക്ക് സാദ്ധ്യമല്ല. സ്വയംതന്നെ ശിർക്ക് വിശ്വാസത്തിൽ അകപ്പെട്ടവർക്ക് അതേ വിശ്വാസത്തിന്റെ മൂർത്തരൂപത്തിൽ അകപ്പെട്ടവരെ എങ്ങനെ രക്ഷിക്കാൻ സാധിക്കും?

നജ്റാനിലെ ക്രിസ്ത്യാനികളുമായി മുഹമ്മദ് നബി (സ) നടത്തിയ സംഭാഷണത്തിന്റെ പൂർണ്ണരൂപം ഇങ്ങനെയാണ്.

**നബിതിരുമേനി (സ):** ഒരു പുത്രനും അവന്റെ പിതാവിനോട് സദൃശനാകാതിരിക്കില്ല എന്ന് നിങ്ങൾക്കറിയില്ലേ?

**ക്രിസ്ത്യാനികൾ:** ഞങ്ങൾക്കറിയാം

**നബി(സ):** നമ്മുടെ റബ്ബ് ഒരിക്കലും മരണമില്ലാത്ത നിത്യജീവനാണെന്നും എന്നാൽ ഈസാ (അ)ക്ക് നാശം സംഭവിച്ചു എന്നും നിങ്ങൾക്കറിയില്ലേ (***അൻ റബ്ബനാ ഹയ്യ്ൻ ലാ യമൂത്തു വഇൻ ഈസാ അത്താ അലൈഹിൽ ഫനാ)***?

**ക്രിസ്ത്യാനികൾ:** അറിയാം

**നബി(സ):** ഇപ്പറഞ്ഞതെന്തെങ്കിലും ഈസാ(അ)ക്ക് കഴിയുമായിരുന്നോ?

**ക്രിസ്ത്യാനികൾ:** ഇല്ല.

**നബി(സ):** നമ്മുടെ റബ്ബ് ഗർഭാശയങ്ങളെ അവനിച്ഛിക്കും വിധം രൂപപ്പെടുത്തുന്നു. നമ്മുടെ റബ്ബ് തിന്നുന്നില്ല. കുടിക്കുന്നില്ല. മാറ്റത്തിന്നു വിധേയനാകുന്നില്ല. ശരിയല്ലേ?

**ക്രിസ്ത്യാനികൾ:** ശരിയാണ്.

**നബി(സ):** നിങ്ങൾക്കറിയില്ലേ, ഈസായെ അദ്ദേഹത്തിന്റെ മാതാവ് മറ്റേതൊരു സ്ത്രീയേയും ഗർഭം ധരിക്കുന്നത് പോലെ ഗർഭം ധരിക്കുകയും പിന്നെ മറ്റേതൊരു സ്ത്രീയും പ്രസവിക്കുന്നത് പോലെ പ്രസവിക്കുകയും പിന്നെ മറ്റേതൊരു സ്ത്രീയും കുഞ്ഞിന് ആഹാരം കൊടുക്കുന്നത് പോലെ ആഹാരം കൊടുക്കുകയും പിന്നീട് അദ്ദേഹം സ്വയം ഭക്ഷണം കഴിക്കുകയും വെള്ളം കുടിക്കുകയും വളർച്ചയുടെ മാറ്റങ്ങൾക്ക് വിധേയനാവുകയും ചെയ്തുവെന്ന്?

**ശേഷം പേജ് 32 ൽ**

# ഹദ്റത്ത് അഹ്മദി(അ)ന്ന് പ്രതിഭാശാലികളുടെ പുരസ്ക്കാരങ്ങൾ

ക്രിസ്തുവിന്റെ അപ്രകാശിത ജീവിതത്തെ സംബന്ധിച്ച മിഥ്യാ സങ്കൽപ്പങ്ങൾ ക്രൈസ്തവ ഇസ്‌ലാം മതവിശ്വാസത്തെ ഇതിഹാസകഥകളാക്കി മാറ്റുന്നു. ഹദ്റത്ത് അഹ്മദിന്റെ ക്രിസ്തുവിനെ സംബന്ധിച്ച യുക്തിയുടെയും ചരിത്രത്തിന്റേയും പിൻബലമുള്ള വെളിപ്പെടുത്തലുകൾ യഥാർത്ഥ ക്രിസ്തുവിലേക്കുള്ള വഴികളാണ്. വൈജ്ഞാനിക ലോകം ഹദ്റത്ത് അഹ്മദി(അ)ന്റെ ജ്ഞാന യജ്ഞങ്ങൾക്ക് മുമ്പിൽ ആദരങ്ങൾ അർപ്പിക്കുന്നു.

**മുഹമ്മദ് ഉമർ**

പരിവർത്തനാത്മകമായ ഈ കാലഘട്ടത്തിൽ അദ്ധ്യാത്മിക വിപ്ലവത്തിന്റെ മഹൽ ദൗത്യവുമായി അല്ലാഹു അയച്ച മഹ്ദി മസീഹ് ഹദ്റത്ത് അഹ്മദ് (അ) ജ്ഞാന വിജ്ഞാനങ്ങളുടെ പ്രതിഭാ ശേഷികൊണ്ട് ധിഷണ ലോകത്തെ കീഴടക്കിയിരിക്കയാണ്. മഹാ വിപ്ലവത്തിന്റെ അടിസ്ഥാന തത്വങ്ങളായി അദ്ദേഹം മുന്നോട്ടു വെച്ച സിദ്ധാന്തങ്ങൾ - വിശിഷ്യാ ക്രിസ്തുവിനെക്കുറിച്ചുള്ള വെളിപ്പെടുത്തലുകൾ പാശ്ചാത്യ പണ്ഡിത ലോകം അംഗീകരിച്ചു കൊണ്ടിരിക്കയാണ്. ഈ ആത്മീയ വിപ്ലവത്തിന്ന് സംഭവിക്കുന്ന ഗതി വ്യതിയാനങ്ങളെ പറ്റി അദ്ദേഹം പറയുകയുണ്ടായി.

*'അല്ലാഹു എന്നെ നിയോഗിച്ചയച്ചതിന്നു ശേഷം ലോകത്ത് ഒരു വമ്പിച്ച വിപ്ലവം നടന്നു കൊണ്ടിരിക്കുന്നതായിട്ടെനിക്ക് കാണുവാൻ സാധിക്കുന്നു. യൂറോപ്പിലും അമേരിക്കയിലും യേശുവിന്റെ ദൈവത്വത്തിൽ വിശ്വസിക്കുന്നവരിൽ ഗവേഷണ പടുക്കളും ബുദ്ധിമാന്മാരുമായ ആളുകൾ സ്വയം ആ വിശ്വാസം ഉപേക്ഷിച്ചു കൊണ്ടിരിക്കയാണ്.*

*.......അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അവന്റെ പ്രത്യേകമായ കാരുണ്യത്താൽ ചുരുങ്ങിയ കാലഘട്ടത്തിന്നുള്ളിൽ യഥാർത്ഥവും പരിപൂർണ്ണവുമായ തൗഹീദിന്റെ സമാധന ഗേഹത്തിൽ അവർ പ്രവേശിപ്പിക്കപ്പെടും എന്ന് ഞാൻ വിശ്വസിക്കുന്നു. അതോടൊപ്പം അവർക്ക് പൂർണ്ണമായ രീതിയിൽ ദൈവസ്നേഹവും ദൈവഭക്തിയും ദൈവജ്ഞാനവും ലഭിക്കുന്നതാണ്. ഇത് എന്റെ വെറും വ്യാമോഹം മാത്രമല്ല. മറിച്ച് അല്ലാഹുവിൽ നിന്നുള്ള പരിശുദ്ധ വെളിച്ചം മുഖേന എനിക്ക് ഇത് സംബന്ധിച്ച് സുവിശേഷം ലഭിച്ചിരിക്കുന്നു.' (ലാഹോർ പ്രഭാഷണം. 73,74)*

ഹദ്റത്ത് ഇമാം മഹ്ദി (അ) മസീഹിന്റെ പ്രവചനം ഇന്ന് പൂർത്തിയായിരിക്കുന്നതായി നമുക്ക് കാണാൻ കഴിയുന്നതാണ്.

1988 മാർച്ച 11നു അമേരിക്കയിലെ സാൻഫ്രാൻസിസ്ക്കോ പട്ടണത്തിൽ ചേർന്ന നൂറ് ക്രിസ്തുമത പണ്ഡിതന്മാരുടെയും ചരിത്ര ഗവേഷകന്മാരുടേയും ഒരു സെമിനാറിൽ മൂന്ന് ദിവസം ചേർന്ന ചർച്ചകളിൽ അവസാനം ഇപ്രകാരം തീരുമാനിക്കുകയുണ്ടായി.

യേശു ഒരിക്കലും താൻ ഒരു ദൈവണെന്ന് പറഞ്ഞിട്ടില്ല. അദ്ദേഹം മരണപ്പെട്ടു പോയിരിക്കുന്നു. അദ്ദേഹം ആകാശത്തേക്ക് കയറിപ്പോകുകയോ ഒരിക്കലും തിരിച്ചു വരുകയോ ചെയ്യുന്നതല്ല.

1999 ആഗസ്ത് 21-ാം തീയതിയിലെ മാതൃഭൂമി പറയുന്നു:

70 ലക്ഷം ആംഗ്ലിക്കൻ സഭാ വിശ്വാസികളുടെ ആദ്ധ്യാത്മികാചാര്യനായ കാന്റൻബറിചർച്ച് ബിഷപ്പിന്റെ നിരീക്ഷണം യേശു ജീവിച്ചിരുന്നുവെന്നും കുരിശിൽ തറക്കപ്പെട്ടുവെന്നുമുറപ്പാണെന്നും എന്നാൽ അദ്ദേഹം ആകാശത്തേക്ക് ഉയിർത്തെഴുന്നേറ്റുവെന്ന് അത്ര നിശ്ചയമായി നമുക്ക് പറയുവാൻ ആവില്ലെന്നുമാണ്. ഹദ്റത്ത് ഇമാം മഹ്ദി തന്റെ ഒരു ഉറുദുക്കവിതയിൽ പറയുന്നു:

***ആറഹാഹൈ ഇസ്താഫ് അഹ്റാറെ യുറോപ്പ് കാ മസാജ്***
***നബ്സ് ഫിർ ചൽനേ ലഗി മുർദോൻകീ നാഗാഹ് സിന്ദ്വാർ***
***കഹ്തേ ഹൈ(ൻ) തഥ് ലീഥ് കോ അബ് അഹെ ലെ ദാനിശ് അൽവിദാ***

***ഫിർ ഹുവേ ഹൈ (ൻ) ചശ്മെ തൗഹീദ് പർ അസ്ജാൻ നിസാർ***

അതായത് ഈ വശത്തേക്ക് യൂറോപ്പിലെ സ്വതന്ത്ര ചിന്തകന്മാരുടെ ശ്രദ്ധ തിരിഞ്ഞു കൊണ്ടിരിക്കയാണ്. മൃതരായവരുടെ നാടികളെ പൊടുംന്നനെ ജീവൻ വെച്ച് ചലിക്കാൻ തുടങ്ങിയിരിക്കുന്നു ധീഷണാശാലികൾ ത്രിത്വ സിദ്ധാന്തത്തെ ഉപേക്ഷിച്ചു കൊണ്ടിരിക്കയാണ്. വീണ്ടുമിതാ ഏകത്വത്തിന്റെ നീരുറവ് ജീവൻ വെച്ചിരിക്കുകയാണ്.

1899 ൽ ഹദ്റത്ത് വാഗ്ദത്ത മസീഹ് എഴുതിയ മസീഹ് ഹിന്ദുസ്ഥാൻ മെ (യേശു മിശിഹാ ഇന്ത്യയിൽ) എന്ന ഗ്രന്ഥം മത ഗവേഷണ ചരിത്രത്തിലെ ഒരു നിർണ്ണായക വൈജ്ഞാനിക രേഖയും ക്രിസ്തീയ ചിന്താ മണ്ഡലത്തിൽ ചലനങ്ങൾ സൃഷ്ടിക്കുകയും ചെയ്ത കൃതിയാണ്. മനുഷ്യകുലത്തെ പാപ വിമുക്തമാക്കുന്നതിന്ന് യേശു കുരിശു മരണം വരിച്ചുവെന്നും മരണത്തിന്ന് ശേഷം ഉയിർത്തെഴുന്നേൽപ്പിക്കപ്പെട്ടുവെന്നുമുള്ള തത്വത്തിലാണ് ക്രിസ്തുമതം നിലകൊള്ളുന്നത് അപ്പോസ്തലനായ പൗലോസ് പറയുന്നു: അതായത് ***'ക്രിസ്തു ഉയിർത്തെഴുന്നേറ്റില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം' (1 കൊരിന്ത്യർ 15:14) 'മരിച്ചവർ ഉയിർത്തെഴുന്നേൽക്കില്ല എന്നു വരികിൽ ദൈവം ഉയിർപ്പിച്ചിട്ടില്ലാത്ത ക്രിസ്തുവിനെ അവൻ ഉയിർപ്പിച്ചു എന്നും ദൈവത്തിന്നു വിരോധമായി സാക്ഷ്യം പറകയാൽ ഞങ്ങൾ ദൈവത്തിന്ന് കള്ള സാക്ഷികളെന്നും വരും.' (1 കൊരിന്ത്യർ 5:14–16)***

ഈ യാഥാർത്ഥ്യം ഇക്കാലത്ത് വാഗ്ദത്ത മസീഹിന്റെ ആഗമനത്തോടുക്കൂടി ലോകം സമ്മതിച്ചു കൊണ്ടിരിക്കയാണ്. ഈ കഴിഞ്ഞ നൂറ്റാണ്ടിൽ വിവിധ തുറകളിലുള്ള നൂറുക്കണക്കിന് പണ്ഡിതന്മാരും ഗവേഷകരും യേശുവിന്റെ കുരിശു മരണവും ഉയിർത്തെഴുന്നേൽപ്പും ഒരു മിഥ്യാവിശ്വാസമാണെന്ന് വിളിച്ചോതുന്നു. യേശു മിശിഹാ കുരിശിൽ നിന്ന് ജീവനോടെ ഇറക്കപ്പെടുകയും മൂന്ന് ദിവസങ്ങൾക്ക് ശേഷം ആരോഗ്യം വീണ്ടെടുത്ത് പൗരസ്ത്യ നാടുകളിലേക്ക് യാത്ര തിരിക്കുകയും അവസാനം കാശ്മീരിലെത്തി അവിടെ മരണപ്പെടുകയും ചെയ്തുവെന്ന ചരിത്ര സത്യം ലോകത്തിന്ന് മനസ്സിലായി തുടങ്ങിയിരിക്കുകയാണ്. ഇത് സംബന്ധിച്ച് Dr. James Deardoff-ന്റെ Jesus in India എന്ന ഗ്രന്ഥത്തിലെഴുതുന്നു.

യേശുവും അദ്ദേഹത്തിന്റെ അമ്മ മറിയമും മറ്റ് ചിലരും സിറിയവഴി കിഴക്കോട്ട് കശ്മീരിലേക്കും ഇന്ത്യയിലേക്കും സഞ്ചരിച്ചുവെന്നും യേശു അന്ത്യ വിശ്രമം കൊള്ളുന്ന കല്ലറ കശ്മീരിലാണെന്നും സൂചിപ്പിക്കുന്ന ധാരാളം തെളിവുകൾ ചൂണ്ടിക്കാണിച്ചു തന്നു എന്നതാണ് അഹ്മദികളുടെ ഏറ്റവും വിലപ്പെട്ട ഗവേഷണമായി ഞാൻ പരിഗണിക്കുന്നത്. (Deard off James .W. Jesus in India an re Examination of jesus intrernational scholers publication 1994, p.143, 144)

ഹദ്റത്ത് വാഗ്ദത്ത മസീഹ് തന്റെ ***'മസീഹ് ഹിന്ദു സ്ഥാൻ മെ'*** എന്ന ഗ്രന്ഥത്തിൽ യേശു മിശിഹായുടെ കുരിശിൽ നിന്നുള്ള രക്ഷപ്പെടലിനെയും അദ്ദേഹത്തിന്റെ പൗരസ്ത്യ ദേശത്തേക്കുള്ള പ്രയാണത്തേയും കുറിച്ച് വ്യക്തമാക്കിയ ചില ഗവേഷണങ്ങളേയും ആ ഗവേഷണങ്ങളെ അനുകൂലിച്ചു കൊണ്ട് ചില ക്രിസ്തീയ പണ്ഡിതന്മാരും ഗവേഷകരും പുറപ്പെടുവിച്ച അഭിപ്രായങ്ങളേയും ഇവിടെ ക്രോഡീകരിക്കുകയാണ്.

1) ഹദ്റത്ത് വാഗ്ദത്ത മസീഹ് 'യേശു മിശിഹ ഇന്ത്യയിൽ' എന്ന ഗ്രന്ഥത്തിൽ എഴുതുന്നു.

സുവിശേഷത്തിൽ നിന്ന് നമുക്കു ലഭിച്ചിരിക്കുന്ന സാക്ഷ്യങ്ങളിൽ മറ്റൊന്ന് യോഹന്നന്റെ ഇഞ്ചീലിൽ ഉദ്ദരിക്കുന്ന വചനങ്ങളാണ്.

***'അന്ന് ഒരുക്കനാളും ആ ശബത്ത് നാൾ വലിയതും ആക കൊണ്ട് ശരീരങ്ങൾ ശബ്ബത്തിൽ കുരിശിന്മേൽ ഇരിക്കരുത് എന്ന് വച്ച് അവരുടെ കാല് ഒടിച്ച് എടുക്കേണം എന്ന യേശു ഭക്തന്മാർ പിലാത്തോസിനോട് അപേക്ഷിച്ചു. ആകയാൽ പടയാളികൾ വന്ന് ഒന്നാമന്റെയും അവനോടുകൂടെ ക്രൂശിക്കപ്പെട്ട മറ്റവന്റെയും കാല് ഒടിച്ച് അവർ യേശുവിന്റെ അടുക്കൽ വന്നു. അവൻ മരിച്ചു പോയതായി കണ്ടു. അതിനാൽ അവർ അവന്റെ കാല് ഒടിച്ചില്ല. എന്നാൽ പടയാളികളിൽ ഒരാൾ അവന്റെ പാർശ്വത്തിൽ കുന്തം കൊണ്ട് കുത്തി. ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു.' (യേഹന്നാൻ 1: 31–34)***

അക്കാലത്ത് കുരിശിന്മേൽ തറക്കപ്പെട്ട ഒരുവന്റെ ജീവിതത്തിന്ന് അറുതിവരുത്തേണ്ടതിന്ന് അവനെ അങ്ങിനെ തന്നെ ഏതാനും ദിവസം കുരിശിൽ നിർത്തുകയും പിന്നെ അവന്റെ എല്ലുകൾ തല്ലി ഉടക്കുകയും ചെയ്യുക പതിവായിരുന്നുവെന്ന് പ്രസ്തുത വചനങ്ങളിൽ നിന്ന് സുവ്യക്തം മനസ്സിലാവുന്നു. എന്നാൽ ക്രൂശിതനായ ക്രിസ്തുവിന്റെ അസ്ഥി മനപ്പൂർവ്വം ഒടിക്കാതിരുന്നതാണെന്ന് മനസ്സിലായി. കൂടെയുണ്ടായിരുന്ന രണ്ട് കള്ളന്മാരെ പ്പോലെ തന്നെ അദ്ദേഹവും ജീവനോടുകൂടിയാണ് ഇറക്കപ്പെട്ടത്. അതുകൊണ്ടു തന്നെയാണ് അദ്ദേഹത്തിന്റെ വിലാപ്പുറം തുളച്ചപ്പോൾ രക്തം തുള്ളിച്ച് വന്നത് മൃതന്റെ രക്തം ഉറച്ചു പോകുമല്ലോ. (പേജ് 44,45)

ഇതിൽ നിന്നും മനസ്സിലാവുന്നത് യേശു കുരിശിലുണ്ടാവുന്ന സമയം വളരെ കുറഞ്ഞതായിരുന്നുവെന്നാണ്. ഈ കുറഞ്ഞ നേരത്തിനകം അദ്ദേഹത്തിന്ന് മരണം ഉണ്ടാവുക അസംഭവ്യമാണ്.

ഹദ്റത്ത് അഹ്മദി(അ)ന്റെ പ്രസ്തുത ഗവേഷണത്തെ അനുകൂലിച്ചുകൊണ്ട് അമേരിക്കയിലെ Verginea Institute of Technology സർവ്വകലാശാലയിൽ ചരിത്ര പ്രഫസർ ആയിരുന്ന Paul P. Pappas Jesus തന്റെ Jesus Tomb In India എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പറയുന്നു.

മൂന്ന് മുതൽ ആറു മണിക്കൂർ വരെ കുരിശിൽ തൂങ്ങിക്കിടന്നിട്ടില്ലാത്ത യേശു കുരിശിൽ മരിച്ചിട്ടില്ല എന്ന അഹ്മദികൾ സ്ഥാപിക്കുന്നു. കുരിശിൽ മരിക്കുന്നതിന്ന് മുമ്പ് ദിനാന്തരീക്ഷ വ്യതിയാനങ്ങൾക്ക് വിധേയനായി ശ്വാസതടസ്സവും വിശപ്പും ദാഹവും കൊണ്ട് ബലക്ഷയം സംഭവിക്കുന്നതാണ്. കൂടാതെ William Henna തന്റെ The Life of Christ എന്ന ഗ്രന്ഥത്തിലും William Strond തന്റെ Life of jesus എന്ന ഗ്രന്ഥത്തിലും ഭാരതീയ ഗവേഷകനായ അസീസ് കശമീർ Christ in Kashmir എന്ന പുസ്തകത്തിലും തദ്വിഷയകമായി ഹദ്റത്ത് അഹ്മദി(അ)ന്റെ നിഗമനങ്ങൾ ശരിവെക്കുന്നു.

2) ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) തന്റെ യേശു മിശിഹാ ഇന്ത്യയിൽ എന്ന ഗ്രന്ഥത്തിൽ പറയുന്നു: ***'മിശിഹാ ക്രൂശിക്കപ്പെടണമെന്ന് പിലാത്തോസിന്ന് ഒരിക്കലും ആഗ്രഹമുണ്ടായിരുന്നില്ല. അദ്ദേഹം പല തവണ യേശുവിനെ വിട്ടയക്കാൻ ശ്രമിച്ചതായി സുവിശേഷങ്ങൾ വായിച്ചു നോക്കുന്നതായാൽ കാണാൻ കഴിയും. എന്നാൽ യഹൂദികൾ വിളിച്ചു പറഞ്ഞത്. ഈ മനുഷ്യനെ വിട്ടയച്ചാൽ അങ്ങേക്ക് സീസറിനോട് കൂറില്ല. സ്വയം രാജാവു ചമയുന്ന ഏതൊരാളും സീസറിന്റെ എതിരാളിയാണ്"(യോഹന്നാൻ 19:12)***

***പിന്നെ പിലാത്തോസിന്റെ പത്നി കണ്ട സ്വപ്നം ക്രിസ്തുവിന്റെ നേർക്ക് ആനുകൂല്യം ഭാവിക്കാൻ പ്രേരകമായി തീർന്നു. അതിനാൽ എങ്ങിനെയെങ്കിലും ആ മഹാത്മാവിനെ കുരിശിൽ തറക്കാതെ നോക്കണമെന്നും അല്ലാത്ത പക്ഷം അത് തനിക്കും ഭാര്യക്കും നാശകരമായിരിക്കുമെന്നും അദ്ദേഹം കരുതി. എന്നാൽ അക്കാലത്തെ യഹൂദർ ഒരു നാശം പിടിച്ച ജനതയായിരുന്നു. അവർ കൈസറുടെ അടുക്കൽ യേശുവിനെക്കുറിച്ച് രഹസ്യമായി ആവലാതിപ്പെടുന്നതിന്നും തയ്യാറായിരുന്നതാണ്. അത്കൊണ്ട് അദ്ദേഹം മസീഹിനെ വിടുവിക്കാൻ നയോപായങ്ങൾ പ്രയോഗിക്കുകയാണുണ്ടായത്.***

***ഒന്നാമതായി ക്രിസ്തുവിനെ ക്രൂശിക്കാനുള്ള ദിവസമായി നിർണ്ണയിച്ചത് തന്നെ വെള്ളിയാഴ്ച്ചയയിരുന്നു. അത് പകൽ ഏതാനും മണിക്കൂർ ബാക്കിയായിരിക്കയും വലിയ ശബത്ത് ആസന്നമായിരിക്കുകയും ചെയ്തപ്പോഴത്രേ യഹൂദരുടെ ധർമ്മശാസ്ത്ര പ്രകാരം ക്രൂശിതൻ സായം സന്ധ്യവരെ മാത്രമേ കുരിശിന്മേൽ വെക്കാൻ പാടുള്ളുവെന്ന് പിലാത്തോസിന്ന് നല്ലത്പോലെ അറിയാമായിരുന്നു***

***സന്ധ്യയാവുന്നതിന്ന് മുമ്പ് യേശുവിനെ യേശുവിനെ കുരിശിൽ നിന്നിറക്കി യേശു വിനോടൊപ്പം തറക്കപ്പെട്ട രണ്ടു കള്ളന്മാരെ ജീവനോടു കൂടിയായിരിക്കെ തന്നെ രണ്ടു മണിക്കുറിനകം യേശു മരിച്ചു പോയി എന്ന് വരിക സംഭവ്യമായിരിക്കുകയില്ല. കാല് ഒടിക്കുന്ന പ്രക്രിയയയിൽ നിന്ന് യേശുവിനെ ഒഴിവാക്കാനുള്ള ഒരു ഒഴിവുകഴിവ് മാത്രമായിരുന്നു അത്. രണ്ട് കള്ളന്മാരും കുരിശിൽ നിന്ന് ജീവനോടെയാണ് താഴെ ഇറക്കപ്പെട്ടിരിക്കുന്നതെന്ന വസ്തുത തന്നെ ബുദ്ധിമാനായ ഒരാൾക്ക് വേണ്ടുവോളം തെളിവായിരിക്കുന്നുണ്ട്.'(പേജ് 45-47)***

ഇവിടെ യേശുവിനെ മരിക്കാതെ കുരിശിൽ നിന്ന് താഴെ ഇറക്കുന്നതിന്ന് ചെയ്യപ്പെട്ട പീലാത്തോസിന്റെ ഗൂഢാലോചനയുടെ ഒരു ചിത്രീകരണം നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു.

ഹദ്റത്ത് വാഗ്ദത്ത് മസീഹിന്റെ ഈ നിഗമനത്തെയും ഗവേഷണത്തെയും അനുകൂലിച്ചുകൊണ്ട് Michael Baigent, Richarad Leigh, Hentry Lincon എന്നീ മതചരിത്ര ഗവേഷകന്മാർ The Holy Blood and The Holy Grail എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൽ എഴുതുന്നു:

*അദ്ദേഹത്തെ ഇതിന്ന് പ്രേരിപ്പിച്ച വസ്തുതകൾ എന്തായിരുന്നാലും ഈ വിഷയത്തിൽ പിലാത്തോസ് വളരെ താൽപര്യത്തോടെ ഇടപെട്ടിരുന്നു എന്നതിന്ന് തർക്കമില്ല. ജൂതന്മാരുടെ രാജാവാണ് താൻ എന്ന യേശുവിന്റെ വാദം അദ്ദേഹം അംഗീകരിച്ചിരുന്നു. കുരിശിൽ വെച്ച് ഇത്രയും പെട്ടെന്നുണ്ടായ ന്യായമായും മരിച്ചെന്ന് തോന്നിക്കുന്ന യേശുവിന്റെ അവസ്ഥയിൽ പീലാത്തോസ് ആശ്ചര്യം നടിക്കുന്നുമുണ്ട്. യേശുവിന്റെ ശരീരം അമരിഥ്യായിലെ ജോസഫിന്ന് വിട്ടുകൊടുത്തതാണ് ഏറ്റവും പ്രധാനമായത്. അന്ന് നിലവിലുള്ള റോമൻ നിയമമനുസരിച്ച് ക്രൂശിക്കപ്പെട്ടവന്റെ ശരീരം മറവ് ചെയ്യാൻ പാടില്ലാത്തതായിരുന്നു. ബന്ധുക്കളും സുഹൃത്തുക്കളും ഒന്നും എടുത്തുകൊണ്ടു പോകാതിരിക്കാൻ കീഴ്വഴക്കമനുസരിച്ച് കാവൽക്കാരെയും നിയമിച്ചിരുന്നു. ക്രൂശിക്കപ്പെട്ട ശരീരം വന്യജന്തുക്കൾക്കും കഴുകന്മാർക്കും ഇരയായിക്കികൊണ്ട് വിട്ടേക്കുക്കുകയായിരുന്നു പതിവ്. മറ്റ് പല കാര്യങ്ങളിലുമെന്ന പോലെ ഇക്കാര്യത്തിലും പീലാത്തോസ് വ്യക്തമായും അപരാധിയാണ്.*

(Michael Baigent, Richarad Leigh, Hentry Lincon The Holy Blood and The Holy Grail London 1991 p. 356)

കൂടാതെ Earnest Renan തന്റെ Life of Jesus എന്ന ഗ്രന്ഥത്തിലും Anders Faber kaiser തന്റെ Jesus Did not Die on the Cross എന്ന ഗ്രന്ഥത്തിലും ഇതേ ആശയം തന്നെ പ്രകടപ്പിച്ചുരുന്നു.

ഹദ്റത്ത് വാഗ്ദത്ത മസീഹ് പ്രസ്തുത ഗ്രന്ഥത്തിൽ കുരിശിൽ നിന്നും യേശുവിനെ ജീവനോടു കൂടിയാണ് ഇറക്കിയിരുന്നതെന്നും അതുകൊണ്ടു തന്നെയാണ് അദ്ദേഹത്തിന്റെ വിലാപുറത്ത് ഒരു കാവൽ ഭടൻ കുന്തം കൊണ്ട് കുത്തിയപ്പോൾ രക്തം തുള്ളിച്ചു വന്നതും. മൃതന്റെ രക്തം ഉറച്ചു പോകുമല്ലോ. ചുരുക്കത്തിൽ അദ്ദേഹം അബോധാവസ്ഥയിലായി രുന്നു കുരിശിൽ നിന്നും താഴെ ഇറക്കപ്പെട്ടത്. ഇത് സംബന്ധിച്ച് സ്വീഡനിലെ Dr. Toll Hugo എഴുതുന്നു If Jesus had been dead no blood would have come (The Review of Religions 1928)

യേശു കുരിശിൽ വെച്ച് മരണപ്പെട്ടിരുന്നുവെങ്കിൽ ശരീരത്തിൽ നിന്ന് രക്തം പ്രവഹിക്കുമായി രുന്നില്ല.

Grenes Robert and Padro Josuvas എന്നീ രണ്ട് ഗവേഷകന്മാർ 1957 ൽ തന്റെ Jesus in Rome എന്ന ഗ്രന്ഥത്തിൽ എഴുതുന്നു.

അതിന്റെ ഫലമായി വിലാപുറത്ത് കുന്തം കൊണ്ട് കുത്തിയതിന്റെ ഫലമായി രക്തവും വെള്ളവും തുള്ളിച്ചു വന്നു എന്നത് തൽസമയത്ത് യേശു മരിച്ചിട്ടുണ്ടായിരുന്നില്ല എന്നതിന്ന് തെളിവാണ്. മുറിവുണങ്ങാനുള്ള ലേപനം നിർലോപം പൂശിയിരുന്നുവെന്ന് കരുതപ്പെടുന്നു. ശീലകൊണ്ട് ശരീരം നന്നായി ആവരണം ചെയ്തിരുന്നതിനാൽ കല്ലറയിൽ ശരീരോഷ്മാവ് സംരക്ഷിക്കപ്പെട്ടിരുന്നിരിക്കണം. (Grenes Robert and Padro Josuva -Jesus in Rome 1957)

ബ്രിട്ടീഷ് രാജ്ഞിയുടെ സ്വകാര്യ ഡോക്ടറായിരുന്ന (Royal Physician of London) ഡോ. ടീവർർ സ്വിസ് ഇപ്രകാരം എഴുതുന്നു:

*കുരിശിലേറ്റപ്പെട്ടപ്പോൾ യേശുവിന്ന് അതിയായ നടുക്കവും താഴ്ന്ന രക്ത സമ്മർദ്ദവും ഉണ്ടായി. തലച്ചോറിലേക്കുള്ള രക്ത പ്രവാഹവും കുറക്കുകയും തന്മൂലം പെട്ടെന്ന് മോഹാലസ്യം സംഭവിക്കുകയും ചെയ്തിരിക്കണം. ചലനമറ്റ ശരീരവും തൊലിയുടെ ചാര നിറവും മരിച്ചതായി കാണികളെ തെറ്റിദ്ധരിപ്പിച്ചതാകാം. അടുത്ത് നിൽക്കുന്നവർ തീർച്ചയായും യേശു മരിച്ചതായി തെറ്റിദ്ധരിച്ചു കാണും. മോഹാലസ്യത്തിന്ന് മുമ്പുള്ള ഉച്ചത്തിലുള്ള നിലവിളി (എന്താണ് യേശു പറയാൻ ശ്രമിച്ചതെന്ന് ആർക്കും ഒരു നിശ്ചയവുമില്ല) ശബ്ദത്തോടു കൂടിയ ശ്വാസമല്ലാതെ മറ്റൊന്നുമായിരിക്കുകയില്ല. കുരിശിൽ നിന്നിറക്കി താഴെ കിടത്തിയ ശേഷം രക്ത ചംക്രമണം പൂർവ്വ സ്ഥിതി പ്രാപിച്ചിരിക്കുന്നത് വരെ തലച്ചോറിലേക്കുള്ള ഓക്സിജൻ പ്രവാഹം തുച്ചവും എന്നാൽ നിർണ്ണായക പരിധിയേക്കാൾ അൽപ്പം അധികവുമായിരുന്നിരിക്കണം സൂര്യഗ്രഹണ സമയത്തുണ്ടായ തണുപ്പും രക്ത സമ്മർദ്ദം നിലനിർത്താൻ ഉതകിയിരിക്കണം.*

*യേശുവിൽ ജീവലക്ഷണങ്ങൾ കണ്ടതിനെ തുടർന്ന് ശബത്ത് നാളായത് കാരണം ശവസംസകാര ചടങ്ങുകൾ ഒഴിവാക്കാനുള്ള ഉദ്ദേശ്യത്തോടെ യേശുവെ ശവക്കുഴിയിൽ അടക്കം ചെയ്യുന്നതിന്ന് പകരം കല്ലറയിൽ വെച്ചത് ശുശ്രൂഷിച്ച് പരിചരിക്കുവാൻ വേണ്ടിയായിരുന്നു. (Journel of Royal College of Physhician April 1991)*

വൈദ്യ ശാസ്ത്രജ്ഞന്മാരുടെ ഏകോപിച്ചുള്ള അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ഹ: ഈസാ (അ) കുരിശിൽ നിന്നും താഴെ ഇറക്കപ്പെട്ടപ്പോൾ അദ്ദേഹം മരണപെട്ടില്ലെന്നും അ ബോധാവസ്ഥയിലായിരുന്നു വെന്നും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഇതേ കാഴ്ച്ചപ്പാടു തന്നെയാണ് ഹദ്റത്ത് അഹ്മദ് (അ) ലോകത്തിന്ന് മുമ്പാകെ കാഴ്ച്ചവെച്ചത് .

4. ഹദ്റത്ത് അഹ്മദ്(അ) തന്റെ 'മസീഹ് ഹിന്ദുസ്ഥാൻ മെ' എന്ന പുസ്തകത്തിൽ പറയുന്നു:

***'യൂദാ ഇസ്കരിയൂത്തിയുടെ വിശ്വാസഘാതകം നിമിത്തം ഹദ്റത്ത് ഈസാ മസീഹ് (അ) ശത്രുക്കളുടെ പിടിയിൽപെട്ടു ക്രൂശിക്കപ്പെടുകയും പിന്നെ ഉയിർത്തെഴുന്നേറ്റ് ആകാശത്തിലേക്ക് കയറിപ്പോവുകയും ചെയ്തു എന്ന് ക്രിസ്ത്യാനികൾ വിശ്വസിച്ചു പോരുന്നുവെങ്കിലും അവരുടെ വിശുദ്ധ ഗ്രന്ഥത്തിൽ ബൈബിളിൽ വിചിന്തനം ചെയ്യുമ്പോൾ ഈ വിശ്വാസ സിദ്ധാന്തം കേവലം അബദ്ധമായിട്ടുള്ളതാണെന്ന് സ്പഷ്ടമാകുന്നതാണ്. യൂനുസ് (യോനാ) കടലാനയുടെ വയറ്റിൽ മൂന്ന് നാളിരുന്നത് പോലെ മനുഷ്യപുത്രൻ മൂന്ന് രാപ്പകലുകൾ ഭൂമിയുടെ ഉള്ളിൽ ഇരിക്കും എന്നു മത്തായിയുടെ (12:40) സുവിശേഷത്തിൽ എഴുതപ്പെട്ടിരിക്കുന്നു. യോനാ മത്സ്യത്തിന്റെ വയറ്റിൽ മരിച്ചിട്ടില്ലെന്ന് സ്പഷ്ടമായ വസ്തുതയാണല്ലോ അദ്ദേഹത്തിന്നുണ്ടായത് മോഹാലസ്യം മാത്രമായിരുന്നു. അതായത് അദ്ദേഹം മത്സ്യത്തിന്റെ വയറ്റിൽ ബോധം കെട്ട് കിടക്കുകയാണുണ്ടായത്.***

***ഇങ്ങനെ യോനാ ദൈവാനുഗ്രഹത്താൽ മത്സ്യത്തിന്റെ വയറ്റിൽ ജീവനോടിരിക്കുകയും അതിൽ നിന്നും ജീവനോടെ പുറത്ത് വരികയും ഒടുവിൽ അദ്ദേഹത്തെ തന്റെ ജനങ്ങൾ സ്വീകരിക്കുകയും ചെയ്തുവെന്ന് ദിവ്യവേദ പുസ്തകങ്ങൾ സാക്ഷിക്കുന്നു. ആകയാൽ യേശു മിശിഹാ ക്രിസ്ത്യാനികൾ പറയുന്നത് പോലെ ഭൂമിയുടെ വയറ്റിൽ മരിച്ചു കിടക്കുകയായിരുന്നുവെങ്കിൽ മൃതനു ജീവിച്ചിരിക്കുന്ന ആളുമായി എന്ത് സാദൃശ്യമാണുള്ളത്? ജീവിച്ചിരിക്കുന്നവനെ മരിച്ചവനുമായി താരതമ്യപ്പെടുത്താവുന്നതെങ്ങിനെ?' (പേജ് 21,22)***

മഹത്തും സുദൃഢവുമായ ഈ തെളിവിന്നു ക്രിസ്ത്യാനികളുടെ പക്കൽ ഒരുത്തരവുമില്ല തന്നെ. ഇഞ്ചീലിൽ നിന്നും യേശുവിന്റെ കുരിശു സംഭവത്തിന്ന് ശേഷം നടന്ന ഈ സംഭവം ആദ്യമായി ഹദ്റത്ത വാഗ്ദത്ത മഹ്ദി മസീഹ്

(അ) ആണു വെളിച്ചത്ത് കൊണ്ട് വന്നത്. യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിന്റെ അയുക്തികത എടുത്തുകാണിച്ചത്.

ഹദ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹിന്റെ ഈ നിഗമനത്തെ പിന്താങ്ങിക്കൊണ്ട് പല ക്രിസ്തീയ പണ്ഡിതന്മാരും അഭിപ്രായ പ്രകടനം നടത്തുകയുണ്ടായി

സുപ്രസിദ്ധ ജർമ്മൻ ഗവേഷകൻ Holger Kerster തന്റെ Jesus Lived in India എന്നപുസ്തകത്തിൽ പറയുന്നു:

യേശു കുരിശ് പീഢനത്തെ അതിജീവിച്ചിരുന്നുവെന്ന് ചില സുവിശേഷ പ്രതിപാദനങ്ങൾ സ്ഥിരീകരിക്കുന്നുണ്ട്. കടലാനയുടെ വയറ്റിൽ അകപ്പെട്ട് തിരിച്ചു വന്ന യോനാ പ്രവാചകനോട് തന്നെ സാദൃശ്യപ്പെടുത്തികൊണ്ട് യേശു തന്നെ മൊഴിഞ്ഞിട്ടുണ്ട്. യേശു ശവകുടീരത്തിൽ ചേദനയറ്റു കിടക്കുകയായിരുന്നുവെങ്കിൽ രണ്ടു പേരേയും പരസ്പരം സാദൃശ്യപ്പെടുത്തേണ്ടതില്ലായിരുന്നു. സുവിശേഷം പറയുന്നു. യോനാ പ്രവാചകന്റെ അടയാളമല്ലതെ അതിന്ന് അടയാളം ലഭിക്കില്ല. യോന കടലാനയുടെ വയറ്റിൽ മൂന്ന് രാവും മൂന്ന് പകലും ഇരുന്നത് പോലെ മനുഷ്യ പുത്രൻ മൂന്നു രാവും മൂന്ന് പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും. (മത്തായി 2: 40) Holger Kerster – Jesus Lived in India. v.172)

കൂടാതെ Dr. james Deardroff തന്റെ Jesus in India എന്ന ഗ്രന്ഥത്തിലും Mark Mason തന്റെ Living God എന്ന ഗ്രന്ഥത്തിലും ്മഹ്ദി മസീഹിന്റെ പ്രസ്തുത ഗവേഷണത്തെ അനുകൂലിച്ചു കൊണ്ട് പ്രതിപാദിക്കുകയുണ്ടായി.

5. ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) 'യേശു മിശിഹ ഇന്ത്യയിൽ' എന്ന ഗ്രന്ഥത്തിൽ പറയുന്നു:

***'അദ്ദേഹം ശാപഗ്രസ്തനായിരുന്നില്ലെന്നും മൂന്നു ദിവസം നരകത്തിൽ ഇരുന്നില്ലെന്നും മരത്തിൽ തൂങ്ങി മരിച്ചിട്ടില്ലെന്നും തെളിഞ്ഞതോടെ അതിന്റെ രണ്ടാമത്തെ വശമായ ആകാശാരോഹണവും അവാസ്ഥവമാണെന്ന് സിദ്ധിച്ചു, ഇതിലേക്ക് സുവിശേഷങ്ങളിൽ നിന്ന് വേറെയും അനേകം പ്രമാണങ്ങൾ ലഭിക്കുന്നുണ്ട്. ആ തെളിവുകളിലൊന്ന് ഹദ്റത്ത് മസീഹിന്റെ മുഖത്ത് നിന്ന് പുറപ്പെട്ടിട്ടുള്ള ഈ വചനമത്രെ. എന്നാൽ ഞാൻ ഉയിർത്തെഴുന്നേറ്റ ശേഷം പ്രാണൻ പോവുന്നതിന്ന് മുമ്പായി ഗലീലിയിലേക്ക് പോകും' (മത്താ: 26: 32)***

അദ്ദേഹം തുടരുന്നു:

ചുരുക്കത്തിൽ ഞാൻ മുമ്പേ ഉദ്ദരിച്ച സുവിശേഷ വചനത്തിൽ നിന്നും മിശിഹ കല്ലറ വിട്ടു പറത്തു വന്നപാടെ ഗലീലിലേക്കാണ് പുറപ്പെട്ട് പോയതെന്ന് വ്യക്തമായിരിക്കുന്നു. മാർക്കോസിന്റെ സുവിശേഷത്തിലും കല്ലറയിൽ നിന്നും പുറത്ത് വന്നതിന്ന് ശേഷം ക്രിസ്തു ഗലീലിയിലേക്കുള്ള നിരത്തിലൂടെ പോകുന്നതായി കാണപ്പെട്ടുവെന്നും ഒടുവിൽ അദ്ദേഹം തന്റെ ശിഷ്യന്മാരായ പതിനൊന്ന് ശ്ലീഹമാർ ഭക്ഷണം കഴിച്ചു കൊണ്ടിരിക്കുമ്പോൾ അവരുമായി കാണുകയാണുണ്ടായതെന്നും പ്രസ്താവിച്ചു കാണുന്നു. (മാർക്കോസ് 16: 12)

മാത്രമല്ല അവർക്കദ്ദേഹം തന്റെ വ്രണപെട്ട കൈകാലുകൾ കാട്ടി കൊടുത്തുവെന്നും അവർ അദ്ദേഹത്തെ ഒരു ഭൂതമെന്ന് ശരിക്ക് ഭയപ്പെട്ടുവെന്നും അപ്പോൾ നിങ്ങൾ എന്നെ തൊട്ടു നോക്കുമ്പോൾ എന്നിൽ കാണുന്നത് പോലെ പ്രേതത്തിന്ന് അസ്ഥിയും മാംസവും ഇല്ലല്ലോ എന്നദ്ദേഹം പറഞ്ഞുവെന്നും പിന്നെ അവരോട് വറുത്ത മീനും തേൻ കട്ടയും വാങ്ങി അവർ കാൺകെ തിന്നുവെന്നും മറ്റും ലൂക്കോസിന്റെ സുവിശേഷത്തിലും പ്രസ്താവിച്ചു കാണുന്നുണ്ട്. (ലൂക്കോസ് 24: 42)

ഈ വചനത്തിൽ നിന്നും മിശിഹാ ആകാശത്തേക്ക് കയറി പോയിട്ടില്ലെന്നും കല്ലറയിൽനിന്ന് പുറത്ത് വന്നിട്ട് നേരെ ഗലീലിലേക്കാണ് പോയതെന്നും അദ്ദേഹം വന്നപ്പോൾ മനുഷ്യ സാധാരണമായ മൃൺമയ ശരീരം സാധാരാണ വസ്ത്രധാരണത്തോടെയായിരുന്നുവെന്നും സ്പഷ് മാകുന്നുണ്ട്. അഥവാ അദ്ദേഹം മരിച്ചതിന്ന് ശേഷം ഉയിർത്തുവന്നതായിരുന്നുവെങ്കിൽ ആ പ്രേതത്തിന്റെ സൂക്ഷ്മ ശരീരത്തിൽ കുരിശിന്റെ വ്രണം ശേഷിക്കുമായിരുന്നുതെങ്ങിനെ? ആ ആത്മാവിന്ന് അപ്പം തിന്നേണ്ട ആവശ്യമെന്ത്? അപ്പോൾ ആത്മാവ് മാത്രമായ അദ്ദേഹത്തിന്ന് ആഹാരത്തിന്നാവശ്യമുണ്ടായിരുന്നുവെങ്കിൽ ഇപ്പോഴും അദ്ദേഹത്തിന്ന് ആഹരത്തിന്ന് ആവശ്യം ഉണ്ടായിരിക്കണമല്ലോ (പേ. 33,34)

ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ഈ വിവരണം യേശുവിന്റെ ജീവനോടുകൂടിയ ആകശാരോഹണമെന്ന സങ്കൽപ്പത്തെ ഖണ്ഡിക്കുന്നതാണ്. ഹദ്റത്ത് യേശു മിശിഹാ വളരെ സ്പഷ്ടമായ രീതിയിൽ തന്നെ തന്റെ ശിഷ്യന്മാരോട് സംസാരിക്കുകയും കുരിശ് സംഭവത്തിന്ന് ശേഷം ഗലീലിയിലേക്കുള്ള തന്റെ പ്രയാണത്തെക്കുറിച്ചറിയിക്കുകയും ചെയ്തു. അവരോട് ആഹാരം വാങ്ങിച്ചുകൊണ്ട് തന്റെ ഭൗതിക ശരീരമാണെന്നും ആത്മീയ ശരീരമല്ലെന്നും കാണിച്ചു കൊടുക്കുകയും ചെയ്തു.

ഇത് സംബന്ധിച്ച് Andrea Faber Kaisar തന്റെ ഗ്രന്ഥത്തിൽ പറയുന്നു:

പിന്നീട് യേശു അറുപത് നാഴിക ദുരേയുള്ള ഗലീലിയിലേക്ക് പുറപ്പെട്ടു അനന്തരം പലപ്പോഴായി യേശു തന്റെ ശിഷ്യർക്കിടയിൽ പ്രത്യക്ഷപ്പെട്ടു. മറ്റുള്ളവർ തന്നെ കാണുവാൻ സാദ്ധ്യതയില്ലാത്ത സ്ഥലങ്ങളിൽ മാത്രമേ യേശു പ്രത്യക്ഷപ്പെട്ടിരുന്നുള്ളൂ. ഇതിൽ നിന്നും യേശു അപ്പോഴും ഒരു സാധാരാണ മനുഷ്യൻ മാത്രമായിരുന്നുവെന്നും വീണ്ടും തിരഞ്ഞുപിടിച്ച് അറസ്റ്റ് ചെയ്യപ്പെടു

ന്നതിനെ ഭയപ്പെട്ടിരുന്നെന്നുമാണ് മനസ്സിലാകുന്നത്. യേശു ഒരു ഭൂത മായിരുന്നില്ല എന്നതിലേക്ക് മറ്റെന്ത് തെളിവാണ് വേണ്ടത്? ലൂക്കോസി ന്റെ സുവിശേഷത്തിൽ ധാരാളം സുവ്യക്ത സൂചനകൾ നൽകുന്നു.

ഇങ്ങനെ അവർ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ അവർ അവരുടെ നടുവിൽ നിന്നും നിങ്ങൾക്ക് സമാധാനം എന്ന് പറഞ്ഞു. അവർ ഞെട്ടി ഭയപ്പെട്ടു. ഒരു ഭൂതത്തെക്കാണുന്നു എന്നവർക്ക് തോന്നി. അവൻ അവരോട് നിങ്ങൾ കലങ്ങുന്നത് എന്ത്? നിങ്ങളുടെ ഹൃദയത്തിൽ സംശയം പൊങ്ങുന്നതെന്ത്? ഞാൻ തന്നെയാകുന്നു. എന്റെ കയ്യും കാലും നോക്കി നെറ്റിയിൽ എന്നെ തൊട്ട് നോക്കു വീൻ എന്നിൽ കാണുന്നത് പോലെ ഭൂതത്തിന്ന് മാംസവും അസ്ഥിയുമില്ലല്ലോ എന്ന് പറഞ്ഞു. ഇങ്ങനെ പറഞ്ഞു കൊണ്ട് തന്റെ കയ്യും കാലും അവരെ കാണിച്ചു. (ലൂക്കോസ് 26: 36-39) ഇതേ സുവിശേഷത്തിൽ രണ്ട് സൂക്തങ്ങൾക്ക് ശേഷം, യേശുഭക്ഷിപ്പാൻ അവരുടെ കയ്യിൽ എന്തെങ്കിലുമുണ്ടോ എന്ന് ചോദിക്കുന്നതായി കാണാം. ഒരു അമാനുഷിക അസ്തിത്വത്തിന്ന് ഇത് തികച്ചും അസംഭവമായ കാര്യമാണ്. (ഫേബർ കൈസർ. പേ. 50)

അതേ പ്രകാരം Earnest .B.Docket തന്റെ If Jesus did not Die on the Cross എന്ന ഗ്രന്ഥത്തിൽ പറയുന്നു:

യേശു തോമസിനോട് തന്റെ കയ്യിലെ ആണിത്തുളയിൽ വിരലിട്ടു നോക്കുവാൻ പറഞ്ഞത് വാസ്തവമാണെങ്കിൽ, തന്നെ കണ്ട് ഭയപ്പെട്ട ശിഷ്യന്മാരോട് തന്റെ കൈയ്യും കാലും നോക്കി അറിവീൻ എന്നെ തൊട്ടുനോക്കുവീൻ എന്നിൽ കാണുന്നത് പോലെ ഭൂതത്തിന്ന് മാംസവും അസ്ഥിയുമില്ലല്ലോ, എന്ന് പറഞ്ഞത് സത്യമാണെങ്കിൽ, അദ്ദേഹം ശിഷ്യരുടെ സാന്നിദ്ധ്യത്തിൽ ഭക്ഷണം കഴിച്ചത് ശരിയാണെങ്കിൽ, കല്ലറ വിട്ടശേഷം തോട്ടക്കാരന്റെ വേഷത്തിൽ വേഷപ്രച്ഛന്നനായി നടന്നത് സത്യമാണെങ്കിൽ, ജറുസലേമിൽ നിന്ന് കാൽനടയായി ഗലീലിയലേക്കുള്ള ദൂരം നടന്നത് സത്യമാണെങ്കിൽ ശിഷ്യരുടെ അടച്ചിട്ട മുറിയിൽ യേശു പെട്ടെന്ന് പ്രത്യക്ഷപ്പെട്ടു എന്ന പ്രസ്താവന അക്ഷരാർത്ഥത്തിൽ ഒട്ടും ശരിയല്ല. അദ്ദേഹത്തിന്റെ ഒരു പ്രേത ശരീരമായിരുന്നില്ല മറിച്ച് മാംസവും അസ്ഥിയുമുള്ള ശരീരമായിരുന്നുവെന്ന് രാത്രിക്ക് ശേഷം പകൽ എന്ന പോലെ സ്യുവ്യക്തമാണ്. (Docken Earnest B. If Jesus did not die on the cross 1920.P. 45)

Dr. James Deardroff തന്റെ Jesus in India എന്ന ഗ്രന്ഥത്തിൽ (പേ. 206) പ്രസ്തുത അഭിപ്രായത്തെ അനുകൂലിക്കുന്നു.

പ്രസ്തുത ഉദ്ദരണികൾ ഹദറത്ത് മഹ്ദി മസീഹിന്റെ യേശുക്രിസ്തു വിന്റെ കുരിശു സംഭവത്തിൽ തിന്ന് ശേഷമുണ്ടായ സംഭവഗതികളെക്കുറിച്ചുള്ള ഗവേഷണങ്ങളുടെ സാക്ഷ്യപത്രങ്ങളാണ്.

ഹദ്റത്ത് മസീഹിന്റെ(അ) യേശുമിശിഹാ ഇന്ത്യയിൽ എന്ന ഗ്രന്ഥത്തിൽ പറയുന്നു.

***നമുക്ക് ലഭിച്ചിട്ടുള്ള സുവിശേഷ സാക്ഷ്യങ്ങളിൽ മറ്റൊന്ന് മത്തായിയിയുടെ ഈ വരികളാണ്. ആകാശത്തിലെ ശക്തികൾ ഇളകിപ്പോകും അപ്പോൾ മനുഷ്യ പുത്രൻ ആകാശത്തിലെ മേഘങ്ങളിൽമേൽ മഹാശക്തിയോടും തേജസ്സോടും കൂടെ വരുന്നത് കാണാം (മത്താ:24:30) ഈ വാചകത്തിന്റെ അർത്ഥം ഇതാണ് ആകാശത്ത് നിന്ന് അതായത് ദൈവികമായ ഇടപെടൽ മൂലം യേശുവിന്റെ ദൈവത്വം കുരിശിന്മേലുള്ള മരണത്തെയും സ്വർഗ്ഗാരോഹണത്തേയും പുനരാഗമനത്തേയും സംബന്ധിച്ച അവിശ്വാസങ്ങളെല്ലാം അർത്ഥശൂന്യങ്ങളും അടിസ്ഥാനരഹിതങ്ങളുമാണെന്ന് തെളിയിച്ചു കാട്ടുന്ന അറിവുകളും ന്യായവാദങ്ങളും തെളിവുകളും വെളിപ്പെട്ടു തുടങ്ങും.***

***ഈ യാഥാർത്ഥ്യം സ്ഥാപിക്കപ്പെടുമ്പോൾ യേശു പ്രതിരൂപാത്മകമായി ഭൂമിയിൽ അവതരിക്കുന്നത് ലോകം കാണുകയും ചെയ്യും. അതായത് ആത്മീയ ശക്തിയിലും സ്വഭാവഗുണത്തിലും യേശു വിന് സദൃശനായ വാഗ്ദത്ത മസീഹ് തിളങ്ങുന്ന ദൃഷ്ടാന്തങ്ങളോടും സ്വർഗീയ പിന്തുണയോടും അത്ഭുത ശക്തിയോടും മഹിമാവിലാസത്തോടും വെളിപ്പെടുകയും ലോകം അദ്ദേഹത്തെ തിരിച്ചറിയുകയും ചെയ്യുന്നതാണ്. (പേജ് 63, 64)***

യേശു മിശിഹായുടെ പ്രസ്തുത പ്രവചനം വളരെ മഹത്തരമായ രീതിയിൽ പൂർത്തിയായിരിക്കുന്നു ഒരു ഭാഗത്ത് അല്ലാഹു ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)യെ വാഗ്ദത്ത മസീഹായി അവതരിപ്പിച്ചപ്പോൾ മറുഭാഗത്ത് യേശു മിശിഹായുടെ ദൈവത്വ സങ്കൽപ്പം തകർന്നു തരിപ്പണമാകാൻ തുടങ്ങി. വലിയൊരു വിഭാഗം ക്രിസ്തീയ ഗവേഷണം നടത്തുകയും അവയുടെ പൊള്ളത്തരം മനസ്സിലാവുകയും ചെയ്തു തുടങ്ങി.

ഇത് സംബന്ധിച്ച് Verginea Institute of Technology ചരിത്ര പ്രൊഫസർ ആയ C.Pappus എഴുതുന്നു

*യേശുവിന്റെ ദൈവികത്വത്തിലും ഉയർത്തെഴുന്നേൽപ്പിലും സിദ്ധാന്തത്തിലും ക്രിസ്ത്യാനികൾ ഇന്ന് വളരെ സംശയാലുക്കളാണ്. ജർമ്മനിയിലെ ടുബിൻ ഗനിയിലെ വൈദികനും ദൈവശാസ്ത്ര പൺഡിതനുമായ ഹാൻസ് കുങ്ങ് എന്ന റോമൻ വൈദികൻ 1976 ൽ 'ഒരു ക്രിസ്തു മത വിശ്വാസി' എന്ന ശീർഷകത്തിൽ ഇംഗ്ലീഷിൽ രചിച്ച പുസ്തകത്തിൽ ക്രൈസ്തവ സിദ്ധാന്തങ്ങളിൽ ക്രിസ്തുവിന്ന് നൽകിയ പദവിയെക്കുറിച്ച് പുനർ*

*വ്യഖ്യാനം നടത്തിയപ്പോൾ ഇന്ന് നിലവിലുള്ള മനോവ്യാപാരങ്ങൾക്ക് അനുയോജ്യമല്ലാത്ത വിധം കാലഹരണപ്പെട്ടുവെന്ന കണ്ടെത്തുകയുണ്ടായി. ദൈവം യേശുവിൽ കുടികൊള്ളുന്നുവെന്ന് യേശുവിന്റെ പ്രവർത്തനങ്ങളിലൂടെ അത് വെളിപ്പെടുന്നുവെന്നും മാത്രമേ ക്രിസ്തുവിന്റെ ദിവ്യത്വം കൊണ്ടുദ്ദേശിക്കുന്നുള്ളൂ എന്ന അഭിപ്രായക്കാരനാണദ്ദേഹം. അനാദികാലം മുതൽ പുത്രൻ പിതാവിനോടൊപ്പം മുൻവർത്തിച്ചിരിക്കുന്നു എന്ന് പ്രഖ്യാപിച്ചത് യേശുവിന്റെ വിശിഷ്ടാദ്ധ്യാപനങ്ങളെ ദൃഢീകരിക്കുക എന്ന ഉദ്ദേശ്യത്തോടെ മാത്രമായിരുന്നു എന്ന് ഹാൻഷൂം പറയുന്നു. കുങ്ങിന്റെ അഭിപ്രായത്തിൽ മരണാനന്തരം സകലരും രക്ഷനായ ദൈവത്തിലെ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നത് പോലെയുള്ള ഉയിർത്തെഴുന്നേൽപ്പ് മാത്രമായിരുന്നു. യേശുവിന്റെ ദൈവ സാമ്രാജ്യത്തിലേക്കുള്ള ആത്മീയാരോഹണം മാത്രമായിരുന്നു അത്. അല്ലാതെ പ്രകൃതി നിയമങ്ങൾക്ക് വിപരീതമായ ഭൗതിക ശരീരത്തോടുകൂടിയ ഉയിർത്തെഴുന്നേൽപ്പായിരുന്നില്ല അത്. ദൈവപുത്രനാണെന്ന് യേശു ഒരിക്കലും അവകാശപ്പെടുകയോ ആദ്യവിശ്വസികൾ അപ്രാകാരമുള്ള വിശ്വാസം കൈകൊള്ളുകയോ ചെയ്തിരുന്നില്ല. മാത്രമല്ല മനുഷ്യനെയും പ്രകൃതിയേയും കുറിച്ച് കാലഹരണപെട്ടുപോയ ഗ്രീക്ക് സങ്കൾപ്പങ്ങളിൽ അധിഷ്ഠിതമായ ആദ്യകാല സിദ്ധാന്തങ്ങൾ തികച്ചും അനുമാനമാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. (Tomb of Jesus in India Page 48) BishopJhon ShellySpong തന്റെ Why Christianity Must Change Or Die എന്ന ഗ്രന്ഥത്തിൽ ആധുനിക ക്രൈസ്തവ വിശ്വാസങ്ങളെല്ലാം തന്നെ യുക്തി രഹിതവും ബുദ്ധിക്ക് അസ്വീകാര്യവും ആണെന്ന് പറയുന്നു. ഒന്നുകിൽ ക്രിസ്ത്യാനികൾ വിശ്വാസത്തിന് ഒരു മാറ്റം വരുത്തട്ടെ. അല്ലെങ്കിൽ അവർ സമ്മൂലമായ പരിവർത്തനത്തിന് വിധേയമാവട്ടെ എന്നദ്ദേഹം അഭിപ്രായപ്പെടുന്നു. (Bishop Jhon ShellySpong þ Why Christianity Must Change Or Die , Newyork, Herper Collins Publishers 1999 p.221-222)*

യേശു മനുഷ്യ രുപത്തിലുള്ള ദൈവമാണെന്നായിരുന്നു അവരുടെ ധാരണ. അതുകൊണ്ട് ദൈവത്തിന്ന് മാത്രം ചെയ്യാൻ പറ്റുന്ന സകലതും യേശുവിന്ന് ചെയ്യാൻ കഴിയും എന്ന സവിശേഷത അവർ യേശുവിന്ന് നൽകിയിരിക്കുന്നു. നസ്രേത്തിലെ യേശുവിന്റെ ദിവ്യത്വം മുഴുവനും വ്യാഖ്യാനരൂപത്തിൽ വ്യാഖ്യാന രൂപേണ ആവിഷ്ക്കരിക്കപ്പെട്ട ചട്ടക്കൂട്ടിലായിരുന്നു വെളിപ്പെട്ടിരുന്നത്. മാനവ ചരിത്രത്തിലെ ആ പ്രത്യേക കാലഘട്ടത്തിൽ നിലനിന്നിരുന്ന ദൈവാസ്തിക്യ സങ്കൽപ്പത്തെ അടിസ്ഥാനമാക്കി ആവിഷ്ക്കരിച്ച വ്യാഖ്യാനങ്ങളായിരുന്നു അത്. ഇതിലെ ഭാഷാപ്രയോഗത്തിൽ ആധുനികതക്ക് മുമ്പുള്ള അശാസ്ത്രീ ഭാഷാപ്രയോഗങ്ങൾ കൊണ്ട് നിബിഢമായിരുന്നു. ദിവ്യത്വാരോപണ പ്രക്രിയയിൽ ഒന്നാം നൂറ്റാണ്ടിൽ ഇതല്ലാതെ മറ്റു പോം വഴികളൊന്നുമുണ്ടായിരുന്നില്ല. ആവിഷ്ക്കരിക്കപ്പെട്ട ഈ ഭാഷ പ്രയോഗങ്ങൾ പിന്നീട് നമ്മുടെ തത്വസംഹിതകളായും ആരാധനാമുറകളായും പ്രാർത്ഥനകളായും നമ്മുടെ ആദ്ധ്യാത്മിക സങ്കൾപ്പങ്ങളായും ഏകീഭവിപ്പിക്കുകയായിരുന്നു. എല്ലാമായ ഈ ഭാഷാ ശൈലി ഇന്ന് നിരർത്ഥകമായി തീർന്നിരിക്കുന്നു. യാഥാർത്ഥ്യ ബോധം ഉളവാക്കുന്നതിന്നായി ആവിഷ്ക്കരിക്കപ്പെട്ട സാക്ഷ്യങ്ങളാവട്ടെ ജീർണിച്ച് നശിച്ചിരിക്കുന്നു. ഉദ്ദേശ്യവിശദീകരണത്തിന്നായി ഉപയോഗിച്ച പദങ്ങളും സങ്കൽപ്പങ്ങളും ബ്രഹ്മജ്ഞാന യുക്തി ന്യായങ്ങളുമെല്ലാം അർത്ഥ ശൂന്യവും പൊള്ളയുമായി തീർന്നിരിക്കുന്നു. (*Bishop Jhon Shelly Spong þ Why Christianity Must Change Or Die , Newyork, Herper Collins Publishers 1999 p. 221þ222*)

കൂടാതെ Marcus Borg എന്ന മത ചരിത്രഗവേഷകൻ തന്റെ Jesus At 2000 എന്ന ഗ്രന്ഥത്തിലും യേശുവിനെക്കുറിച്ചുള്ള ദൈവത്വവിശ്വാസത്തിന്റെ പൊള്ളത്തരം ശാസ്ത്രീയ വിശകലനതിൽ കൂടി എടുത്തു കാട്ടിയിരിക്കുന്നു.

മഹ്ദി മസീഹ് (അ) എഴുതുന്നു.

***ഭൂമിയുടെ ഉദരത്തിൽ നിന്ന് പുറത്തു വന്നതിൽ പിന്നെ മസീഹ് കശ്മീർ, തിബത്ത് തുടങ്ങിയ പൂർവ്വ ദേശങ്ങളിൽ വസിക്കുകയുണ്ടായി എന്നും തന്റെ ജനങ്ങളുടെ അടുക്കൽ അതായത് അസൂർയാ രാജാവായ ശാലമൻസർ സാമിരിയ്യ ആ.ഇ 721 സാരീയ്യ (Sameria) യിൽ നിന്ന് തടവുകാരായി പിടിച്ചു കൊണ്ടു പോയ പത്ത് ഗോത്രക്കാരിൽപ്പെട്ട ഇസ്രയേൽ സന്തതികളുടെ അടുക്കൽ ചെല്ലുകയുണ്ടായി. ആ പത്തു ഗോത്രക്കാർ ഇന്ത്യയിൽ വന്ന് ഈ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടിപാർക്കുന്നുണ്ടായിരുന്നു. .............അങ്ങനെ ഈ രാജ്യത്ത് വന്ന് താമസമാക്കിയ ഇവർ ഇരു രാജ്യക്കാരുമായി ചേർന്ന് മിശ്രിതരായി പോയതിനാൽ ഈ കാണാതെ പോയ ആട്ടിൻ ഗോത്രങ്ങളെ തിരഞ്ഞു പിടിക്കേണ്ടത് ഈസാ മസീഹ്(അ)ന്റെ ഒഴിച്ചു കൂടാനാകാത്ത ധർമ്മമാകുന്നു. അതിൻ പ്രകാരം അദ്ദേഹം വാസ്തവത്തിൽ ഇന്ത്യയിൽ വരികയും പല താവളങ്ങളിലും സഞ്ചരിച്ച് ഒടുവിൽ കാശ്മീരിൽ എത്തുകയും അവിടെ ബുദ്ധമതം ആചരിച്ചിരുന്നവർക്കിടയിൽ തന്റെ ജനത്തെ കണ്ടെത്തുകയുമുണ്ടായി. ഒടുവിൽ യോനയെ അദ്ദേഹത്തിന്റെ ജനം സ്വീകരിച്ചത് പോലെ മിശിഹാ തന്റെ ജനങ്ങളാലും സ്വീകരിക്കപ്പെട്ടു. ഇതെല്ലാം ഇപ്രകാരം സംഭവിക്കേണ്ടത് അനിവാര്യമായിരുന്നു. എന്തെന്നാൽ താൻ ഇസ്റായേൽ ഗൃഹത്തിലെ കാണാതെ***

***പോയ ആടുകളുടെ അടുക്കലേക്ക ല്ലാതെ അയക്കപ്പെട്ടിട്ടില്ല എന്നു മിശിഹാ സുവിശേഷത്തിൽ സുവ്യ ക്തമാംവിധം പറഞ്ഞിട്ടുണ്ട്. (യേശു മിശിഹാ ഇന്ത്യയിൽ, പേ 23,25)***

*കുരിശ് സംഭവത്തിന്ന് ശേഷം യേശു എവിടെക്കാണ് പോയത് എന്നതിനെ സംബന്ധിച്ച് ഉത്തരം നൽകാൻ വിശുദ്ധഖുർആൻ ഒട്ടും അമാന്തിച്ചിരുന്നില്ല. 'നാം ഈസ ബ്നു മറിയമിനേയും അദ്ദേഹത്തി ന്റെ മാതാവിനേയും ഒരു അടയാള മാക്കി യിരിക്കുന്നു. നാം അവർക്ക് രണ്ട് പേർക്കും നിവാസ യോഗ്യവും ഒഴുകുന്ന വെള്ളമുള്ളതുമായ ഒരു ഉയർന്ന പ്രദേശത്ത് അഭയം നൽകി' (വി.ഖുർആൻ 3:51) അഭയസ്ഥാനത്തെ കുറിച്ചുള്ള ഈ വിവരണ ലക്ഷണങ്ങൾ കശ്മീരിന് എത്രത്തോളം ഇണങ്ങുന്നു എന്നത് തികച്ചും വിസ്മയകരമായിരിക്കു ന്നു. മറ്റ് ചില ഭാഷാന്തരങ്ങളിൽ ഈ ഉയർന്ന പ്രദേശത്തെ മരതക താഴ്വരയെന്നും വിശേഷിപ്പിക്ക പ്പെട്ടിരിക്കുന്നു. (ഹോൾകർ കെസ്റ്റൻൺ. പേജ്. 218)*

ഹദ്റത്ത് അഹ്മദ് തന്റെ തദ്കി റത്തു ശ്ശഹാദത്തൈൻ എന്ന ഗ്രന്ഥ ത്തിൽ പറയുന്നു: വാഗ്ദത്ത മസീഹിന്റെ ആകാശത്ത് നിന്നുള്ള ഇറക്കങ്ങൾ വെറുമൊരു വ്യാമോ ഹം മാത്രമാണ്. ആകാശത്ത് നിന്ന് ആരും തന്നെ ഇറങ്ങി വരുന്നതല്ലെ ന്ന് നല്ല വണ്ണം ധരിച്ചു കൊള്ളുക. ഇന്ന് ജീവിച്ചിരിക്കുന്ന എന്റെ എതിരാളികളെല്ലാം മരിച്ചൊടുങ്ങും എന്നാൽ അവർക്ക് ആകാശത്ത് നിന്നും ഈസബ്നു മറിയം ഇറങ്ങി വരുന്നതായി കാണാൻ സാധിക്കു ന്നതല്ല. അതിന് ശേഷം അവരുടെ സന്താനപരമ്പരകളും മറിയമിന്റെ പുത്രൻ ഈസാ(അ) ഇറങ്ങുന്നതാ യി കാണാതെ തന്നെ മരണമടയും. പിന്നെ ആ സന്തതികളുടെ സന്താന ങ്ങളും ഈസാ നബിയെ കാണാതെ നിരാശരായി മരണ മടയുന്നതാണ്. അപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളിൽ ഭയവും പരിഭ്രമവും ഉളവാക്കും. കാരണം അന്ന് കുരിശി ന്റെ മേധാവിത്വകാലം കഴിഞ്ഞു പോകുകയും ലോകം ഒരു നവീന ഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും. എന്നാലും മറിയമിന്റെ പുത്രൻ ഈസ അതു വരെയും ഇറങ്ങി വന്നിരിക്കില്ല. തദവസരത്തിൽ ചിന്താശീലർ ഇത്തരം വിശ്വാസത്തെ പാടെ വെറുത്തു തുടങ്ങുകയും അങ്ങനെ ഇന്ന് മുതൽ മൂന്ന് നൂറ്റാണ്ട് പൂർത്തിയാവുന്നതിന് മുമ്പായി ഈസായെ കാത്തിരിക്കുന്നവർ മുസ്ലികളാകട്ടെ ക്രിസ്ത്യാനികളാ കട്ടെ എല്ലാവരും അദ്ദേഹത്തിന്റെ വരവിനെക്കുറിച്ച് നിരാശരാകുക യും തീരെ മനംമടുത്ത് ഈ വിശ്വാസത്തെ പരിത്യജിക്കുകയും ചെയ്യുന്നതാണ്. ലോകത്ത് ഒരേ മതവും ഒരോയൊരു മാർഗ്ഗ ദർശക നും മാത്രം അവശേഷിക്കുന്നതായി രിക്കും. ഞാൻ ബീജാവാപത്തിന്നു വേണ്ടി മാത്രമാണ് വന്നിരിക്കുന്നത്. എന്റെ കൈകൾക്കൊണ്ട് ആ വിത്തു നടപ്പെട്ടിരിക്കുന്നു. ഇനി അത് വളരുകയും പുഷ്പ്പിക്കുക യും ചെയ്യും. അതിന്റെ വളർച്ചയെ തടയുവാൻ ആർക്കും സാദ്ധ്യമല്ല. (തദകിറത്തുശ്ശഹാദത്തെൻ- ഭാ 67)

ക്രിസ്ത്യാനികളും മുസ്ലിംക ളും വ്യത്യസ്ത നിലകളിൽ ആദരം അർപ്പിക്കുന്ന മത പുരുഷനായ ക്രിസ്തുവിനെ സംബന്ധിച്ച് സത്യം ഇരു മതസ്ഥർക്കും അറിയേണ്ടതു ണ്ട്. മുസ്ലിംകളുടെ വിശ്വാസത്തി ലും ക്രിസ്ത്യാനികളുടെ വിശ്വസ ത്തിലും ക്രിസ്തുവിന്റെ വിഷയ ത്തിൽ പിഴവുകൾ ധാരാളമുണ്ട്. കുരിശ് മരണം ഉയിർത്തെഴുന്നേ ൽപ്പ്, സ്വർഗ്ഗാരോഹണം, ക്രിസ്തു വിന്റെ രണ്ടാം വരവ് എന്നിവ വെറും മിഥ്യാ സങ്കൽപ്പങ്ങളാണെ ന്ന് വാഗ്ദത്ത മസീഹ് തെളിയിച്ചു കഴിഞ്ഞു. ദിവ്യവെളിപാടുകളുടെ വെളിച്ചത്തിൽ ഹദ്റത്ത് അഹ്മദ് (അ)സമർപ്പിച്ച അക്കാദമിക്ക് രീതി യിലുള്ള ഗവേഷണ സത്യങ്ങൾ വെറും വിശ്വാസ പ്രഖ്യാപനങ്ങളല്ല. ചരിത്രത്തിന്റെയും യുക്തശാസ്ത്ര ത്തിന്റെയും ദൈവശാസ്ത്രത്തിന്റെ യും പിൻബലമുള്ള അനിഷേധ്യ ങ്ങളായ വെളിപ്പെടുത്തലുകളാണ് ഹദ്റത്ത് അഹ്മദ് (അ) മുന്നോട്ടു വചത്. ക്രിസ്തുവിനെകുറിച്ചുള്ള ഈ കണ്ടെത്തലുകൾക്ക് ക്രിസ്തീ യ ലോകത്ത് നിന്നു പ്രതികരണ ങ്ങൾ വന്നു തുടങ്ങിയിരിക്കുന്നു. ധിഷണാ ശാലികളെയും പണ്ഡി ത പ്രതിഭകളെയും ഗവേഷണ പടുക്കളേയും ഇത്തരം മിഥ്യാ വിശ്വസങ്ങളിൽ അധികനാൾ തള ച്ചിടാൻ സാധ്യമല്ല എന്ന അറിവിലേ ക്ക് ക്രിസ്തീയ ലോകം നടന്നടുക്കു കയാണ്. ഹദ്റത്ത് അഹ്മദി(അ) ന്റെ ദിവ്യ ദൗത്യത്തെ പറ്റിയും മഹനായ ക്രിസ്തുവിന്റെ യാഥാർ ത്ഥ സത്യത്തെ പറ്റിയും സത്യന്വേ ഷികൾക്ക് ദൈവം വെളി പ്പെടുത്തി കൊടുക്കുമാറാകട്ടെ.

---

**പേജ് 24 ൽ നിന്ന് തുടർച്ച**

**ക്രിസ്ത്യാനികൾ** : അറിയാം.

**നബി(സ)**: ഇങ്ങനെയുള്ള ഒരാൾ എങ്ങനെയാണ് നിങ്ങൾ വാദിക്കു ന്നത് പോലെ ദൈവമാകുക.?

സംഘം മറുപടി പറഞ്ഞില്ല.

ഈ സന്ദർഭത്തിലാണ് സൂറ: ആലു ഇമ്രാനിലെ ആദ്യത്തെ എൺപതോളം സൂക്തങ്ങൾ അവതരിച്ചത്. (തഫ്സീറുൽ മുനീർ, രണ്ടാം വാല്യം, പേജ്, 145, 146)

ഇനി നാം ചിന്തിക്കേണ്ടത് ക്രിസ്തുവിന്റെ കുരിശ് മരണത്തി ലും ഉയിർത്തെഴുന്നേൽപ്പിലും വിശ്വസിക്കാത്ത മനുഷ്യരെല്ലാം പാപികളാണെന്ന് പറഞ്ഞ് ക്രിസ്തീ യ വിശ്വാസത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്ന ക്രിസ്ത്യാനികളു മായുള്ള വാദപ്രതിവാദങ്ങളിൽ മുസ്ലിംകൾ ഉന്നയിക്കേണ്ടത് ഈസാനബി (അ) അഥവാ യേശു മരിച്ചു പോയി എന്ന ഖുർആനും റസൂൽ തിരുമേനി(സ) യും അവിടു ത്തെ ശിഷ്യനായ വാഗ്ദത്ത മസീഹിന്റെയും വാദമാണ്. എന്നിട്ട് നോക്കൂ ആ വാദത്തിന്റെ സാഫ ല്യം.

ഭാഗം – 25

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

ഇബ്നു വഫാ ബേപ്പൂർ

### മെഹർ സിംങ്ങ് എന്ന ഹദ്റത്ത് അബ്ദുർറഹ്മാൻ സാഹിബ്

ഹദ്റത്ത് മാസ്റ്റർ അബ്ദുർറഹ്മാൻ സാഹിബ് ബി.എ വളരെ ചെറുപ്രായത്തിൽ സിക്കു മതത്തിൽ നിന്നും ഹദ്റത്ത് മസീഹ് മൗഊദിൽ വിശ്വസിച്ചു ഹുസൂറിന്റെ കൈയിൽ ബൈഅത്തു ചെയ്തു ജമാഅത്തിൽ പ്രവേശിച്ച വളരെ നന്മകൾ നിറഞ്ഞ മഹാനായ ഒരു വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ ആദ്യ പേര് മെഹർ സിംഗ് എന്നാണ്. വിദ്യഭ്യാസത്തിനായി അദ്ദേഹത്തെ വളരെയേറെ സഹായിച്ചത് ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബായിരുന്നു. അദ്ദേഹത്തിന്റെ ചെലവുകൾക്കായി മൗലവി സാഹിബ് മാസന്തോറും ജമ്മുവിൽ നിന്നും പണമയക്കുമായിരുന്നു. വിദ്യഭ്യാസത്തിനു ശേഷം അദ്ദേഹത്തിനു അധ്യാപക ജോലി കിട്ടി. അദ്ദേഹം തബ്‌ലീഗിന്നായി വളരെ സമയം ചെലവഴിച്ചിരുന്നു. തബ്‌ലീഗ് എന്നത് അദ്ദേഹത്തിനു ഒരു ഭ്രാന്തായിരുന്നു. ഇദ്ദേഹത്തിന്റെ വിവാഹവും മൗലവി സാഹിബിലൂടെ തന്നെയാണു നടന്നത്.

രസകരമായ ആ കഥ ഇങ്ങനെയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദിന്റെ മുഖ്‌ലിസ് സഹാബിയായിരുന്ന ഹദ്റത്ത് ഖലീഫാ നൂറുദ്ദീൻ സാഹിബ് ജമ്മുനി ഒരിക്കൽ മൗലവി സാഹിബിനോടു തന്റെ മകൾക്കു യോജിച്ച ഒരു വിവാഹബന്ധമന്വേഷിക്കാൻ അപേക്ഷിച്ചു. മൗലവി സാഹിബ് ഉടനെ തന്നെ മാസ്റ്റർ അബ്ദുർറഹ്മാൻ വളരെ സാത്വികനായ ഒരു ചെറുപ്പക്കാരനാണെന്നും അദ്ദേഹത്തെ കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായമെന്താണെന്നും നൂറുദ്ദീൻ സാഹിബ് ജമ്മൂനിയോടു ആരാഞ്ഞു. അതിനു അദ്ദേഹവും അദ്ദേഹത്തിന്റെ ഭാര്യയും കൂടി പറഞ്ഞു. മൗലവി സാഹിബ്! അവനൊരു ''അന്തവും കുന്ത''വുമില്ലാത്ത ഒരുപാവം പിടിച്ച ചെറുപ്പക്കാരനാണ്. അവനു വീടില്ല വീട്ടുകാരുമില്ല. അയാളുടെ ആകെയുള്ള സമ്പത്ത് ഒരു മുറിയിലുള്ള കട്ടിലും വിരിപ്പും വെള്ളത്തിനായുള്ള ഒരു കിണ്ടിയുമല്ലാതെ മറ്റെന്താണുള്ളത്. വിവാഹത്തിനു ശേഷം ഞങ്ങളുടെ മകളെവിടെ താമസിക്കും?

ഇതു കേട്ടപ്പോൾ മൗലവി സാഹിബ് വളരെ ഗൗരവത്തിലും നല്ല ഉച്ചത്തിലും പഞ്ചാബിയിൽ അദ്ദേഹത്തോടു പറഞ്ഞു മിയാ നൂറുദ്ദീൻ സാഹിബ്! നിങ്ങളുടെ മകളുടെ നസീബിൽ വല്ലതും വിധിച്ചിട്ടുണ്ടെങ്കിൽ അവൾ കാലി (ഒഴിഞ്ഞ) വീട്ടിൽ അവൾ കയറി ചെന്നാലും അവളതിനെ നിറയ്ക്കും. ഇനി അവളുടെ നസീബിൽ ഒന്നും തന്നെ എഴുതി വച്ചിട്ടില്ലെങ്കിൽ നിറഞ്ഞിരിക്കുന്ന വീടാണെങ്കിൽപോലും അവളതിനെ കാലിയാക്കും. മൗലവി സാഹിബിന്റെ ഗൗരവത്തിലുള്ള ഈ വാക്കുകൾ കേട്ടപ്പോൾ അദ്ദേഹവും ഭാര്യയും ഉടനെ പറഞ്ഞു മൗലവി സാഹിബ്! ഞങ്ങൾക്കു സമ്മതമാണ്. താങ്കൾ വേണ്ടതു ചെയ്തോളൂ. അങ്ങനെ വിവാഹം നടന്നു. ആ ബന്ധത്തിൽ മാസ്റ്റർ അബ്ദുർറഹ്മാൻ സാഹിബിനു അദ്ദേഹത്തെ പോലെ തന്നെ സാത്വികരായ സന്താനങ്ങളെ അല്ലാഹു നൽകി. അവരെല്ലാവരും തന്നെ ജമാഅത്തിനോടു അങ്ങേയറ്റം കൂറും ആത്മാർഥതയും പുലർത്തുന്നവരായിരുന്നു. അവരെല്ലാം എപ്പോഴും തന്നെ ദീനീ സേവനത്തിനായി ഒരുക്കമുള്ളവരായിരുന്നു.

ഒരിക്കൽ അദ്ദേഹത്തിന്റെ കണ്ണുകൾക്കു അസുഖം ബാധിച്ചു.

മൗലവി സാഹിബ് വളരെ ശ്രദ്ധയോടെ ചികിത്സിച്ചു കൊണ്ടിരുന്നു. ശമനം കണ്ടില്ലെന്നു മാത്രമല്ല അസുഖം നാൾക്കു നാൾ വർദ്ധിച്ചു കൊണ്ടിരുന്നു. ഒരു ദിവസം മൗലവി സാഹിബ് അദ്ദേഹത്തോടു പറഞ്ഞു മിയാ അബ്ദുർറഹ്മാൻ, അസുഖത്തിനു യാതൊരു വ്യത്യാസവുമില്ല. കണ്ണിന്റെ കാഴ്ച പൂർണമായും നഷ്ടപ്പെട്ടു പോകുമോ എന്നെനിക്കു ഭയമുണ്ട്. മൗലവി സാഹിബ് പറഞ്ഞതു കേട്ടു അദ്ദേഹം വല്ലാതെ പരിഭ്രമിച്ചു പോയി. അദ്ദേഹം വേഗം തന്നെ മസീഹ് മൗഊദിന്റെ അടുക്കൽ ചെന്നു വിവരങ്ങളെല്ലാം പറഞ്ഞു.

ഹുസൂർ ചോദിച്ചു നവ അഹ്മദികൾക്കായി വല്ലതും എഴുതാൻ ഞാൻ പറഞ്ഞിട്ടുണ്ടായിരുന്നില്ലേ? എഴുതിയോ? അദ്ദേഹം പറഞ്ഞു ഹുസൂർ ഞാൻ ദൃഢനിശ്ചയം ചെയ്തിട്ടുണ്ട്. എന്തായാലും എഴുതും. കണ്ണിൽ അസഹ്യമായ വേദന കാരണം ഇപ്പോൾ എഴുതാനാവുകയില്ല. ഹുസൂർ പറഞ്ഞു നിയ്യത്ത് ചെയ്തോളൂ അതിലൂടെ അല്ലാഹു തൗഫീഖും നൽകും. ഞാൻ ദുആ ചെയ്യുകയും ചെയ്യാം. ഇൻശാ അല്ലാഹ് അസുഖം ഭേദമാകും. മൂന്നു നാലു ദിവസങ്ങൾ കൊണ്ട് തന്നെ അസുഖം ഭേദപ്പെട്ടു. അതിനു ശേഷം അദ്ദേഹം തന്റെ തൂലികാ ജിഹാദ് ആരംഭിച്ചു. മൗലവി സാഹിബിന്റെ സഹായത്തോടെ അദ്ദേഹം 'ഞാൻ മുസ്‌ലിമായിത്തീർന്നു' എന്ന ഒരു പുസ്തകം താമസിയാതെ തന്നെ എഴുതി. ആ പുസ്തകത്തെ പുകഴ്ത്തിക്കൊണ്ട് മൗലവി സാഹിബ് ഒരു ഗംഭീര റിവ്യു എഴുതുകയും ചെയ്തു.

## കാങ്ങ്ഡയിലെ ഭൂകമ്പവും മൗലവി സാഹിബിന്റെ ഉപദേശവും

ആദ്യം പഞ്ചാബ് സംസ്ഥാനത്തിൽ ഉൾപ്പെട്ടതും ഇപ്പോൾ ഹിമാചൽ പ്രദേശിന്റെ ഭാഗവുമായ കാങ്ങ്ഡ (Kangra) യിൽ 1905 ഏപ്രിൽ 4-ാം തീയതി 7.9 Magnitude തീവ്രതയുള്ള അതിഭയാനകമായ ഒരു ഭൂകമ്പമുണ്ടായി. വളരെ വിപുലമായ നാശനഷ്ടങ്ങളും കെടുതികളും വിതച്ച ആ ഭൂകമ്പത്തിൽ 20,000 പേരാണു കൊല്ലപ്പെട്ടത്. പരിക്കേറ്റവർ അതിന്റെ രണ്ടു മൂന്നു മടങ്ങ് കൂടുതൽ. ഒരു ലക്ഷം കെട്ടിടങ്ങൾ ഭാഗികമായോ പൂർണമായോ തകർന്നു തരിപ്പണമായി. കാണാതാവുകയോ കൊല്ലപ്പെടുകയോ ചെയ്ത വളർത്തു മൃഗങ്ങളുടെ എണ്ണം 50,000ൽ കൂടുതലാണെന്നു പറയപ്പെടുന്നു. ആകെ കണക്കാക്കിയ നഷ്ടം 2.9 മില്യൻ (1905ലെ കണക്ക്) രൂപയാണ്. ഈ കണക്കുകളിലൊന്നും ഉൾപ്പെടാത്ത മരണങ്ങളും അത്യാഹിതങ്ങളും കെടുതികളും നാശനഷ്ടങ്ങളും വേറേയും കണ്ടേക്കാം.

ആ അവസരത്തിൽ ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് (റ) ജനങ്ങളോടു അല്ലാഹുവിന്റെ ഭാഗത്തേക്കു കൂടുതലായി തിരിയാനും അവന്റെ മുന്നിൽ കുമ്പിടാനും ആഹ്വാനം ചെയ്തുകൊണ്ട് ജമാഅത്തിന്റെ പത്രത്തിൽ ലേഖനമെഴുതിയിട്ടുണ്ടായിരുന്നു. കാങ്ങ്ഡയിലെ ഭുകമ്പത്തിൽ ജനങ്ങളുടെ വിലയേറിയ ജീവൻ നഷ്ടപ്പെട്ടതിലും മൃഗങ്ങൾ കൊല്ലപ്പെട്ടതിലും സ്വത്തും മുതലും പാഴായതിലും അദ്ദേഹം അഗാധമായ ദു:ഖം രേഖപ്പെടുത്തികൊണ്ട് എഴുതുകയാണു. ഒരു ഭാഗത്തു തീവ്രമായ ദു:ഖമുണ്ടെങ്കിലും മറു ഭാഗത്തു അല്ലാഹുവിന്റെ മസീഹിന്റെ പ്രവചനങ്ങൾ പൂർത്തിയായതിൽ സന്തോഷവുമുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) തുടർച്ചയായി ജമാഅത്തിന്റെ പ്രസിദ്ധീകരണങ്ങളിലൂടെ ഭൂകമ്പത്തെക്കുറിച്ചു ജനങ്ങൾക്കു മുന്നറിയിപ്പു നൽകുകയും തൗബയും ഇസ്തിഗ്ഫാറും ചെയ്തുകൊണ്ട് നന്മ സ്വായത്തമാക്കാനും തിന്മകളെ വെടിയാനും നിരന്തരം ഉപദേശിച്ചിരുന്നു. ഈ ഭൂകമ്പത്തിനു ശേഷം ഹദ്റത്ത് മസീഹ് മൗഊദ് (അ) ഖാദിയാനിൽ ബഹിശ്ത്തി മഖ്ബറയ്ക്കു സമീപമുണ്ടായിരുന്ന ഒരു തോട്ടത്തിലേയ്ക്കു (പിന്നീട് ഈ തോട്ടവും ബഹിശ്ത്തി മഖ്ബറയുടെ ഭൂമിയോടു ചേർത്തു എന്നാണ് മനസ്സിലാകുന്നത്) കുടുംബസമേതം താമസം മാറ്റിയിരുന്നു. ഹുസൂർ തന്റെ സഹാബാക്കളോടും തോട്ടത്തിലേയ്ക്കു വരാനും അവിടെ ടെന്റുണ്ടാക്കി താമസിക്കാനും നിർദേശിച്ചിട്ടുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ്, മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി തുടങ്ങിയ പല സഹാബാക്കളും കുടുംബസമേതം താമസം തോട്ടത്തിലേയ്ക്കു മാറ്റിയിരുന്നു. ആ സമയങ്ങളിൽ ഖാദിയാനിൽ അതിഥികൾ ആരെങ്കിലും വന്നാൽ അവരേയും തോട്ടത്തിലുള്ള ടെന്റിലായിരുന്നു പാർപ്പിച്ചിരുന്നത്. ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് തന്റെ ക്ലിനിക്കും തോട്ടത്തിലേയ്ക്കു മാറ്റിയിരുന്നു. ആ വർഷം ഭൂകമ്പത്തിനു ശേഷം ഏപ്രിൽ, മെയ്, ജൂൺ മൂന്നു മാസം ഈ അവസ്ഥ തുടരുകയുണ്ടായി. സാന്ദർഭികമായി അതുമായി ബന്ധപ്പെട്ട ചില കാര്യങ്ങളും ദൃക്സാക്ഷി വിവരണങ്ങളുടെ സംഗ്രഹവും വായനക്കാരുടെ മുന്നിൽ വയ്ക്കാം.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ ഭൂകമ്പത്തിനു ഒരു വർഷം മുമ്പു തനിക്കു അല്ലാഹുവിൽ നിന്നും ലഭിച്ച ഒരു ദിവ്യവെളിപാട് عَفَتِ الدِّيَارُ مَحَلُّهَا وَ مُقَامُهَا അതായത് ആസന്ന ഭാവിയിൽ അതിഭീകരമായ നാശനഷ്ടങ്ങൾ ഉണ്ടാക്കും. അതിലൂടെ താൽക്കാലികവും സ്ഥിരവുമായ താമസ സ്ഥലങ്ങൾ തകർന്നു തരിപ്പണമാവും എന്നു വെളിപ്പെടുത്തിയിട്ടുണ്ടായിരുന്നു. അതിനു ശേഷം പറയപ്പെട്ട ഭൂകമ്പത്തിന്റെ ദിനങ്ങൾ വളരെ സമീപസ്ഥമായെന്നു മനസ്സിലായപ്പോൾ ഹുസൂർ 'അൽവസിയ്യത്ത്' എന്ന പേരിൽ ഒരു വിജ്ഞാപനം പുറപ്പെടുവിക്കുകയും അതിൽ ഇങ്ങനെ എഴുതുകയും ചെയ്തു.

പ്രവചനമനുസരിച്ചുള്ള ആ ഭൂകമ്പം വളരെ സമീപസ്ഥമാണെന്നു ഞാൻ കാണുന്നു. ഇപ്പോൾ സമയം അർദ്ധരാത്രിക്കു ശേഷം നാലു മണിയായിരിക്കുന്നു. അതിവേദനാ ജനകമായ മരണവും അതോടൊപ്പം നിലവിളികളും കൂട്ട കരച്ചിലുകളും ഞാൻ ഇപ്പോൾ കശ്ഫിൽ കണ്ടിരിക്കുന്നു. അപ്പോൾ മൗതാ മൗത്തി ലഗ് റഹീ ഹൈ (സർവത്ര മരണങ്ങൾ നടമാടുകയാണു) എന്ന അല്ലാഹുവിന്റെ ദിവ്യ വെളിപാട് എന്റെ നാവിലൂടെ പുറത്തു വന്നു. അതോടെ ഞാൻ ഉണരുകയും ഉടനെ തന്നെ എഴുന്നേറ്റു ഈ വിജ്ഞാപനം തയ്യാറാക്കുകയുമാണ്. സ്നേഹിതരേ, എഴുന്നേൽക്കുവിൻ, ജാഗരൂകരാകുവിൻ. ഇനി ഈ നദി മുറിച്ചു കടക്കാൻ തഅഖ്‌വയുടെ തോണിയല്ലാതെ മറ്റൊന്നുമില്ല തന്നെ. അതിനു ശേഷവും ഹുസൂർ അദ്ദഅ്‌വാ, അൽഇൻസാർ, അന്നിദാമിൻ വഹ്‌യുസ്സമാഅ് എന്നീ പേരുകളിലും വിജ്ഞാപനമിറക്കി തിന്മകളെ ഉപേക്ഷിച്ചു കൊണ്ട് നന്മയും തഖവയും സ്വായത്തമാക്കുവാനും ഇതു കൊണ്ടല്ലാതെ അല്ലാഹുവിന്റെ കോപത്തിൽ നിന്നും നമുക്കു രക്ഷനേടാൻ സാധിക്കുകയില്ലെന്നും ജനങ്ങളെ ഉൽബുദ്ധരാക്കി കൊണ്ടിരുന്നു.

1905 ഏപ്രിൽ 4-ാം തീയതി ഉണ്ടായ പ്രസ്തുത ഭൂകമ്പത്തിൽ നിന്നും അത്ഭുതകരമായ രീതിയിൽ രക്ഷപ്പെട്ട ഹദ്റത്ത് മിർസാ ബർകത്ത് അലി സാഹിബ് (റ) വിവരിക്കുകയാണു ഞാനും സബ് ഡിവിഷണൽ ഓഫീസർ ബാബു ഗുലാബുദ്ദീൻ സാഹിബ്, ഗുലാബ് ഖാൻ സാഹിബ്, മേസ്തരി അല്ലാബക്ശ് സാഹിബ് സിയാൽ കോട്ടി, മേസ്തരി ഗുലാം മുഹമ്മദ് സാഹിബ്, മേസ്തരി ഇലാഹി ബക്ശ് സാഹിബ്, മിർസാ റഹീം ബേഗ് സാഹിബ് തുടങ്ങിയവർ അതിഭയാനകവും ഭീകരവുമായ ആ ഭൂകമ്പ സമയത്തു കാങ്ഡയിലെ ധറംശാലയിലായിരുന്നു ഉണ്ടായിരുന്നത്. ഭൂകമ്പത്തിനു ഞങ്ങൾ ദൃക്സാക്ഷികളാണ്. അത് അനുഭവിച്ചവരാണ്. അല്ലാഹു അത്ഭുതകരവും അമാനിഷികവുമായ രീതിയിൽ ഞങ്ങൾ എല്ലാ ഓരോ അഹ്മദികളേയും ഒരു പോറലുമേൽപിക്കാതെ രക്ഷിച്ചു. മിർസാ റഹീം ബേഗ് സാഹിബിന്റെ അവിടെയുണ്ടായിരുന്ന സഹോദരനും കുടുംബവും അഹ്മദികളായിരുന്നില്ല. എന്നു മാത്രമല്ല ജമാഅത്തിനോടു വലിയ ശത്രുതയും വെറുപ്പും കാണിക്കുന്നവരായിരുന്നു. അവരൊന്നും തന്നെ ഭൂകമ്പത്തിൽ നിന്നും രക്ഷപ്പെട്ടില്ല. മറ്റു പല ഭാഗങ്ങളിൽ നിന്നും വന്ന വേറേയും ചില അഹ്മദികൾ അവിടെയുണ്ടായിരുന്നു. അവരെല്ലാവരും എല്ലാ തരത്തിലുള്ള നാശനഷ്ടങ്ങളിൽ നിന്നും രക്ഷപ്പെട്ടിരുന്നു. എന്റെ ഒരു ഊഹമനുസരിച്ചു അവിടെ യുണ്ടായിരുന്ന തൊണ്ണൂറ് ശതമാനം പേരും ഭൂകമ്പത്തിൽ കൊല്ലപ്പെട്ടിരുന്നു.

ഹദ്റത്ത് മിർസാ ബർകത്ത് അലി സാഹിബ് (റ) പറയുകയാണു. ഈ ഭൂകമ്പത്തിനു രണ്ടു മാസം മുമ്പു വിനീതൻ ഖാദിയാനിൽ പോയിട്ടുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതു സംബന്ധമായ വിജ്ഞാപനം പുറപ്പെടുവിച്ചപ്പോൾ വിനീതൻ ഖാദിയാനിലുണ്ട്. തിരിച്ചു വരുമ്പോൾ വിജ്ഞാപനത്തിന്റെ കുറച്ചു കോപ്പികൾ ധറംശാലയിലേയ്ക്കു കൊണ്ടു വരികയും അവിടെ ധാരാളം പേർക്കു നൽകുകയും ചെയ്തിട്ടുണ്ടായിരുന്നു. ഈ ഭുകമ്പത്തിൽ നിന്നും എല്ലാ ഓരോ അഹ്മദിയും രക്ഷപ്പെട്ടതു അതി മഹത്തായ അൽഭുതമാണു. സത്യാന്വേഷിയായ ഒരാൾ ആത്മാർഥമായി ചിന്തിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ സഹായം അഹ്മദികളോടൊപ്പമാണെന്നു അയാൾക്കു മനസ്സിലാകും. കാരണം അവിടെയുണ്ടായിരുന്ന അഹ്മദികൾ രക്ഷപ്പെടാനുണ്ടായ പ്രകൃതിദത്തമായ ഓരോ കാരണങ്ങൾ പരിശോധിക്കുകയാണെങ്കിൽ ഓരോന്നും അല്ലാഹുവിന്റെ അത്ഭുതകരമായ ദൃഷ്ടാന്തമാണെന്നു മനസ്സിലാകും. ഞാൻ മണ്ണിന്നടിയിൽ പെട്ടുപോയിരുന്നു. പക്ഷേ ഒരു കട്ടിൽ ചെരിഞ്ഞു നിന്നതു കാരണം ഞാനതിന്നടിയിലായി. എനിക്കു ഒന്നും സംഭവിച്ചില്ല. എന്റെ മുകളിൽ വീഴേണ്ടിയിരുന്ന മണ്ണിന്റേയും കല്ലിന്റേയും ഭാരം മുഴുവനും ആ കട്ടിൽ താങ്ങി നിർത്തി. പല അഹ്മദികളും പല രീതിയിലാണു രക്ഷപ്പെട്ടത്. അവർക്കു പറയാൻ ബാഹ്യമായി പല കാരണമുണ്ടെങ്കിലും എല്ലാ അഹ്മദികളേയും അല്ലാഹുവാണു കാത്തു രക്ഷിച്ചത്. ചിലർ ഭൂകമ്പ സമയത്തു ആ പ്രദേശത്തു നിന്നു മറ്റു ചില ആവശ്യങ്ങൾക്കായി മറ്റിടങ്ങളിലേയ്ക്കു പോയിട്ടുണ്ടായിരുന്നു. ചിലർ വീട്ടിൽ നിന്നും ചിലർ ജോലി ചെയ്യുന്ന കടകളിൽ നിന്നും പല ആവശ്യങ്ങൾക്കായി പുറത്തു പോയിട്ടുണ്ടായിരുന്നു. ചിലർ അതിനു മുമ്പ് സ്വദേശത്തേയ്ക്കു പോയിട്ടുണ്ടായിരുന്നു.

അദ്ദേഹം തുടർന്നു പറയുകയാണു. ഭൂകമ്പത്തിനു ശേഷവും ഞാൻ മുലാഖാത്തിനായി ഹുസൂറിന്റെ അടുക്കൽ ഖാദിയാനിൽ പോയിട്ടുണ്ടായിരുന്നു. ഹുസൂർ കാങ്ഡയിലും ധറംശാലയിലും പരിസര പ്രദേശങ്ങളിലുമുണ്ടായിരുന്ന അഹ്മദികളെ കുറിച്ചും അവർ രക്ഷപ്പെടാനുണ്ടായ ബാഹ്യകാരണങ്ങളെ കുറിച്ചും എന്നോടു വിശദമായി ചോദിക്കുകയുണ്ടായി. പിന്നീട് ഈ ഭൂകമ്പത്തിൽ നിന്നും അഹ്മദികൾ രക്ഷപ്പെട്ടതു അല്ലാഹുവിന്റെ അതിമഹത്തായ ദൃഷ്ടാന്തമാണെന്നു ഹുസൂർ അരുൾ ചെയ്യുകയുണ്ടായി. ഈ ദൃക്സാക്ഷി വിവരണത്തിൽനിന്നും പാഠം പഠിക്കുകയും അല്ലാഹുവിന്റെ പുണ്യവാളനെ സ്വീകരിക്കുകയും ചെയ്യുന്നവർ എത്ര ഭാഗ്യശാലികൾ!

(സഹാബാക്കളുടെ പ്രസിദ്ധീകരിക്കാത്ത റജിസ്ടേർഡ് റിവായാത്തുകൾ. ജുമുഅ ഖുത്തുബ ഹദ്റത്ത് ഖലീഫത്തുൽ മസീഹ്

ഖാമിസ്.2012 ഏപ്രിൽ 20.)

## ലാഹോറിൽസർവമത മഹാസമ്മേളനം

1896 ഡിസംബർ 26,27,28,29 തീയതികളിൽ ലാഹോറിൽ വിവിധ മത നേതാക്കൾ ഒരു സർവമത സമ്മേളനം സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടായിരുന്നു. അതിന്റെ പ്രസിഡന്റായി മാസ്റ്റർ ദുർഗാപ്രസാദ് സാഹിബിനേയും സിക്രട്ടറിയായി പഞ്ചാബ് ചീഫ് കോർട്ടിലെ ജഡ്ജ് ജനാബ് ധൻപത്ത് റായ് ബി.എ.എൽ.എൽ. ബിയും തെരഞ്ഞെടുക്കപ്പെട്ടു. ഈ സമ്മേളനത്തിന്റെ അദ്ധ്യക്ഷ സ്ഥാനവും പ്രസംഗങ്ങളും തീരുമാനിക്കുന്നതിനായി ആറു മഹൽ വ്യക്തികളെ മോഡറേറ്ററുമാരായി നിശ്ചയിച്ചിട്ടുണ്ടായിരുന്നു. നാലു ദിവസത്തെ സമ്മേളനത്തിൽ അദ്ധ്യക്ഷ സ്ഥാനം വഹിക്കുന്നത് ഇവരിൽ നിന്നുള്ളവരായിരിക്കും.

1. റായ് ബഹാദുർ ബാബു പ്രതോൽ ചന്ദ്ര ജഡ്ജ് പഞ്ചാബ് ചീഫ് കോർട്ട്. 2. ഖാൻ ബഹാദുർ ശേഖ് ഖുദാബക്ശ് ജഡ്ജ് ലാഹോർ 3.റായ് ബഹാദുർ പണ്ഡിറ്റ് രാധാകൃഷൻ പ്ലീഡർ ചീഫ് കോർട്ട്. 4. ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ജമ്മു കശ്മീർ കൊട്ടാര വൈദ്യൻ 5. റായ് ഭവാനി ദാസ് സാഹിബ് എം.എ സെറ്റിൽമെന്റ് ഓഫീസർ ജഹ്‌ലം. 6. സർദാർ ജവാഹിർ സിങ്ങ് സാഹിബ് സെക്രട്ടറി ഖാലിസാ കോളജ് കമ്മിറ്റി ലാഹോർ എന്നിവരാണവർ. സമ്മേളനം ആദ്യം ലാഹോർ ടൗൺ ഹാളിലായിരുന്നു നിശ്ചയിച്ചതെങ്കിലും പിന്നീട് കൂടുതൽ സൗകര്യമുള്ള ഇസ്‌ലാമിയ കോളേജ് ഹാളിൽ നടത്താൻ സംഘാടകർ തീരുമാനിച്ചു. ഈ സമ്മേളനത്തിന്റെ വിശദാംശങ്ങൾ നമ്മുടെ ചരിത്ര ഗ്രന്ഥങ്ങളിലും പ്രസിദ്ധീകരണങ്ങളിലും വേണ്ടുവോളം വിവരിക്കപ്പെട്ടിട്ടുള്ളതിനാൽ ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേ ഇവിടെ പ്രതിപാദിക്കുന്നുള്ളു.

സമ്മേളനത്തിന്റെ രണ്ടാം ദിവസം 1896 ഡിസംബർ 27-ാം തീയതി കൃത്യം പത്തു മണിക്കു കാര്യനിർവാഹക സമിതി (Executive counsel) അംഗങ്ങൾ പരിപാടി ആരംഭിച്ചു. പ്രസിഡന്റ് മാസ്റ്റർ ദുർഗാപ്രസാദ് സാഹിബിന്റെ പ്രത്യേക പരിഗണന കൊണ്ടും മറ്റു അംഗങ്ങളുടെ പിന്തുണയോടും കൂടി രണ്ടാം ദിവസത്തെ യോഗാദ്ധ്യക്ഷനായി മോഡറേറ്റർമാരിൽ നിന്നു മൗലവി ഹക്കിം നൂറുദ്ദീൻ സാഹിബിനെയാണു തെരഞ്ഞെടുത്തത്. പത്തേകാൽ മണിയോടെ യോഗ നടപടികൾ ആരംഭിച്ചു കൊണ്ട് പ്രസിഡന്റ് മാസ്റ്റർ ദുർഗാപ്രസാദ് സാഹിബ് സദസ്യരെ അഭിസംബോധന ചെയ്ത് ഇങ്ങനെ പറഞ്ഞു. മാന്യ ശ്രോതാക്കളെ! ഇന്നലെ യോഗം വളരെ വിജയകരമായിരുന്നു. അതിനു സഹായിച്ച പരമേശ്വരനോടു നമുക്കു നന്ദിയുണ്ട്. ഇന്നലെ ചെയ്തതു പോലെ ഇന്നും നിങ്ങൾ സമാധാനത്തോടും സ്നേഹത്തോടും ക്ഷമയോടും ശ്രദ്ധയോടും കൂടി പ്രസംഗങ്ങൾ കേൾക്കുമെന്നു തന്നേയാണു പ്രതീക്ഷിക്കുന്നത്. ഇന്നത്തെ യോഗത്തിൽ അദ്ധ്യക്ഷൻ മൗലവി ഹക്കിം നൂറുദ്ദീൻ സാഹിബ് ആയിരിക്കും. അദ്ദേഹം എത്ര മഹാനായ പണ്ഡിതനും മതപരമായ ചിട്ടയിൽ ജീവിക്കുന്ന ആളുമാണെന്നു നിങ്ങൾക്കെല്ലാവർക്കും നന്നായിട്ടറിയാം. യോഗ നടപടികൾ ആരംഭിക്കുന്നതിനായി ഞാൻ മൗലവി സാഹിബിനോടു അപേക്ഷിക്കുന്നു. അത്രയും പറഞ്ഞു അദ്ദേഹം ഇരുന്ന ശേഷം മൗലവി സാഹിബ് എഴുന്നേറ്റു കാര്യപരിപാടികൾ ആരംഭിക്കുകയും തന്റെ ഒരു ചെറു ഭാഷണം ആരംഭിക്കുകയും ചെയ്തു. അതിനെ ഇങ്ങനെ സംഗ്രഹിക്കാം.

ദൈവത്തിന്റെ പ്രത്യേകമായ കാരുണ്യവും അനുഗ്രഹവും അവന്റെ സജ്ജനങ്ങളായവരുടെ മേൽ എന്നും ഉണ്ടാകും. അതില്ലായിരുന്നുവെങ്കിൽ മനുഷ്യന്റെ അസ്തിത്വം തന്നെ എവിടെ നില നിൽക്കാനാണ്. ഈ കാലത്തു അവൻ ഒരുക്കിത്തന്ന അറിവ് സമ്പാദിക്കാനുള്ള വഴികളും ഉപാധികളുമാണു നമ്മുടെ മേൽ അവൻ ചെയ്തിട്ടുള്ള ഏറ്റവും വലിയ അനുഗ്രഹവും കാരുണ്യവും. കടലാസ്സുകളുടെ വർദ്ധിച്ച ഉൽപാദനം, അച്ചടിശാലകളുടെ വ്യാപനം, പോസ്റ്റാഫീസുകളുടെ പുരോഗതി. ഇതിലൂടെയെല്ലാം തന്നെ നമുക്കു നമ്മുടെ ആശയങ്ങളേയും ചിന്താധാരകളേയും ലോകത്തിന്റെ ഏതു കോണിൽ വേണമെങ്കിലും എത്തിക്കാൻ പറ്റും. പിന്നീട് സന്ദേശമയക്കാനുള്ള കമ്പി, യാത്രയ്ക്കു വേണ്ടിയുള്ള റെയിൽ വിമാന മാർഗങ്ങൾ എല്ലാം തന്നെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളാണ്. ഈ അനുഗ്രഹങ്ങൾക്കു മനുഷ്യൻ നന്ദി പ്രകാശിപ്പിക്കാത്തവനാണെങ്കിൽ തീർച്ചയായും ശിക്ഷിക്കപ്പെടും. എന്നാൽ നന്ദി കാണിക്കുന്നവർക്കു ദൈവം അവന്റെ അനുഗ്രഹങ്ങളെ അധികരിച്ചു നൽകുന്നതുമാണ്. എന്റെ ആരംഭകാലത്തു വളരെ പ്രയാസപ്പെട്ടു ലഭ്യമായിരുന്ന ഗ്രന്ഥങ്ങൾ ഇപ്പോൾ വളരെ എളുപ്പം ലഭിക്കുന്നു. ഇന്നു ഖുസ്തുംതൂനിയ (Constantinople)യിൽ നിന്നായാലും അൽജീരിയ, മൊറോക്കോ, ടുണിസ്, ട്രിപ്പോളി, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിൽ നിന്നായാലും വീട്ടിലിരുന്നു കൊണ്ട് തന്നെ നമുക്ക് പുസ്തകം ഓഡർ ചെയ്തു വരുത്താം. സമാധാനത്തിന്റെ ഈ കാലഘട്ടത്തിൽ അല്ലാഹുവിന്റെ ഈ അനുഗ്രഹം നാം കഴിയുന്നത്ര കൂടുതലായി പ്രയോജനപ്പെടുത്തേണ്ടതാണ്.

ലോകത്തു ഒരാൾക്കും തന്നെ നിയമ വ്യവസ്ഥക്കു വിധേയനാകാതെ ജീവിക്കുവാനാവുകയില്ല. ഒരു രാജ്യത്തിന്റെ നിയമങ്ങളുടെ ഉദ്ദേശ്യം അവകാശങ്ങളുടെ സംരക്ഷണമാണ്. ആ നിയമ വ്യവസ്ഥകളെ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനു നിയമങ്ങളുടെ അതിർ

വരമ്പുകളുണ്ട്. അത് കുറ്റകൃത്യങ്ങളെ തടയാൻ സഹായിക്കുന്നു. എന്നാൽ ഈ നിയമങ്ങളെകൊണ്ട് കുറ്റകൃത്യങ്ങൾക്കു പ്രേരണയാകുന്ന ഘടകങ്ങളെ പ്രതിരോധിക്കാനാവുകയില്ല. ഉദാഹരണത്തിനു ബലാൽസംഗം നടത്തിയവരെ ഗവൺമെന്റിനു ശിക്ഷിക്കാം. എന്നാൽ മനുഷ്യനിൽ ഇത്തരം കുറ്റകൃത്യങ്ങൾക്കു പ്രേരണ നൽകുന്ന ദുർനോട്ടം, ദുരാഗ്രഹം, ചീത്ത കൂട്ടുകെട്ട് എന്നിവ ഭരണകൂടത്തിന്റെ നിയമങ്ങൾക്കു തടയാനാവുമോ? അത്തരം കാര്യങ്ങളിൽ നിന്നും മനുഷ്യനെ തടഞ്ഞു നിർത്തുന്ന നിയമസംഹിതയാണു മതങ്ങൾക്കുള്ളത്. ആ കാര്യങ്ങളിൽ നിന്നും മതങ്ങളാണു നമ്മെ തടയുന്നത്. ഭരണകൂടങ്ങൾ എത്ര തന്നെ കർക്കശ നിയമമുണ്ടാക്കിയാലും ദൈവിക ന്യായപ്രമാണങ്ങൾ മനുഷ്യനെ സംസ്ക്കരിക്കുന്നതു പോലെ ഭരണകൂടത്തിനു സാദ്ധ്യമല്ല. അതിനാൽ ജനങ്ങളിൽ മതവിശ്വാസം വളർത്തുക അവർക്കതിൽ താൽപര്യമുണ്ടാക്കുകയെന്നത് രാജ്യതാൽപര്യത്തിനു ഒഴിച്ചു കൂടനാവാത്തതാണ്. അതു ഭരണകൂടങ്ങളുടെ ഉത്തരവാദിത്വമാണ്.

ഈ കാലത്തു ദൈവം നമുക്കു പലതും തന്നനുഗ്രഹിച്ചിട്ടുണ്ട്. ആ അനുഗ്രഹങ്ങളെ നാം വേണ്ടവിധം ഉപയോഗപ്പെടുത്തുകയും ദൈവത്തിൽ നിന്നും മതങ്ങളിലൂടെ നമുക്ക് ലഭിച്ച നിയമസംഹിതകളെ കുറിച്ചു വിചിന്തനം ചെയ്യുകയുമില്ലങ്കിൽ നാം കൃതഘ്നരുടെ കൂട്ടത്തിൽ പെട്ടുപോവും. അതിനാൽ മതങ്ങളെ സംരക്ഷിക്കേണ്ട ചുമതല നമ്മുടേതാണെന്നു നാം മനസ്സിലാക്കണം. അതിനു വേണ്ടി തന്നേയാണ് ഈ മഹാസമ്മേളനവും സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത്. ഇന്നലെ സമാധാനത്തോടും ഒത്തൊരുമയോടും കൂടി കഴിഞ്ഞതു പോലെ തന്നെ ഇന്നും സാധിക്കട്ടെ എന്നു ഞാൻ ആത്മാർഥമായി പ്രാർഥിക്കുന്നു. ഇനി അമൃതസറിൽ നിന്നുള്ള മൗലവി സനാഉല്ലാഹ് സാഹിബ് എന്ന യുവാവാണു നമ്മെ അഭിസംബോധന ചെയ്യുന്നത്.

സനാ ഉല്ലാഹ് സാഹിബിന്റെ പ്രസംഗത്തിനു ശേഷം ആര്യസമാജത്തിന്റെ മുൻ പ്രസിഡന്റ് ബാബു ബേജാറാം സാഹിബ് ചാറ്റർജിയും ഫ്രീ തിങ്കേഴ്സ് എന്ന സംഘടനയുടെ പ്രതിനിധി പണ്ഡിറ്റ് ഗുരുധൻ ദാസ് സാഹിബും സംസാരിച്ച ശേഷം ചെറിയൊരു ഇടവേളയായിരുന്നു. അതിനു ശേഷം ഇസ്ലാമീ ഉസൂൽ കി ഫിലാസഫി എന്ന പേരിൽ വിശ്വപ്രസിദ്ധമായ ഹദ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹി (അ) ന്റെ ഉപന്യാസം ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി (റ) വായിച്ചു കേൾപിക്കാൻ തുടങ്ങി. (1) മനുഷ്യന്റെ ശാരീരികവും ധാർമ്മികവും ആദ്ധ്യാത്മികവുമായ അവസ്ഥകൾ (2) മനുഷ്യന്റെ ഈ ലോകത്തെ ജീവിതത്തിനു ശേഷമുള്ള സ്ഥിതിഗതികൾ (3) ഭൗതിക ലോകത്തു മനുഷ്യ ജീവിതത്തിന്റെ ലക്ഷ്യങ്ങൾ, ആ ലക്ഷ്യങ്ങൾ എങ്ങനെ പൂർത്തീകരിക്കും (4) മനുഷ്യ കർമ്മങ്ങൾ ഈ ലോകത്തും പരലോകത്തും എങ്ങനെയാണു സ്വാധീനിക്കുന്നത് (5) ദൈവജ്ഞാനം എങ്ങനെ കരസ്ഥമാക്കാം. എന്നീ വിഷയങ്ങളെ സംബന്ധിച്ചായിരിക്കണം പ്രസംഗങ്ങൾ എന്നു നേരത്തെ തന്നെ ഇതിന്റെ സംഘാടകരാൽ തീരുമാനിക്കപ്പെട്ടിരുന്നു.

ഇതിൽ ഒന്നാമത്തെ ചോദ്യത്തിനുള്ള ഉത്തരം മസീഹ്മൗഊദിന്റെ ഉപന്യാസത്തിൽ നിന്നും ഏകദേശം വായിച്ചു പൂർത്തിയാകുമ്പോഴേക്കും സമയം വൈകുന്നേരം അഞ്ചര മണിയായതിനാൽ യോഗം നിർത്തി വെക്കപ്പെട്ടു. എന്നാൽ ഉപന്യാസം പൂർണമായും കേൾപിക്കണമെന്നും അതിനായി സമ്മേളനം ഒരു ദിവസം കൂടി നീട്ടണമെന്നും ശ്രോതാക്കൾ ഒന്നടങ്കം ശക്തിയായി ആവശ്യപ്പെട്ടതിനാൽ കാര്യനിർവാഹക സമിതി (Executive counsel) മോഡറേറ്റർമാരുമായി കൂടിയാലോചിച്ചശേഷം അഞ്ചുമൻ ഹിമായത്തുൽ ഇസ്ലാമിന്റെ സെക്രട്ടറിയും പ്രസിഡന്റും സ്ഥലം ഒരു ദിവസം കൂടി ഉപയോഗിക്കാനായി അനുവാദം നൽകിയതിനാൽ സമ്മേളനം ഒരു ദിവസം കൂടി നീട്ടിയതായി വിളംബരപ്പെടുത്താൻ യോഗാദ്ധ്യക്ഷനോടു പ്രസിഡന്റ് ആവശ്യപ്പെട്ടതനുസരിച്ചു മൗലവി നൂറുദ്ദീൻ സാഹിബ് ഇങ്ങനെ പറഞ്ഞു.

പ്രിയമുള്ള സ്നേഹിതരേ! നിങ്ങളെല്ലാവരും ഒന്നാമത്തെ ചോദ്യത്തിനു മിർസാ സാഹിബ് നൽകിയ ഉത്തരം കേട്ടു കഴിഞ്ഞു. ജനാബ് മൌലവി അബ്ദുൽ കരീം സാഹിബ് ഇത്രയും ആകർഷണീയവും ഹൃദ്യവുമായ രീതിയിൽ ഉപന്യാസം വായിച്ചു കേൾപിച്ചതിനു നാം അദ്ദേഹത്തോടു വളരെ കടപ്പെട്ടിരിക്കുന്നു. നിങ്ങൾ മിർസാ സാഹിബിന്റെ ഉപന്യാസം കേൾക്കാൻ കാണിച്ച താൽപര്യവും അഭിരുചിയും കാരണം അതിന്റെ ബാക്കി ഭാഗവും കൂടി കേൾപ്പിക്കുന്നതിനായി മോഡറേറ്റർമാരുടെ ശുപാർശ നിർവാഹക സമിതി അംഗീകരിക്കുകയും സമ്മേളനം നാലാം ദിവസത്തേക്കു നീട്ടിയതായ സന്തോഷ വാർത്ത ഞാൻ നിങ്ങളെ അറിയിക്കുകയും ചെയ്യുന്നു. ഇപ്പോൾ മഗ്രിബ് നമസ്ക്കാരത്തിനുള്ള സമയം ആയിരിക്കുന്നു. ഇനി ഞാൻ നാളത്തെ പരിപാടി വിവരിക്കാം. അതിനു ശേഷം നമുക്കു പിരിയാം.

നാലാമത്തെ ദിവസം ഹദ്റത്ത് മസീഹ് മൗഊദിന്റെ ഉപന്യാസത്തിന്റെ ബാക്കി ഭാഗവും കൂടി മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽകോട്ടി വായിച്ചു കേൾപിച്ചു. അതിനു ശേഷം നിർവാഹക സമിതി ആവശ്യപ്പെട്ടതനുസരിച്ചു മോഡറേറ്റർമാർ എല്ലാവരും ചെറുപ്രസംഗം നടത്തുകയുണ്ടായി. ആ അവസരത്തിൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് വിശ്വാസത്തിനു ശക്തിയും ആത്മാവിനു പുത്തനുണർവും

അസത്യവും കറ്റ്കെട്ടുമാവാം. അതിനാൽ എല്ലാവിധ അബദ്ധങ്ങളിൽ നിന്നും ദുർബോധകന്റെ ദുർബോധനങ്ങളിൽ നിന്നും രക്ഷപ്രാപിക്കുന്നതിനായി ഖുർആൻ മജീദിന്റെ ആഹ്വാനമനുസരിച്ചു رَبِّ النَّاسِ مَلِكِ النَّاسِ إِلَٰهِ النَّاسِ ആയ അല്ലാഹുവിൽ അഭയം പ്രാപിക്കേണ്ടതാണ്.

കാരണം ഈ ദുർബോധനങ്ങൾ ഉയർത്തുന്ന ഭീഷണി ഒരാളുടെ വീടിന്റെ വഴിയിൽ സദാ കിടക്കുകയും അതുവഴി വരുന്നവർക്കു നേരെ കുരച്ചു ചാടുകയും ചെയ്യുന്ന പട്ടിയെപോലെയാണു. ആ പട്ടിയിൽ നിന്നും രക്ഷ നേടണമെങ്കിൽ പട്ടിയുടെ ഉടമസ്ഥനെ വിളിക്കണം. ആ ഉടമസ്ഥൻ പട്ടിയിൽ നിന്നും നമ്മെ രക്ഷിക്കണമെന്നു വിചാരിക്കുന്നുണ്ടെങ്കിൽ അയാൾ പട്ടിയെ അവിടെ നിന്നും ആട്ടിയോടിക്കും. അതു പോലെ പൈശാചിക ദുർബോധനങ്ങളിൽ നിന്നു രക്ഷ പ്രാപിക്കണമെങ്കിൽ മുഴുവൻ സൃഷ്ടികളുടേയും സൃഷ്ടാവും ഉടമസ്ഥനും യജമാനനുമായ നാഥനെ നാം അഭയം പ്രാപിക്കേണ്ടതാണ്. (തുടരും)

പകരുന്ന ഒരു ഗംഭീര പ്രസംഗം കാഴ്ച വെക്കുകയുണ്ടായി. ശഹാദത്ത് കലിമയും ഖുർആനിലെ അവസാന അദ്ധ്യായമായ സൂറത്തുന്നാസും ഓതിയ ശേഷം അവരണ്ടിന്റേയും വളരെ വിശദവും ഗാഢവുമായ ഒരു വ്യാഖ്യാനം സദസ്സിനെ കേൾപ്പിച്ചു. അതിങ്ങനെ സംഗ്രഹിക്കാം.

قُلْ أَعُوذُ بِرَبِّ النَّاسِ مَلِكِ النَّاسِ

എന്ന ആയത്ത് വിശദീകരിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു ഈ സൂറത്തിൽ പരാമർ ശിക്കപ്പെട്ട അല്ലാഹുവിന്റെ മൂന്നു നാമങ്ങൾ അതായത്

رَبِّ النَّاسِ مَلِكِ النَّاسِ إِلَٰهِ النَّاسِ

എന്നതാണ്. ഇതിനു മനുഷ്യന്റെ ശാരീരികവും ധാർമികവും ആദ്ധ്യാത്മികവുമായ മൂന്നു അവസ്ഥകളുമായാണ് ബന്ധമുള്ളത്. മനുഷ്യന്റെ ഈ മൂന്നു അവസ്ഥകളിൽ ഏതാണോ ശരീര പരിപാലകൻ, ഏതാണോ കരുത്തിന്റെ പരിപാലകൻ ഏതാണോ ആത്മാവിന്റെ പരിപാലകൻ ആ ഘടകത്തെ അല്ലെങ്കിൽ അസ്തിത്വത്തെയാണു ഇവിടെ رَبِّ النَّاس എന്നു വിളിച്ചിരിക്കുന്നത് അതു പോലെ മനുഷ്യന്റെ ഈ മൂന്നു അവസ്ഥകളിലൂടെ ഉണ്ടാകു ന്ന കർമങ്ങൾ വചനങ്ങൾ വിശ്വാസാദർശങ്ങൾക്കു പ്രതിഫലം നൽകുന്ന അസ്തിത്വത്തെയാണു مَلِكِ النَّاسِ എന്നു സൂചിപ്പിച്ചിരിക്കുന്നത്. അതുപോലെ തന്നെ മനുഷ്യന്റെ ഏറ്റവും പരമവും പ്രിയപ്പെട്ടതുമായ ലക്ഷ്യവും ഉന്നത്തെയുമാണു إِلَٰهِ النَّاسِ എന്നു പറഞ്ഞിരിക്കുന്നത്.

ഈ അദ്ധ്യായത്തിൽ മാനുഷികാവസ്ഥകളെ സൂചിപ്പിച്ചുകൊണ്ട് അല്ലാഹു പറയുകയാണ്. റബ്ബ് ഞാനാണ് രാജാവും ഞാനാണ് മനുഷ്യന്റെ സ്നേഹനിധിയും അന്തിമ ലക്ഷ്യവും ഞാൻ തന്നേയാണ് അതിനാൽ എന്റെ അടിയാറുകളേ, ദാസരേ! പരിപൂർണനും പരിശുദ്ധനുമായ എന്നിൽ നിങ്ങൾ അഭയം പ്രാപിക്കുവിൻ എന്നിട്ടു പറയുവിൻ യഥാർഥ നാഥൻ നീ തന്നേയാണു.

رَبِّ النَّاسِ مَلِكِ النَّاسِ إِلَٰهِ النَّاسِ

ആയ നിന്നിൽ തന്നേയാണു ഞങ്ങൾ അഭയം പ്രാപിക്കുന്നത്. എന്തിന്നെതിരിലാണു അഭയം തേടുന്നത് مِنْ شَرِّ الْوَسْوَاسِ الْخَنَّاسِ പിന്മാറിക്കളയുന്ന ദുർബോധകന്റെ ഉപദ്രവത്തിൽ നിന്നു,

الَّذِي يُوَسْوِسُ فِي صُدُورِ النَّاسِ മനുഷ്യ ഹൃദയങ്ങളിൽ ദുർബോധനം ചെയ്യുന്നവനത്രെ അവൻ,

مِنَ الْجِنَّةِ وَالنَّاسِ മറഞ്ഞിരിക്കുന്നവരിൽ നിന്നും സാധാരണ മനുഷ്യരിൽ നിന്നുമുള്ള (ദുർബോധകൻ).

അദ്ദേഹം തന്റെ പ്രസംഗം തുടർന്നു കൊണ്ട് പറഞ്ഞു മാന്യ ശ്രോതാക്കളേ, ഇവിടെ നടന്ന ഈ സമ്മേളനത്തിൽ നിങ്ങൾ വിവിധ വിഷയസംബന്ധമായി പ്രസംഗങ്ങൾ കേട്ടു കഴിഞ്ഞു. തീർച്ചയായും അതിൽ ചിലത് സത്യവും യാഥാർഥ്യത്തിൽ അധിഷ്ടിതവുമായിരിക്കും. അതുപോലെ തന്നെ ചിലത് വാസ്തവ വിരുദ്ധവും

## ആകാശത്ത് നിന്നാരും വരില്ല

വാഗ്ദത്ത മസീഹിന്റെ ആകാശത്ത് നിന്നുള്ള ഇറക്കം വെറും ഒരു വ്യാമോഹം മാത്രമാണ്. ആകാശത്ത് നിന്നാരും ഇറങ്ങി വരുന്നതല്ലെന്ന് നല്ലവണ്ണം ധരിച്ചു കൊള്ളുവീൻ. ഇന്ന് ജീവിച്ചിരിക്കുന്ന എന്റെ എല്ലാ എതിരാളികളും മരിച്ചൊടുങ്ങും. എന്നാലവർക്കും ആകാശത്ത് നിന്ന് മറിയമിന്റെ മകൻ യേശു (ഈസബ്നു മറിയം) ഇറങ്ങി വരുന്നതായി കാണാൻ സാദ്ധിക്കുന്നതല്ല. അതിന്ന് ശേഷം അവരുടെ സന്താനങ്ങളും ഇസാനബി യെ കാണാതെ നിരാശരായി മരണമടയുന്നതാണ്. അപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളിൽ ഭയവും പരിഭ്രമവും ഇറക്കും. കാരണം അന്ന് കുരിശിന്റെ മേധാവിത്വകാലം കഴിഞ്ഞു പോകുകയും ലോകം ഒരു നവീന ഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും.

(തദ്കിറത്തു ശ്ശഹാദത്തൈൻ)

കുറിപ്പുകൾ

# ഹിജാബ് വിവാദം

## മുസാഫിർ



2022 ജനുവരിയിൽ കർണ്ണാടകയിലെ ഉഡുപ്പി ഗവർമെന്റ് പ്രീയൂണിവേഴ്സിറ്റി കോളേജിൽ 11, 12 ക്ലാസിൽ ഹിജാബ് ധരിച്ചുകൊണ്ട് എത്തിയ ആറ് മുസ്‌ലിം പെൺകുട്ടികളെ പ്രവേശിക്കാൻ അനുവദിക്കാത്തത് മുതൽക്കാണ് പ്രശ്നം ആരംഭിക്കുന്നത്. അവർ യൂണിഫോം ധരിക്കുകയും അതിന് പുറമെ ശിരോവസ്ത്രം ധരിക്കുകയും ചെയ്തിരുന്നു. ഹിജാബ് നിരോധനത്തിനും വിദ്യാർത്ഥികളെ പുറത്താക്കിയതിനും വിദ്യാഭ്യാസ വകുപ്പുമായി ബന്ധമില്ലെന്ന് കർണ്ണാടക പ്രൈമറി ആന്റ് സെക്കന്ററി എഡ്യുക്കേഷൻ സെക്രട്ടറി കോളേജ് പ്രിൻസിപ്പളിനെ അറിയിക്കുകയുണ്ടായി. സംസ്ഥാനത്ത് കോളേജുകളിൽ യൂണിഫോം നിലവിലില്ലായിരുന്നു. യൂണിഫോം ഏർപ്പെടുത്തുന്ന വിഷയം പഠിക്കാൻ വിദഗ്ദ സമിതിയെ നിയോഗിക്കുമെന്നാണ് വിദ്യാസ വകുപ്പ് സെക്രട്ടറി പറഞ്ഞത്. അതിനിടെയാണ് കർണ്ണാടക സർക്കാർ ഫിബ്രവരി 5ന് ഗവർമെന്റ് കോളേജ്, സ്കൂൾ വിദ്യാലയങ്ങളിൽ പൊതു യൂണിഫോമും സ്വകാര്യ കോളേജ് സ്കൂൾ സ്ഥാപനങ്ങളിൽ അധികൃതർ നിശ്ചയിക്കുന്ന യൂണിഫോമും ധരിക്കണമെന്ന ഉത്തരവിറക്കിയത്. ഈ ഉത്തരവിനെ തുടർന്ന് ഹിജാബ് ധരിച്ചുവരാൻ കുട്ടികളെ അനുവദിച്ചില്ല. അതിനിടെ യു പി തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ രാഷ്ട്രീയ-മത ധ്രുവീകരണം ലക്ഷ്യമാക്കിക്കൊണ്ട് ഹിജാബ് വിവാദം ഉപയോഗിക്കപ്പെടുകയുണ്ടായി. ഇന്ത്യയാകെ ഹിജാബ് വിവാദം കത്തിപ്പടർന്നു. ഹിജാബ് ധരിക്കുന്നതിന് അധികൃതരുടെ വിലക്കിനെതിരെ വിദ്യാർത്ഥികൾ ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിരിക്കുകയാണ്. കോടതിയുടെ അന്തിമ വിധി വരുന്നത് വരെ ഹിജാബ് നിരോധനം നടപ്പാക്കിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അത് തുടരണമെന്നാണ് ഹൈക്കോടതിയുടെ ഇടക്കാല വിധി.

ഹിജാബ് നിരോധനത്തിനെതിരെ അന്തർദേശീയതലത്തിലും പ്രതികരണങ്ങളുണ്ടായി. അമേരിക്കയിലെ ഇന്റർനാഷനൽ റിലീജ്യസ് ഫ്രീഡം (IRF) അംബാഡർ കർണ്ണാടകയിലെ സ്കൂളുകളിലെ ഹിജാബ് നിരോധനം മതസ്വാതന്ത്ര്യത്തെ നിഷേധിക്കുന്നതും മുസ്‌ലിം പെൺകുട്ടികളെ അപമാനിക്കുന്നതും പ്രാന്തവൽക്കരിക്കുന്നതുമാണെന്ന് പറയുകയുമുണ്ടായി. പെൺകുട്ടികളെ ഹിജാബ് ധരിച്ച് സ്കൂളിൽ പോകാൻ അനുവദിക്കാത്തത് ഭീതിജനകമാണെന്ന് നോബൽ സമ്മാന ജേതാവും ലോകപ്രശസ്ത വിദ്യാഭ്യാസ പ്രവർത്തകയുമായ മലാല യൂസുഫ് സായ് പറഞ്ഞു. ലോക ഫുട്ബോൾ രംഗത്തെ സൂപ്പർസ്റ്റാറും 2018 ലോകകപ്പ് നേടിയ ഫ്രഞ്ച് ടീമിൽ അംഗവും ഇംഗ്ലണ്ടിലെ മാഞ്ചസ്റ്റർ ടീമിന്റെ താരവും ഫ്രഞ്ച് ദേശീയ താരവുമായ പോൾ ലാബിലെ പോഗ്ബാ കർണ്ണാടകയിലെ ഹിജാബ് വിവാദത്തെ രൂക്ഷമായി അപലപിക്കുകയുണ്ടായി. ലോകത്തെ നിരവധി മാധ്യമങ്ങളും ബുദ്ധിജീവികളും എഴുത്തു

കാരും മനുഷ്യാവകാശ പ്രവർത്ത കരും കലാകാരന്മാരും കർണ്ണാടക ഹിജാബ് നിരോധനത്തിനെതിരെ രംഗത്ത് വന്നിട്ടുണ്ട്.

വേഷവിധാനം ഭരണഘടന അനുവദിക്കുന്ന മതാചാരത്തിന്റെ ഭാഗമായി കാണണമെന്ന ഇന്ത്യ യിലെ ഉന്നതകോടതികളുടെ വിധി കളുണ്ട്. യൂണിഫോമിന് അതിന്റെ പൊതുസ്വഭാവത്തിന് ഭംഗം വരാത്ത രീതിയിൽ ശിരോവസ്ത്രം ധരിക്കാ ൻ മുസ്‌ലിം വിദ്യാർത്ഥിനിയെ അനുവദിക്കുന്ന വിധം യൂണിഫോം നിയമങ്ങൾ നിർമ്മിക്കുന്നതിൽ എന്താണ് അപകാത? വിദ്യാഭ്യാസ ത്തിന് സഹാകമായ ഒരു നിസ്സാര ഘടകം മാത്രമാണ് യൂണിഫോം. ഒരു വിദ്യാർത്ഥിക്ക് വിദ്യാഭ്യാസം എന്ന മൗലികാവകാശം കരസ്ഥ മാക്കാൻ താൽക്കാലികമായി ആവശ്യമായ ഒരു വേഷവിധാനം എന്ന് മാത്രമേ യൂണിഫോം കൊണ്ട് അർത്ഥമാക്കുന്നുള്ളൂ. യൂണിഫോം സൃഷ്ടിക്കുന്നത് യാന്ത്രികമായ ഒരു ഏകതാബോധമാണ്. വിദ്യാഭ്യാസ ത്തിന് ഗുണപരമായ യാതൊരു സംഭാവനയും ചെയ്യുന്നില്ല എന്നിരി ക്കെ യൂണിഫോം കാര്യത്തിൽ കർശനമായ മൗലികവാദവും കാർക്കശ്യവും ഉന്നയിക്കുന്നതിൽ യാതൊരു നീതിയും യുക്തിയുമില്ല. വിദ്യാർത്ഥിയുടെ സത്വബോധത്തെ യും മതബോധത്തെയും ഹനിച്ചു കൊണ്ടുള്ള അഴവില്ലാത്ത ഒരു യൂണിഫോം നിലപാട് അടിച്ചേൽ പ്പിക്കുന്നത് ഭരണഘടനാ വിരുദ്ധ വും ഉന്നതമായ ജനാധിപത്യമൂല്യ ങ്ങൾക്ക് നിരക്കാത്തതുമാണ്. ഒരു പണക്കാരന്റെ വീട്ടിലെ നിറഞ്ഞ വയറുള്ള കുട്ടിയുടെ ശരീരത്തിലും പട്ടിണിക്കാരന്റെ വീട്ടിലെ വിശന്ന കുട്ടിയുടെ ശരീരത്തിനും കാഴ്ച്ച യിൽ ഏകരൂപമുണ്ടാക്കാൻ യൂണി ഫോമിന് കഴിയുമെങ്കിലും കുട്ടികൾ അനുഭവിക്കുന്ന പലവിധ അസമത്വ ങ്ങൾക്കും യൂണിഫോം പരിഹാരമല്ല എന്നും നാം ഓർക്കണം.

സിക്കുകാർ പട്ടാള വേഷത്തോ ടൊപ്പം പോലും അവരുടെ തലപ്പാവ് ധരിക്കാൻ അനുവദിക്കുന്ന മഹത്തായ പാരമ്പര്യമുള്ള നാടാണ് നമ്മുടേത്. വിദ്യാഭ്യാസത്തിന്നുള്ള അവകാശം ഒരു പൗരന്റെ മൗലികാ വകാശമാണ്. ഈ അവകാശം ഏതെങ്കിലും ജാതി മത വർഗ ഭാഷയുടെയോ ഇതിലേതെങ്കിലു മൊന്നിന്റെയോ പേരിൽ മാത്രം ഒരു പൗരനും നിഷേധിക്കപ്പെട്ടുകൂടാ. അങ്ങനെ നിഷേധിക്കപ്പെടുന്നുവെ ങ്കിൽ അത് ഭരണഘടന അനുവദിച്ച സാംസ്കാരികവും വിദ്യാഭ്യാസപര വുമായ മൗലികാവകാശങ്ങളുടെ (29, 30 വകുപ്പ്)യും മതസ്വാതന്ത്ര്യ ത്തിന്നുള്ള (25 28 വകുപ്പ്) മൗലി കാവകാശങ്ങളുടെയും ലംഘന മായിരിക്കും. മൗലികാവകാശമായ വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന്ന് വിദ്യാഭ്യാസത്തിൽ താരതമ്യേന അപ്രധാനമായ യൂണിഫോം എന്ന വേഷം ആത്യന്തിക ഉപാധിയാക്കി വെക്കുന്നത് ഭരണഘടനാപരമായി നീതിയാവില്ല. അത്തരം യൂണി ഫോം മതവിശ്വാസത്തിന് ഹിതകര മല്ലാത്തതാകുമ്പോൾ വിദ്യാഭ്യാസാ വകാശം തന്നെ പ്രശ്നവത്ക്കരി ക്കപ്പെടുകയാണ്. ഇനി യൂണിഫോം അനുപേക്ഷണീയമാണെങ്കിൽ അത് എല്ലാവർക്കും അനുയോജ്യ മായ രീതിയിലും മതവിശ്വാസത്തിന് യുക്തമായ രീതിയിലും മാറ്റം വരുത്താവുന്നതുമാണ്. എന്നാൽ വിദ്യാഭ്യാസകാലം ഒരു വിദ്യാർത്ഥി ക്ക് നിഷേധിക്കപ്പെട്ടാൽ ആ പ്രത്യേക കാലഘട്ടം ഒരിക്കലും തിരിച്ചു പിടിക്കാൻ സാദ്ധ്യമല്ല. പർദ്ദ സമ്പ്രദായം സ്ത്രീ വിഭ്യാഭ്യാസ ത്തിന്ന് തടസ്സമാണ് എന്നായിരുന്നു ഇസ്‌ലാമിക വിമർശകരുടെ ഒരു വാദം. ഇപ്പോൾ പർദ്ദയുടെ ഭാഗമായ ഹിജാബ് ധരിച്ച് വിദ്യാഭ്യാസത്തിന് വരുന്ന പെൺകുട്ടികളുടെ വിഭ്യാ ഭ്യാസം തടയപ്പെടുമ്പോൾ ഈ വിമർശനത്തിലെ പൊള്ളത്തരം തുറന്നുകാട്ടപ്പെടുകയാണ് ചെയ്യു ന്നത്. മാത്രമല്ല ഏറ്റവും വേദനാ ജനകമായത് വിദ്യാർത്ഥികൾ ഒരമ്മപെറ്റ മക്കളെപ്പോലെ സ്നേഹ സൗഹൃദങ്ങളോടെ കഴിയേണ്ട കൗമാര വിദ്യാഭ്യാസകാലം പരസ്പ രം വെറുപ്പിന്റേയും കാലുഷ്യത്തി ന്റെയും മതപരമായ അസഹിഷ്ണു തയുടെയും പരജന വിദ്വേഷത്തി ന്റെയും കാലമാക്കിമാറ്റുമ്പോൾ അവരിൽ അത് എന്ത് സാംസ്കാ രിക മൂല്യങ്ങളാണ് സൃഷ്ടിക്ക പ്പെടുക? മാനവീയതയുടെ എന്ത് ഗുണമാണ് അവരിൽ അതുണ്ടാ ക്കുന്നത്?

നാം എപ്പോഴും ധരിക്കേണ്ട വസ്ത്ര ധാരണത്തെ പറ്റി ഇസ്‌ലാ മിന്റെയും ഇതരമതങ്ങളുടെയും കാഴ്ച്ചപാട് ഏകദേശം ഒന്നുതന്നെ യാണ്. മുസ്‌ലിംകൾ വ്യാപകമായി അത് പാലിക്കുന്നു എന്ന് മാത്രം. വസ്ത്ര സംബന്ധിയായ കാര്യ ങ്ങളിൽ ദേഹേഛക്ക് പ്രകോപിപ്പി ക്കുന്ന രീതിയിലും അനിയന്ത്രി തമായ ദൃഷ്ടിപ്രക്ഷേപത്തെ ഇടം കൊടുക്കാത്ത രീതിയിലുമുള്ള അധ്യാപനങ്ങളാണ് പൊതുവേ മതങ്ങൾ സ്വീകരിച്ചിട്ടുള്ളത്. അതിന് വിരുദ്ധമായ രീതിയിലുള്ള ദിഗംബരത്വവും (വിവസ്ത്രത) ചില മതങ്ങളിൽ കാണപ്പെടുന്നുണ്ട്. പക്ഷേ വസ്ത്രം ധരിക്കുന്ന ജനങ്ങൾക്ക് സന്മാർഗ്ഗദർശനം നൽകുന്ന മതപുരുഷന്മാർ വസ്ത്രം ധരിക്കാതിരിക്കുക എന്നത് ഒരിക്ക ലും ഒരു മതമാതൃകയായി കാണാൻ സാദ്ധ്യമല്ല. നഗ്നത ദൃഷ്ടിക്ക് വിധേയമാവുമ്പോൾ ഉദ്ദീപനമുണ്ടാ ക്കുന്ന രീതിയിലാണ് മനുഷ്യനിൽ ലൈംഗികത എന്ന ജൈവ വികാരം പ്രവർത്തിക്കുന്നത് എന്ന ശാസ്ത്ര സത്യവും നാം ഓർക്കണം. മതം ഒരിക്കലും കർശനമായ ഒരു ലൗകിക അധികാരിയാൽ നിയന്ത്രി ക്കപ്പെടുന്ന സ്ഥാപനമോ പ്രസ്ഥാ നമോ സംഘടനയോ അല്ല. മനുഷ്യന്റെ വിവേചന ബുദ്ധിയും വിവേകവും ആത്മീയോന്മുഖമായ ജീവിതചര്യകളും സർവ്വോപരി മതഗുരുക്കന്മാരുടെ മാർഗ്ഗദർശന ങ്ങളുമനുസരിച്ച ദേഹേഛകളും കാമേഛകളും നിയന്ത്രിക്കലാണ് മതകീയ ജീവിതം കൊണ്ട് അർത്ഥ മാക്കുന്നത്. അതിനനുസൃതമായ വസ്ത്ര വിധാനമാണ് മതങ്ങൾ

പൊതുവേ അവലംബിക്കുന്നത്.

നഗ്നവാനരനിൽ നിന്നും മനുഷ്യനെ വ്യത്യസ്തനാക്കുന്ന പ്രകടമായ സാംസ്ക്കാരിക ചിഹ്നമാണ് വസ്ത്രം. വിശുദ്ധ ഖുർആൻ പറയുന്നു: **'ആദം സന്തതികളെ നിശ്ചയമായും നാം നിങ്ങളുടെ നഗ്നത മറക്കാനും വേഷഭൂഷണങ്ങൾക്കായും വസ്ത്രത്തെ ഇറക്കി തന്നിരിക്കുന്നു. എന്നാൽ സൂക്ഷ്മതയാകുന്ന വസ്ത്രമാണ് ഉത്തമം.' (അഅ്റാഫ് 7:27)** വസ്ത്രം എന്നത് ശരീരം മറക്കുന്ന ഒരു തുണിക്കഷണം മാത്രമല്ല മനുഷ്യന്റെ സംസ്ക്കാരത്തിന്റെയും വിശ്വാസത്തിന്റെയും വ്യക്തിത്വത്തിന്റെയും മതത്തിന്റെയും പ്രത്യക്ഷമായ അടയാളവും പ്രതീകവും കൂടിയാണ്.

വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സമൂഹ ജീവിതത്തിലും സമഗ്രമായ ഒരു വീക്ഷണം വെച്ചു പുലർത്തുന്ന ഇസ്ലാം വസ്ത്രധാരണത്തെ സംബന്ധിച്ച് വ്യക്തമായ അദ്ധ്യാപനങ്ങളും മാർഗ്ഗദർശനവും നൽകുന്നുണ്ട്. ഇസ്ലാമിക വിശ്വാസമനുസരിച്ച് ജീവിക്കാനാഗ്രഹിക്കുന്ന വ്യക്തിക്ക് ഇസ്ലാമിക കൽപ്പനകൾ പാലിക്കേണ്ടതുണ്ട്. ഒരു സിവിൽ സമൂഹത്തിൽ പൊതുക്രമം, സദാചാരബോധം, ആരോഗ്യം എന്നീ വിഷയത്തിൽ മറ്റാരുടെയും അവകാശങ്ങളെയും സ്വാതന്ത്ര്യത്തെയും ഹനിക്കാത്തവിധം വ്യക്തിക്ക് അന്തസ്സായി പാലിക്കാൻ കഴിയുന്നതാണ് ഇസ്ലാമിക വസ്ത്രധാരണ സമ്പ്രദായം. മാത്രമല്ല ഇഷ്ടപ്പെട്ട മതം സ്വീകരിക്കാനും ആ മതം അനുശാസിക്കുന്ന വിധം ജീവിക്കാനും നമ്മുടെ ഭരണഘടന പൗരന് നൽകുന്ന അവകാശവുമാണ്. അത് മത ജീവിതത്തിന്റെ അവിഭാജ്യഘടകം തന്നെയാണ്. ഹിജാബിന്റെ വിഷയത്തിൽ ഖുർആന്റെ കൽപ്പന ഇപ്രകാരമാണ്.

**'അവർ തങ്ങളുടെ ശിരോവസ്ത്രം കൊണ്ട് തങ്ങളുടെ മാറിടത്തിന്മേൽ താഴ്ത്തിട്ട് മാടിപുതക്കേണ്ടതാണ്.'(അന്നൂർ24:32)** ശിരസ്സിലെ വസ്ത്രം മാറിലേക്കിടുക എന്നാണ് വിശുദ്ധ ഖുർആന്റെ നിർദ്ദേശം. ഇത് രണ്ട് വിധത്തിലാവാം മുഖം മറച്ചുകൊണ്ട് ശിരസ്സിലേക്കിടാം തലയുടെ വശത്തുകൂടെ മുഖം മറക്കാതെയും മാറിടത്തിലേക്കിടാം. സ്ത്രീകളുടെ ആത്മീയ ധാരണകളും ഭക്തിയുടെ നിലവാരവും അവസരവും സാഹചര്യവുമനുസരിച്ച് ഈ രണ്ട് രീതിയും അവലംബിക്കാവുന്ന തരത്തിലാണ് ഖുർആന്റെ പ്രതിപാദനം. ഖുർആന്റെ എല്ലാ നിർദ്ദേശങ്ങളും ഇത്തരത്തിൽ അഴവുള്ളതും സോപാധികവുമാണ്. ഖുർആൻ പറഞ്ഞ രീതിയിൽ വസ്ത്രം ധരിക്കാത്തവരെ ഇസ്ലാം മതത്തിൽ നിന്ന് പുറത്താക്കാൻ ദൈവം ആർക്കും അധികാരം നൽകിയിട്ടില്ല. മാത്രമല്ല വസ്ത്ര സ്വാതന്ത്ര്യം ഭരണഘടനാപരമായി മനുഷ്യന്റെ സ്വകാര്യമായ അവകാശവുമാണല്ലോ.

ശിരോവസ്ത്രം ധരിക്കുക എന്നത് ഇസ്ലാം മതത്തിന്റേ മാത്രം ആചാരമല്ല. വടക്കെ ഇന്ത്യയിൽ സഞ്ചരിക്കുകയാണെങ്കിൽ ശിരസും മുഖവും മറച്ചിരിക്കുന്ന ഹിന്ദുസഹോദരിമാരെ വ്യാപകമായി കാണാം. **'അവഗുണ്ഠനം'** എന്ന് സംസ്കൃതത്തിൽ അറിയപ്പെടുന്ന ഹിന്ദു വസ്ത്ര നിയമമാണിത്. ശിരോവസ്ത്രം കൊണ്ടുള്ള മൂടുപടം എന്നാണ് ഇതിനർത്ഥം. ഹിന്ദു സ്ത്രീകൾ ഇന്നും ഇത് വളരെ കർശനമായി പാലിച്ചു വരുന്നുണ്ട്. അവർ സാരിത്തലപ്പ് കൊണ്ട് തലമറച്ച് മുഖംമൂടിക്കൊണ്ടാണ് ഇന്നും ശിരോവസ്ത്രം ധരിക്കുന്നത്. ഒരു ഋഗ്വേദ മന്ത്രത്തിൽ (പുസ്തകം 8 സൂക്തം 33 വചനം 19) ഖുർആനിലുള്ളത് പോലെ സ്ത്രീപുരുഷന്മാർ ദൃഷ്ടി താഴ്ത്താനും സ്ത്രീകൾക്ക് ബ്രഹ്മജ്ഞാനം ലഭിക്കാൻ ശിരോവസ്ത്രം ധരിച്ചവരായിക്കണമെന്നും പറയുന്നു. നമ്മുടെ പ്രിയംങ്കരിയായ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാ ഗാന്ധിയും മുൻ രാഷ്ട്രപതി ശ്രീമതി പ്രതിഭാ പാട്ടീലും നമ്മുടെ പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദിയുടെ മാതാവ് ശ്രീമതി ഹീരാബെനും ഇന്ത്യയുടെ ഉന്നതങ്ങളിൽ വിരാചിച്ച പല മഹിളാരത്നങ്ങളും സാരിത്തലപ്പ് കൊണ്ട് ശിരസ്സ് മറക്കുന്നവരാണ്. പൊതുവേ **'ഭാരതീയ സ്ത്രീതൻ ഭാവശുദ്ധി'** എന്ന സങ്കൽപ്പം ശിരസ് മറച്ചു കൊണ്ടുള്ളതാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമുമില്ല. ജനകോടികളുടെ ആത്മീയ മാർഗ്ഗദർശനം നൽകിയ മഹാനായ ശ്രീകൃഷ്ണന്റെ(അ)അഷ്ടഭാര്യമാരും വൃന്ദാവന സ്ത്രീകളുമെല്ലാം ശിരോവസ്ത്രധാരികളായിട്ടാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. അഹ്ടമിരോഹിണിനാളിൽ ഹിന്ദു ബാലികമാരുടെ ഘോഷയാത്രകളിൽ ശിരോവസ്ത്രധാരികളായാണ് കാണപ്പെടുന്നത്. ശിരോവസ്ത്രം എന്നത് ഹിന്ദുക്കളുടെയും മുസ്ലിംകളുടെയും ദേശീയ വസ്ത്രം എന്ന് വിശേഷിപ്പിക്കാൻ ഉതകുന്നതാണ്. രണ്ട് മതസ്ഥരിലെ സ്ത്രീകൾ വ്യത്യസ്തരീതിയിൽ അത് ധരിക്കുന്നു എന്ന് മാത്രം.

ബൈബിളിൽ ശിരോവസ്ത്രധാരണത്തിന് ഇസ്ലാമിലുള്ളതിനെക്കാൾ കർശനമായ നിരവധി വചനങ്ങൾ കാണാം. ബൈബിളിൽ ഹിജാബിന്റെ നിയമം പറയുന്നത്. **'തല മൂടാത്ത സ്ത്രീ തന്റെ മുടി മുറിക്കണം. മുടിമുറിക്കുന്നതും മുണ്ഡനം ചെയ്യുന്നതും അപമാനകരമാണ് എന്നു കരുതുന്നവൾ ശിരോവസ്ത്രം ധരിക്കട്ടെ'(1 കോറി: 11:6)** ക്രിസ്ത്യാനികളിൽ മതനിഷ്ഠ പൂർണ്ണമായും പാലിക്കുന്നവർ എന്നവകാശപ്പെടുന്ന കന്യാസ്ത്രീകൾ പൂർണ്ണാർത്ഥത്തിൽ ബാഹ്യമായി പർദ്ദ ആചിക്കുന്നവരാണ്. മാത്രമല്ല. 1917 ലെ 1262.2 നമ്പർ കാനൻ നിയമ പ്രകാരം ചർച്ചിൽ വരുന്ന സ്ത്രീകൾ നിർബന്ധമായും ശിരോ വസ്ത്രം ധരിച്ചിരിക്കണം. യൂറോപ്പിലെ ഫാഷൻ പ്രവാഹ

ത്തിൽപെട്ട് സമ്മർദ്ദമുണ്ടായപ്പോൾ പോപ്പ് ബെനഡിക്റ്റ് 15-ാമന്റെ കാലത്താണ് കാനൻ 6. n.1 പ്രകാരം ശിരസ് മറക്കൽ നിർബന്ധമാക്കാത്ത 1983 ലെ പുതിയ നിയമം കൊണ്ട് വന്നത്. എങ്കിലും ഏഷ്യൻ ചർച്ചുകളിൽ തലമറച്ച് സ്ത്രീകൾ പള്ളിയിൽ വരുന്ന സമ്പ്രദായം കർശനമായും തുടരുന്നു. കേരളത്തിലെ ക്രിസ്ത്യൻ സ്ത്രീകൾ പള്ളികളിൽ ശിരസ് മറച്ച് വരുന്ന സമ്പ്രദായമാണ് ഇപ്പോഴും ആചരിക്കുന്നത്.

ഏതായാലും ബഹുസ്വരമാർന്ന നമ്മുടെ സമൂഹത്തിൽ ശിരസ് മറക്കുക എന്നത് സ്ത്രീകളുടെ പൊതുവേയുള്ള വസ്ത്രാചരണമാണ്. അത് ഒരു ദേശീയ സാംസ്ക്കാരിക ചിഹ്നമാക്കാൻ മാത്രം വൈപുല്യമുള്ളതാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ യൂണിഫോമുകളിൽ അത് പ്രതിഫലിപ്പിക്കുകയാണ് വേണ്ടത്. ചുരുങ്ങിയ പക്ഷം ശിരോവസ്ത്രം അഥവാ ഹിജാബ് ധരിച്ചു വരുന്ന വിദ്യാർത്ഥിനികളെ അതിന് അനുവദിക്കുക. അവർക്ക് നേരെ ചെളി വെള്ളം കോരി ഒഴിക്കുക എന്നത് ലോകത്തിന് മുന്നിൽ അങ്ങേയറ്റം സംസ്കാരശൂന്യമായ നടപടിയാണ് എന്നെങ്കിലും ഓർക്കുക.

പേജ് 16 ൽ നിന്ന് തുടർച്ച

**നടത്തുന്നത്. ആർക്കയോളജിസ്റ്റുകൾ പറയുന്നത് പട്ടണം മുസിരിസ്/ മുഛിരി ആയേക്കാമെന്നാണ്. തമിഴ് സംഘകാലത്ത് തമിഴകത്തിന്റെ പടിഞ്ഞാറെ തീരത്തെ ഏറ്റവും സജീവമായ തുറമുഖമായിരുന്നു പട്ടണം. അറബി കുന്തിരിക്കത്തിന്റെ കഷ്ണങ്ങളുടെ സാന്നിദ്ധ്യമാണ് ഈ പ്രദേശവുമായി ഖോറോരി, അലബ (യമന്ന് തൊട്ടടുത്ത ഒമാനിലെ ചരിത്ര ഖനന പ്രദേശങ്ങൾ) പ്രദേശങ്ങളുൾപ്പെടെ തെക്കൻ അറേബ്യയുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്നു..'** (28, oct 2012. The Hindu)

*(തുടരും)*

**അനുസ്മരണം**

# കെ. പി. കുഞ്ഞാമിന സാഹിബ

മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബ് എച് എ യുടെ ഭാര്യ കെ.പി. കുഞ്ഞാമിന സാഹിബ (97) ഫെബ്രുവരി ഏഴിന് വഫാത്തായി. (ഇന്നാലില്ലാഹി.....)

പഴയങ്ങാടിയിൽ കെ.പി. ഫാത്തിമാബി, മൈലാഞ്ചിക്കൽ ഇബ്രാഹീം കുട്ടി സാഹിബ് ദമ്പതികളുടെ രണ്ടാമത്തെ മകളായി 1925ൽ ജനിച്ചു. മൂത്ത സഹോദരി കെ.പി. മറിയംബി, ഇളയ സഹോദരിമാർ കുഞ്ഞായിശബി, ഖദീജാബി. മൂത്ത സഹോദരിയെ ആയിരുന്നു മൗലാനാ അബ്ദുല്ലാ സാഹിബ് വിവാഹം ചെയ്തിരുന്നത്. ഇവരുടെ വിയോഗത്തെ തുടർന്ന് മാതാപിതാക്കൾ അനുജത്തിയായ കുഞ്ഞാമിന സാഹിബയെ വലിയ മൗലവി സാഹിബിനു വിവാഹം ചെയ്തു കൊടുത്തു.

ജ്യേഷ്ടത്തിയുടെ മകൻ മർഹൂം മഹ്മൂദ് സാഹിബിനെയും സ്വന്തം മൂത്ത മകനായിത്തന്നെയാണ് തന്റെ മൂന്ന് മക്കളോടൊപ്പം വളർത്തി വലുതാക്കിയതും. മർഹൂം മൗലാനാ അബ്ദുല്ലാഹ് സാഹിബിന് ഇവരെ കൂടാതെ മറ്റ് രണ്ട് ഭാര്യമാരും ഉണ്ടായിരുന്നു. ജമാഅത്തിന്റെ ആവശ്യാർത്ഥം നിരന്തരം യാത്രയിൽ ആയിരുന്നതിനാൽ മൗലവി സാഹിബിന് കുടുംബത്തോടൊപ്പം ചെലവഴിക്കാൻ വളരെ കുറച്ചു സമയമേ ലഭിച്ചുള്ളൂ എങ്കിലും മരണം വരെ അവരിൽ നിന്ന് ഇത് സംബന്ധിച്ച് ഒരു അതൃപ്തിയുടെയോ പരാതിയുടെ വാക്കോ ഉയർന്നിരുന്നില്ല. അവരുടെ പിതാവ് നേരത്തെ വഫാത്തായി എങ്കിലും സാമ്പത്തികമായി മോശമല്ലാത്ത കുടുംബം ആയതിനാൽ അവർ തന്നെയാണ് മക്കളെ വളർത്തി വലുതാക്കിയത്.

അതിഥി സൽക്കാരപ്രിയ ആയിരുന്നു. തന്നെ കാണാൻ വരുന്നവർക്ക് വേണ്ടിയും അവരുടെ തലമുറകൾക്ക് വേണ്ടിയും പ്രാർത്ഥിക്കാറുണ്ടായിരുന്നു. അതിൽ മുസ്ലിം എന്നോ അമുസ്ലിം എന്നോ നോക്കിയിരുന്നില്ല. ഒരിക്കൽ ഒരു ഹിന്ദു കുടുംബം വന്നപ്പോൾ പോകുന്നതിനു മുമ്പായി അവരെ ചേർത്ത് നിർത്തി പ്രാർത്ഥിക്കാൻ തുടങ്ങി ഇത് കേട്ടപ്പോൾ മുതിർന്ന ഒരു സ്ത്രീ പുറത്ത് കളിച്ചുകൊണ്ടിരുന്ന തന്റെ മകനെ കൂട്ടി വന്ന് അടുത്ത് നിർത്തി, പ്രാർത്ഥനയുടെ ഫലം അവനും ലഭിക്കണം എന്ന ഉദ്ദേശ്യത്തോടെ. 1984 ൽ പരിശുദ്ധ മക്ക, മദീന സന്ദർശിക്കാനും ഉംറ നിർവഹിക്കാനും അവസരം ലഭിച്ചു. 1996ൽ പേരമക്കളോടൊപ്പം പരിശുദ്ധ ഖാദിയാൻ സന്ദർശിച്ചിരുന്നു. 2008ൽ ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു...) കോഴിക്കോട്ട് വന്നപ്പോൾ മുലാഖാത്തിന് അവസരം ലഭിക്കയും അവിടെ വച്ച് തെക്കെ ഇന്ത്യയിലെ ആദ്യത്തെ മുബല്ലിഗിന്റെ ഭാര്യയാണ് എന്നറിഞ്ഞപ്പോൾ ഹുസൂർ പ്രത്യേകം സ്നേഹ ആദരവ് പ്രകടിപ്പിക്കുകയുമുണ്ടായി. ഖിലാഫത്തിനോട് അങ്ങേയറ്റം കൂറ് പുലർത്തിയിരുന്നു. വഖ്ഫെ സിന്ദഗികളോട് പ്രത്യേകം ആദരവ് പ്രകടിപ്പിച്ചിരുന്നു. പരേതക്ക് അല്ലാഹു മഗ്ഫിറത്ത് നൽകയും തന്റെ ജന്നത്തിൽ ഫിർദൗസിൽ പ്രവേശിക്കുകയും ചെയ്യുമാറാകട്ടെ.

മക്കൾ: മർഹൂം മഹ്മൂദ് സാഹിബ്, കെ.പി. മസൂദ് സാഹിബ് (പഴയങ്ങാടി), റഷീദ അബ്ദുല്ലാ സാഹിബ(കണ്ണൂർ), മർഹൂമ സാഹിദ സാഹിബ

മരുമക്കൾ: മർഹൂം ഡോക്ടർ ബി അബ്ദുല്ല സാഹിബ്, മർഹൂം ബി. കാദിരിക്കോയ സാഹിബ്, ആയിശബി മഹ്മൂദ് സാഹിബ, ബി. സൈനബി മസൂദ് സാഹിബ

*- നാസിയ ഫാത്തിമ*

**അനുസ്മരണം**

# സി സലീം അഹമ്മദ് സാഹിബ്



സി സലീം അഹമ്മദ് സാഹിബ് തന്റെ 84-ാം വയസ്സിൽ 2022 ജനുവരി 28-ാം തീയതി സ്വവസതിയിൽ വച്ച് നിര്യാതനായി. (ഇന്നാലില്ലാഹി.....)

ജീവതത്തിൽ അങ്ങേയറ്റം ആത്മാർത്ഥതയോടെയും വിനയത്തോടെയും അഹ്മദിയ ജമാഅത്തിനു വേണ്ടി സേവനം ചെയ്യുവാനുള്ള മഹാഭാഗ്യം അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. തന്റെ ജീവിതത്തിന്റെ അവസാന പകുതി അദ്ദേഹം ദുബായിലാണ് കഴിച്ചുകൂട്ടിയത്. 1965ൽ ദുബായ് ജമാഅത്തിന് അടിത്തറ പാകുന്നത് മുതൽ നീണ്ട 40 വർഷക്കാലം വിവിധമേഖലകളിൽ ജമാഅത്തിനു വേണ്ടി ത്യാഗനിരതനായി. ആദ്യഘട്ടങ്ങളിൽ ദുബായ് ഷാർജ ഒരുമിച്ച് പ്രവർത്തിച്ചപ്പോൾ സെക്രട്ടറി മാലായും നായിബ് അമീറായും സേവനമനുഷ്ഠിച്ചു. 1989 ൽ ഖലീഫത്തുൽ മസീഹ് നാലാമന്റെ നിർദ്ദേശപ്രകാരം ദുബായ് ഒരു സ്വതന്ത്ര ജമാഅത്തായി മാറുകയും ദുബായ് ജമാഅത്തിന്റെ ഒന്നാമത്തെ സദർ ആയി സേവനം അനുഷ്ഠിക്കാനും തുടർന്ന് നീണ്ട 9 വർഷക്കാലം ആ സ്ഥാനത്ത് തുടരുവാനുള്ള ഭാഗ്യം ലഭിച്ചു. 1972 മുതൽ സ്വവസതിയിൽ ജുമാ നമസ്കാരങ്ങൾക്ക് ഉള്ള സൗകര്യം ചെയ്തു വരുന്നുണ്ടായിരുന്നു. മറ്റുള്ളവരുമായി ബന്ധപ്പെടാനുള്ള സാധ്യതകൾ പരിമിതമായ ആദ്യകാലഘട്ടങ്ങളിൽ പോലും സലീം സാഹിബ് ഖലീഫയുമായുള്ള ബന്ധം കത്ത് മുഖേന നിലനിർത്താൻ പരിശ്രമിച്ചുകൊണ്ടിരുന്നു. ഒരിക്കൽ ഒരു അഹ്മദി സഹോദരൻ ദുബായിൽ നിന്നും റബ്വയിലേക്ക് മടങ്ങിപോകുകയായിരുന്നപ്പോൾ സലീം സാഹിബ് തന്റെ സലാം സന്ദേശം ഹുസൂറിന്, ഹസ്റത്ത് മിർസ നാസിർ അഹ്മദ് സാഹിബ് (റഹ്), മുലാഖാത്തിന് പോകുന്ന അവസരത്തിൽ പറയാനേൽപ്പിച്ചിരുന്നു. കൂടെ ഒരു പേനയും കൊടുത്തയച്ചിരുന്നു. അദ്ദേഹത്തിന്റെ സലാം സന്ദേശം അറിയിക്കുകയുണ്ടായി. അപ്പോൾ ഹുസൂർ തിരുമനസ്സ് പറയുകയുണ്ടായത്രെ, 'ഞാൻ ആ ചെറുപ്പക്കാരനെ കണ്ടിട്ടില്ലെങ്കിലും അവനെക്കുറിച്ച് നല്ല പരിചയമാണ്' എന്ന്. ഏതാനും മാസങ്ങൾക്ക് ശേഷം ഹസ്റത്ത് ഖലീഫത്തുൽ മസീഹിന്റെ കൈപ്പടയോട് കൂടിയ ഒരു കത്ത് സലീം സാഹിബിനെയും തേടിയെത്തി. ഹുസൂർ തിരുമനസ്സ് കത്തിൽ ഇതുകൂടി എഴുതിവെച്ചു, 'ഈ കത്ത് ഞാനെഴുതുന്നത് താങ്കൾ എനിക്ക് സമ്മാനമായി അയച്ച പേന കൊണ്ടാണ്'. നീണ്ട പ്രവാസ ജീവിതം മതിയാക്കി വിശ്രമത്തിനായി തന്റെ നാടായ പഴയങ്ങാടിയിലേക്ക് മടങ്ങിയെങ്കിലും ജമാഅത്തിന് സേവനം ചെയ്യാൻ ആ വിശ്രമ ജീവിതവും ഉപയോഗപ്പെടുത്താൻ കഴിഞ്ഞു. 2007 മുതൽ നീണ്ട 9 വർഷക്കാലം പഴയങ്ങാടി ജമാഅത്തിന്റെ അമീർ ആയി സേവനമനുഷ്ഠിച്ചു. അങ്ങേയറ്റം വിനയാന്വിതനും ഒരു സാധാരണ ജീവിതത്തതിന്റെ ഉടമയുമായിരുന്നു. നമസ്കാരങ്ങളിൽ കൃത്യനിഷ്ഠതയുള്ള ആളും തഹജ്ജുദ് നമസ്കാരം മുടങ്ങാതെ അനുഷ്ഠിക്കുന്ന ആളുമായിരുന്നു. പരേതൻ മൂസി ആയിരുന്നു. അല്ലാഹു അദ്ദേഹത്തിനെ തന്റെ ഇഷ്ട ദാസന്മാരിൽ ഉൾപ്പെടുത്തുമാറാകട്ടെ. ആമീൻ.

ഭാര്യ: മുനീറ സലീം

മക്കൾ: ഡോ. ഗുലാം അഹമ്മദ് (അമീർ ജമാഅത്ത് പഴയങ്ങാടി), കലീം അഹമ്മദ് (നായിബ് സദർ നോർത്ത് വിർജീനിയ ജമാഅത്ത് USA), ജമീൽ അഹമ്മദ് (Middle East), മുനവറ സുൽത്താന (പഴയങ്ങാടി)




എറണാകുളം മസ്ജിദ് ഉമറിൽ സംഘടിപ്പിച്ച എറണാകുളം-ആലപ്പുഴ സംയുക്ത വഖ്ഫെ നൗ ക്യാമ്പിൽ, വഖ്ഫെ നൗ ഇൻചാർജ് ഭാരത് മൗലവി ശമീം അഹ്മദ് ഗോറി സാഹിബ് മുഖ്യപ്രഭാഷണം നടത്തുന്നു. ജില്ലാ അമീർ ടി.കെ. അബൂബക്കർ സാഹിബ്, ജില്ലാ മുബല്ലിഗ് ഇൻ ചാർജ് മൗലവി സി.എൻ. താഹിർ അഹ്മദ് സാഹിബ് എന്നിവർ പ്രസംഗിച്ചു.

Published on 07.03.2022
Pages 44
Vol: 94 Issue. 03
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly



# സത്യദൂതൻ

## 97 –ാം വർഷത്തിലേക്ക്

# സത്യദൂതൻ: വരിസംഖ്യ അയക്കാൻ പുതിയ സംവിധാനം

ബഹുമാന്യരെ, 1925 ൽ ആരംഭിച്ച സത്യദൂതൻ ഒരു നൂറ്റാണ്ട് പൂർത്തിയാക്കാൻ ഇനി മൂന്ന് വർഷം മാത്രമാണ് അവശേഷിക്കുന്നത്. മലയാള പൊതുസാഹിത്യ മണ്ഡലത്തിൽ തന്നെ സത്യദൂതനോളം പഴക്കമുള്ള മാസിക അപൂർവ്വമാണ്. സത്യദൂതന് മാത്രം സ്വന്തമായ ചരിത്രപൈതൃകം!! അൽഹംദുലില്ലാഹ്

സത്യദൂതന്റെ പുതുവർഷത്തേക്കുള്ള വരിസംഖ്യയും, കുടിശ്ശികയും വായനക്കാർക്ക് നേരിട്ട് നൽകാൻ ഇപ്പോൾ സാദ്ധ്യമാവും. **QR code** വഴി **G Pay, Phone Pe, Paytm** എന്നീ ആപ്പുകൾ ഉപയോഗിക്കാം. മെസ്സേജിൽ വരിക്കാരുടെ നമ്പറും (Subscription No.) ഫോൺ നമ്പറും എഴുതണം. പണം അയച്ചു കഴിഞ്ഞാൽ അതിന്റെ സ്ക്രീൻ ഷോർട്ട് താഴെ കൊടുത്ത അതേ നമ്പറിൽ തന്നെ വാട്സ് ആപ് ചെയ്യാൻ മറക്കരുത്. ലൈബ്രറികളിലേക്കും വായനാശാലകളിലേക്കും അയക്കാൻ താൽപര്യമുള്ളവർ ഒന്നോ, രണ്ടോ അതിലധികമോ കോപ്പികൾ സ്പോൺസർചെയ്യാനും അഭ്യർത്ഥിക്കുന്നു. രശീതി ഉടൻതന്നെ അയച്ചു തരുന്നതാണ്. പ്രാർത്ഥനയോടെ പൂർണ്ണ സഹകരണം പ്രതീക്ഷിക്കുന്നു.

**Phone No: 9447086862 (G. Pay)**

വാർഷിക വരിസംഖ്യ 300 രൂപ.

മാനേജർ, സത്യദൂതൻ
മസ്ജിദ് ഉമർ, സെന്റ് ബെനഡിക്ട് റോഡ്
എറണാകുളം.

ISLAM INTERNATIONAL PUBLICATIONS

Scan and pay with any BHIM UPI app

G Pay PhonePe Paytm

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim